TAB

# TRICHUR ARCHDIOCESAN BULLETIN

2022 ജൂലൈ വാല്യം: 89 ലക്കം: 07





**ജൂലൈ 25ന്**

**നാമഹേതു തിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ**

## മാർ ജേക്കബ് തൂങ്കുഴി പിതാവിന്

**തൃശൂർ അതിരൂപതയുടെ പ്രാർഥനാശംസകൾ**




Trichur Archdiocesan Bulletin TAB
ESTD: 1934

**ജൂലൈ 2022**

ലക്കം: 07 വാല്യം: 89

Imprimatur
(*Sd*)
**Mar Andrews Thazhath**
*Archbishop of Trichur*

*Chief Editor*
Fr. Francis Aloor

*Executive Editor*
Fr. Daijo Poruthur

*Design*
smritidesign.com

*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
*Email:* curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org



ഇടയലേഖനം 4
കച്ചേരിക്കാര്യം 22
അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ 28
സഹായമെത്രാന്റെ പരിപാടികൾ 29
നാളാഗമം 30
നാമകരണ നടപടികൾ 36
വൈദികർ 40
സന്യസ്തർ 44
അതിരൂപത തീർഥകേന്ദ്രം 50
സാമ്പത്തിക കാര്യാലയം 51
മതബോധനം 57
സ്ഥാപനങ്ങൾ 61
സംഘടനകൾ 79
പാസ്റ്റർ കൗൺസിൽ 105

# ഇടയലേഖനം

## മാർ ആൻഡ്രൂസ് താഴത്ത്

| | |
|---|---|
| 1236/2022 / 16.06.2022 | PL- 2 |

മിശിഹായിൽ പ്രിയ വൈദികരെ, സമർപ്പിതരെ, പ്രിയ
സഹോദരി സഹോദരന്മാരെ, വത്സല മക്കളെ,

ഭാരതത്തിന്റെ അപ്പസ്തോലനായ മാർ
തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950 –ാം
വർഷ മഹാജൂബിലി 2022 ജൂലൈ മൂന്നാം തീയതി മാർ
തോമാശ്ലീഹാ സ്ഥാപിച്ച പാലയൂർ പള്ളിയിൽവച്ച് നാം
ആഘോഷിക്കുകയാണ്. വിശ്വാസത്തിൽ നമ്മുടെ
പിതാവായ തോമ്മാശ്ലീഹായുടെ രക്തംകൊണ്ട്
മുദ്രവയ്ക്കപ്പെട്ട വിശ്വാസസാക്ഷ്യത്തിന്റെ ജൂബിലിയാ
ഘോഷിച്ചുകൊണ്ടാണ് കേരളസഭ ലക്ഷ്യം വച്ചിരി
ക്കുന്ന സഭാനവീകരണത്തിന് നമ്മുടെ അതിരൂപത
നാന്ദികുറിക്കുന്നത്. ഈശോമിശിഹായിലും അവി
ടുത്തെ കത്തോലിക്കാ സഭയിലും സീറോ മലബാർ
സഭയുടെ മാർത്തോമ്മാ പൈതൃകത്തിലും അടിയുറ
ച്ചുകൊണ്ട് സഭ ഇന്ന് നേരിടുന്ന പലതരത്തിലുള്ള
വെല്ലുവിളികളെ തരണം ചെയ്യാൻ ഈ ജൂബിലി നമ്മെ
സഹായിക്കും. 2023ൽ ആഗോളസഭയിൽ മാർപ്പാപ്പാ
വിളിച്ചുചേർക്കുന്ന സിനഡാത്മകതയെക്കുറിച്ചുള്ള
സിനഡിന്റെ പശ്ചാത്തലത്തിൽ, ശ്ലീഹായുടെ രക്തസാ
ക്ഷിത്വത്തിൽ നിന്ന് ഊർജ്ജം സ്വീകരിച്ച് ക്രിസ്തുവി
നോടും അവിടുത്തെ സഭയിലെ എല്ലാവിഭാഗത്തിൽ

പെട്ടവരോടും, പ്രത്യേകിച്ച് ദരിദ്രരോടും അവഗണിക്കപ്പെട്ടവരോടും കൂടെ, രക്ഷയിലേക്ക് ഒന്നുചേർന്ന് നടന്നടുക്കാൻ ഈ വിശുദ്ധ ജൂബിലിവത്സരം (ലേവ്യർ 25) നമുക്ക് ഊർജ്ജം പകരട്ടെ. മാർപ്പാപ്പാ ഈയിടെ വിശുദ്ധനായി നാമകരണം ചെയ്ത ഭാരതത്തിലെ പ്രഥമ അത്മായ രക്തസാക്ഷി വി. ദേവസഹായം പിള്ളയുടെ വിശ്വാസതീക്ഷ്ണതയും മാദ്ധ്യസ്ഥ്യവും നമുക്ക് കരുത്തേകട്ടെ.

ലോകമെങ്ങും പോയി സുവിശേഷം പ്രഘോഷിക്കുവാനും വിശ്വസിക്കുന്നവർക്ക് ജ്ഞാനസ്നാനം നൽകാനും (മത്താ. 28:19–20; മർക്കോ. 16:15) പരിശുദ്ധാത്മാവിനാൽ ശക്തി പ്രാപിച്ച് ലോകത്തിന്റെ അതിർത്തികൾവരെ സാക്ഷ്യം വഹിക്കാനും (അപ്പ. 1:8) യേശു നൽകിയ കല്പനയനുസരിച്ച് എ.ഡി. 52ൽ തോമാശ്ലീഹാ കൊടുങ്ങല്ലൂരിലെത്തി. കൊടുങ്ങല്ലൂർ, പാലയൂർ, കോട്ടക്കാവ് (പറവൂർ), കോക്കമംഗലം, നിരണം, നിലയ്ക്കൽ (ചായൽ), കൊല്ലം, തിരുവങ്കോട് (ഏഴരപള്ളികൾ) എന്നിവിടങ്ങളിലെ പ്രേഷിതപ്രവർത്തനങ്ങൾക്ക് ശേഷം എ.ഡി. 72 ജൂലൈ 3ന് മൈലാപ്പൂരിലെ ചിന്നമലയിൽ വച്ച് തോമാശ്ലീഹാ രക്തസാക്ഷിത്വം വരിച്ചു. ക്രിസ്തു നൽകിയ പ്രേഷിതദൗത്യം തോമാശ്ലീഹാ ഏറ്റെടുത്തതുപോലെ ഈ കാലഘട്ടത്തിൽ നമ്മെ ഏൽപിച്ചിരിക്കുന്ന പ്രേഷിത മേഖലകളെ വിശ്വാസധീരതയോടെ ഏറ്റെടുക്കാൻ തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വം നമ്മെ ഓർമ്മപ്പെടുത്തുന്നു. തൃശ്ശൂർ ജില്ല ഭാരതക്രൈസ്തവസഭയുടെ ഈറ്റില്ലമാണ്. പാലയൂരിൽ വച്ച് നടക്കുന്ന ജൂബിലി ആഘോഷം വിശ്വാസപ്രഖ്യാപനത്തിന്റെ അവസരമായി നമുക്ക് മാറ്റാം. വിശ്വാസജീവിതത്തെ വളർത്താനും നമ്മുടെ കുടുംബത്തിലും അതിരൂപതയിലും സഭയിലുമുള്ള നമ്മുടെ കൂട്ടായ്മയെ ബലപ്പെടുത്താനും പ്രേഷിതദൗത്യം ഫലപ്രദമായി നിർവഹിക്കാനും ഈ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന ജൂബിലി പരിപാടികളിൽ സജീവമായി പങ്കാളികളാകാൻ ഏവരേയും ആഹ്വാനം ചെയ്യുന്നു.

സഭയും കുടുംബങ്ങളും സഭാസംവിധാനങ്ങളും പലതരത്തിലുള്ള വെല്ലുവിളികൾ ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്ന കാലഘട്ടമാണല്ലോ. സഭയ്ക്ക് അകത്തുനിന്നും പുറത്തുനിന്നും വെല്ലുവിളികൾ ഉയരുന്നുണ്ട്. മാർ തോമാശ്ലീഹായുടെ ജീവിതത്തിൽ കാണുന്ന മനോഭാവങ്ങൾ ഇന്നിന്റെ വെല്ലുവിളികളെ തരണം ചെയ്യാൻ നമുക്ക് സഹായകരമാണ്. ഈ മനോഭാവങ്ങൾ സംക്ഷിപ്തമായി താഴെ ചേർക്കുന്നു.

**(1) വിളിച്ചവനോട് വിശ്വസ്തനായിരിക്കുക**

ദൈവിക പദ്ധതിയിൽ (ജറെ. 29:11) യേശുവിനാൽ ഇഷ്ടപ്പെട്ട് അവിടുത്തെ കൂടെയായിരിക്കാനും (ശിഷ്യൻ) അയക്കപ്പെടാനു(ശ്ലീഹ/അപ്പസ്തോലൻ)മായി തോമാശ്ലീഹായും മറ്റു ശിഷ്യരും വിളിക്കപ്പെട്ടു

(മാർക്കോ. 3:13–14). വിളിച്ചവനോട് നൂറ് ശതമാനവും വിശ്വസ്തനായാണ് തോമാശ്ലീഹ തന്റെ പ്രേഷിതദൗത്യം നിർവ്വഹിച്ചത്. താൻ ചെന്നിടത്തെല്ലാം മറ്റുള്ളവർക്ക് യേശുവിനെ കാണിച്ചുകൊടുക്കുന്നവനായിരുന്നു ദീദിമോസ് (ഇരട്ടപിറന്നവനായ) എന്ന തോമാശ്ലീഹാ (യോഹ. 11:16; 20:24). അതിനാൽ നമുക്ക് ലഭിച്ചിരിക്കുന്ന വിളിയും നിയോഗവുമനുസരിച്ച് (1 കൊറി. 7:17) പ്രവർത്തിക്കാൻ നമുക്കും പരിശ്രമിക്കാം.

**(2) മാർഗ്ഗവാസിയും മാർഗ്ഗക്കാരനുമാകുക**

ഇഹലോകത്തിലെ ദൗത്യത്തിനുശേഷം പിതാവിന്റെ പക്കലേയ്ക്ക് പോവുകയാണെന്ന് യേശു പറഞ്ഞപ്പോൾ തോമാശ്ലീഹാ ചോദിച്ച ചോദ്യം, മനുഷ്യന്റെ ജീവിതലക്ഷ്യത്തെ കുറിച്ച് വ്യക്തമായി പഠിപ്പിക്കുന്നതിന് യേശുവിന് പ്രേരകമായി. യേശു പറഞ്ഞു: "ഞാനാകുന്നു വഴിയും സത്യവും ജീവനും. ഞാൻ വഴിയല്ലാതെ ആരും പിതാവിന്റെ പക്കലെത്തുന്നില്ല" (യോഹ. 14: 6). പിതാവിന്റെ ഭവനമാകുന്ന സ്വർഗ്ഗമാണ് ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട (ഉൽപ. 1:26) മനുഷ്യന്റെ ജീവിതലക്ഷ്യമെന്നും അതിനുള്ള മാർഗ്ഗം സത്യവും ജീവനുമായ യേശുതന്നെയാണെന്നും അവിടുന്ന് അസന്നിഗ്ധമായി പഠിപ്പിച്ചു. അതുകൊണ്ട് തോമാശ്ലീഹാ യേശുവാകുന്ന മാർഗ്ഗത്തിൽ വസിക്കാനും ചരിക്കാനും തന്റെ അനുയായികളെ പഠിപ്പിച്ചു. അതാണ് മാർതോമാക്രിസ്ത്യാനികളെ മാർഗ്ഗവാസികളെന്നും മാർഗ്ഗക്കാരെന്നും വിളിച്ചിരുന്നതിന്റെ അർത്ഥം. മാർ തോമാശ്ലീഹാ പഠിപ്പിച്ച യേശുക്രിസ്തു ഏകരക്ഷകനാണ് എന്ന സത്യം ഏറ്റുപറയുവാനുള്ള അവസരമാണ് ഈ ജൂബിലി.

**(3) പ്രേഷിത ദൗത്യം – ഏതൊരു ക്രൈസ്തവന്റെയും പ്രഥമ ദൗത്യം**

മാർ തോമാശ്ലീഹാ ഭാരതത്തിലെത്തിയത് ക്രിസ്തു നൽകിയ സുവിശേഷം ലോകമെങ്ങും പോയി പ്രസംഗിക്കാനും വിശ്വസിക്കുന്നവർക്ക് ജ്ഞാനസ്നാനം നൽകാനും (മത്താ. 28:19–20; മർക്കോ. 16:15) പരിശുദ്ധാത്മാവിനാൽ ശക്തിപ്രാപിച്ച് ശ്ലീഹന്മാരായി (അപ്പ. 2:4; യോഹ. 20:21–22) ലോകത്തിന്റെ അതിർത്തികൾ വരെ സാക്ഷ്യം വഹിക്കാനുമുള്ള (അപ്പ. 1:8) ക്രിസ്തുവിന്റെ കൽപ്പനയുടെ അടിസ്ഥാനത്തിലാണ്. തോമാശ്ലീഹായെപ്പോലെ യേശുവിന്റെ കല്പനയനുസരിച്ച് ഭാരതത്തിലെ ഇന്നത്തെ പ്രേഷിതർ നാമോരോരുത്തരുമാണ്.

**(4) വിശ്വാസത്തിനുവേണ്ടി ത്യാഗം ചെയ്യാൻ (മരിക്കാൻ പോലും) തയ്യാറാകുക:** ലാസറിന്റെ മരണത്തിന്റെ പശ്ചാത്തലത്തിൽ ബഥാനിയായിലേയ്ക്ക് പോകാൻ തയ്യാറെടുത്ത യേശുവിനെ മറ്റു ശിഷ്യൻമാർ തടഞ്ഞു. കാരണം, യേശുവിനെ വധിക്കാൻ പദ്ധതികളുണ്ടെന്ന് അവർ

കേട്ടിരുന്നു. എന്നാൽ തോമാശ്ലീഹ അവരോടു പറഞ്ഞു: "നമുക്കും അവ നോടുകൂടെ പോയി മരിക്കാം" (യോഹ. 11:16). ക്രൈസ്തവവിശ്വാസത്തെ നശിപ്പിക്കാനും സഭയെ തകർക്കാനും പൗരോഹിത്യവും സന്യാസവും ഇല്ലാതാക്കാനും മറ്റുമുള്ള പരിശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ യേശുവിനോട് വിശ്വസ്തനായിരുന്ന തോമാശ്ലീഹായുടെ മാതൃക നമുക്ക് പ്രചോദനമാകണം.

**(5) യേശു കർത്താവും ദൈവവുമാണെന്ന വിശ്വാസം ധീരതയോടെ ഏറ്റുപറയുക:** യോഹന്നാന്റെ സുവിശേഷത്തിലെ ഇരുപതാം അധ്യായത്തിൽ (19–29 വാക്യങ്ങൾ) കാണുന്ന തോമാശ്ലീഹയ്ക്കുണ്ടായ സംശയം യേശുവിന്റെ ഉത്ഥാനത്തിനുള്ള തെളിവായി മാറി. മറ്റ് ശിഷ്യൻമാർ ഉത്ഥിതനായ യേശുവിനെ കണ്ടതുപോലെ തോമാശ്ലീഹായ്ക്കും ഉത്ഥിതനായ യേശുവിനെ കാണാൻ ആഗ്രഹമുണ്ടായി. അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കാൻ പറഞ്ഞ് യേശു തന്റെ കൈകാലുകളിലെ ആണി പഴുതുകളും മുറിവേറ്റ വിലാവും കാണിച്ചപ്പോൾ, ആദിമ സഭയുടെ ഏറ്റവും വലിയ വിശ്വാസ പ്രഖ്യാപനം തോമാശ്ലീഹ നടത്തി. *മാർ വാലാഹ്* അഥവാ എന്റെ കർത്താവേ, എന്റെ ദൈവമേ! (യോഹ. 20:28). മനുഷ്യനായി അവതരിച്ച കർത്താവായ ഈശോ സത്യത്തിൽ ദൈവമാണെന്ന് തോമാശ്ലീഹ പ്രഖ്യാപിക്കുകയായിരുന്നു. ഈ ജൂബിലിയുടെ അവസരം തോമാശ്ലീഹായോടൊപ്പം നമുക്കും വിശ്വാസ പ്രഖ്യാപനത്തിന്റെ അവസരമാണ്.

**(6) യേശു കൂടെയുണ്ടെന്ന ബോധ്യം പ്രേഷിതത്വത്തിന്റെ ചാലകശക്തി:** മാർഗ്ഗംകളിപ്പാട്ടിലും അപ്രമാണിക രേഖയായ തോമായുടെ നടപടി പുസ്തകത്തിലും പറയുന്നതനുസരിച്ച് യേശുവിന്റെ അപ്പസ്തോലന്മാർ ജറുസലേമിൽ ഒരുമിച്ചു കൂടി ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് പ്രേക്ഷിതപ്രവർത്തനത്തിനായി പോകാൻ സ്ഥലങ്ങൾ തിരഞ്ഞെടുക്കാൻ കുറിയിട്ടു. തോമാശ്ലീഹായ്ക്ക് ഭാരതത്തിലേക്ക് പ്രേഷിതദൗത്യവുമായി പോകാൻ കുറി കിട്ടി. തന്റെ അനാരോഗ്യവും യഹൂദൻ എന്ന നിലയിൽ വിജാതീയരുടെ ഇടയിലേക്ക് പോകാനുള്ള ഭയവും പ്രകടിപ്പിക്കുകയും പോകാൻ മടികാണിക്കുകയും ചെയ്തു. അപ്പോൾ യേശു തോമായോട് അവൻ എവിടെപ്പോയാലും താൻ കൂടെയുണ്ടാകുമെന്ന് ഉറപ്പുകൊടുത്തു. ഈ ധൈര്യത്തിലാണ് തോമാശ്ലീഹാ ഇറങ്ങിത്തിരിച്ചത്. യുഗാന്ത്യംവരെ ഞാൻ നിങ്ങളോടു കൂടെ ഉണ്ടായിരിക്കും (മത്താ. 28:20) എന്ന യേശുവിന്റെ വാക്കുകൾ ഇന്നും നമുക്ക് ധൈര്യം പകരുന്നതാണ്.

**(7) ജീവകാരുണ്യം ദൈവകാരുണ്യം:** തോമായുടെ നടപടി

പുസ്തകത്തിൽ വായിക്കുന്നതുപോലെ, ഗുണ്ടഫർ രാജാവിന്റെ കൊട്ടാരനിർമ്മിതിക്കായി ഹാബാന്റെ കൂടെ ഇറങ്ങിതിരിച്ച തോമാശ്ലീഹ രാജാവിന്റെ കയ്യിൽനിന്നും വലിയ തുക കൈപ്പറ്റി. കൊട്ടാരത്തിനു പകരം ഈ പണം പാവങ്ങൾക്കും രോഗികൾക്കും നൽകിക്കൊണ്ട് ജീവകാരുണ്യ പ്രവർത്തനങ്ങളാണ് അദ്ദേഹം നടത്തിയത്. ഇതറിഞ്ഞ ചക്രവർത്തി തോമാശ്ലീഹായെ തടവിലാക്കി. ചക്രവർത്തിയുടെ മരിച്ചുപോയ സഹോദരൻ ഗാദ് സ്വർഗ്ഗത്തിൽ രാജാവിനായി തോമാശ്ലീഹ നിർമ്മിച്ച മനോഹരമായ കൊട്ടാരത്തെക്കുറിച്ച് അദ്ദേഹത്തിന് ദർശനത്തിൽ വെളിപ്പെടുത്തി. എളിയവരിൽ ദൈവത്തെ കണ്ടുകൊണ്ടുള്ള തോമാശ്ലീഹായുടെ ജീവകാരുണ്യത്തിന്റെ മനോഭാവമാണ് ഇത് വെളിപ്പെടുത്തുന്നത്. പാവപ്പെട്ടവരെ സഹായിക്കാൻ യേശു പഠിപ്പിച്ചതുപോലെ തോമാ ശ്ലീഹായും നമുക്ക് മാർഗ്ഗദർശനം നൽകുന്നു.

**(8) മരിയ ഭക്തനായ തോമാശ്ലീഹ:** പാരമ്പര്യമനുസരിച്ച് മറിയത്തിന്റെ മരണത്തിനുശേഷം ജറുസലെമിലെത്തിയ തോമാശ്ലീഹ മറിയത്തിന്റെ സ്വർഗ്ഗാരോപണത്തിന് സാക്ഷിയായി. യേശുവിന്റെ അമ്മയോട് പ്രത്യേക ഭക്തിയുണ്ടായിരുന്ന തോമാശ്ലീഹ, വി. ലൂക്കാ വരച്ച മറിയ ത്തിന്റെ ചിത്രം കേരളത്തിലേയ്ക്ക് കൊണ്ടുവന്നതായും പാരമ്പര്യമുണ്ട്. കേരളത്തിലെ പുരാതന പള്ളികൾ മറിയത്തിന്റെ നാമത്തിലുള്ളവയാ യിരുന്നു. മരിയ ഭക്തി മാർതോമാ മക്കളുടെ സവിശേഷതയാണ്.

## മഹാജൂബിലി സഭാ നവീകരണത്തിന്

സഭ ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം (എഫേ. 2:20–22) എന്ന മുദ്രാവാക്യവുമായി കേരളസഭ നവീകരണ കാലഘട്ടത്തിലേയ്ക്ക് (2022–2025) പ്രവേശിച്ചിരിക്കുകയാണ്. വെല്ലു വിളികൾ നേരിട്ടുകൊണ്ടിരിക്കുന്ന സഭയെ നവീകരിക്കാൻ മാർ തോമാശ്ലീഹായുടെ മാധ്യസ്ഥതയിൽ കേരളസഭയുടെ ഈ നവീക ണയജ്ഞം പ്രചോദകമാകണം. കെ. സി. ബി. സി. ആഹ്വാനം ചെയ്തി രിക്കുന്ന നവീകരണ പദ്ധതികളോട് സഹകരിച്ച്, ഗാർഹിക സഭയായ കുടുംബം, കുടുംബകൂട്ടായ്മ, വൈദിക–സമർപ്പിത സമൂഹം, ഇടവക തുടങ്ങിയവയെ ശാക്തീകരിക്കാൻ ഞാൻ ആഹ്വാനം ചെയ്യുന്നു. 'സഭ എന്റെ കുടുംബം' എന്ന ചിന്തയോടെ സഭയോട് ചേർന്ന് പ്രവർത്തി ക്കുക എന്നത് നമ്മുടെ ശൈലിയാകണം. മിഷൻപ്രവർത്തനങ്ങൾക്ക് ഊന്നൽ കൊടുക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. അതി നാൽ നാം ആചരിക്കുന്ന ജൂബിലി സഭാ നവീകരണത്തിന്റെ അവസ രമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950–ാം വർഷ ജൂബിലി ആഘോഷത്തിന്റെ വിശദവിവരങ്ങൾ സർക്കുലർവഴി അറിയിച്ചതുപോലെ കർമ്മപരിപാടികൾ പ്രവർത്തിപഥത്തിലാക്കാൻ ആഹ്വാനം ചെയ്യുന്നു.

വിശ്വാസത്തിന്റെ ആഘോഷമായ ജൂലൈ 3 ലെ ജൂബിലി പരിപാടികളിൽ പങ്കെടുത്ത് പരി. സിംഹാസനം കൽപ്പിച്ചരുളിയ ദണ്ഡവിമോചനം പ്രാപിക്കാനും ഈ വർഷത്തെ മറ്റു പരിപാടികൾ വിജയിപ്പിക്കാനും നിങ്ങളെ ഏവരെയും ക്ഷണിക്കുന്നു. വി. തോമാശ്ലീഹായുടെ മാധ്യസ്ഥ്യം നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!

യേശുവിൽ സ്നേഹപൂർവ്വം,



**മാർ ആൻഡ്രൂസ് താഴത്ത്**
തൃശൂർ അതിരൂപത മെത്രാപ്പോലീത്ത

---

NB: ഈ ഇടയലേഖനം 26/6/2022 ഞായറാഴ്ച പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.
+AT

# സർക്കുലർ

## മാർ ആൻഡ്രൂസ് താഴത്ത്

1201/2022 / 08.06.2022 C- 7

**മാർതോമ്മാശ്ലീഹായുടെ**
**രക്തസാക്ഷിത്വത്തിന്റെ 1950–ാം വർഷാചരണം**

പ്രിയ ബഹു. വൈദികരെ, സമർപ്പിതരെ, പ്രിയ സഹോദരീസഹോദരൻമാരെ, വത്സലമക്കളെ,

നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950–ാം വാർഷികമാണല്ലോ 2022 ജൂലൈ 3. യേശുവിന്റെ അപ്പസ്തോലനും വിശ്വാസത്തിൽ നമ്മുടെ പിതാവുമായ തോമാശ്ലീഹായുടെ രക്തസാക്ഷിത്വവാർഷികം ആഘോഷിക്കുകയെന്നത് നമുക്ക് എത്രയോ അഭിമാനകരമാണ്.

അതിരൂപത ആലോചനസമിതിയുടെയും ഫൊറോനവികാരിമാരുടെയും സംഘടന–പ്രസ്ഥാന ഡയറക്ടർമാരുടെയും മേജർ സുപ്പീരിയർമാരുടെയും സംഘടനാ ഭാരവാഹികളുടെയും മീറ്റിംഗുകളിൽ ഇക്കാര്യം വിശദമായി ചർച്ച ചെയ്യുകയും വിവിധ കമ്മറ്റികൾ രൂപീകരിക്കുകയും നടപ്പിലാക്കേണ്ട കർമ്മപരിപാടികൾക്ക് രൂപം നൽകുകയും ചെയ്തിട്ടുണ്ട്.

2022 ജൂലൈ 3ന് പാലയൂരിൽ വച്ച് നടക്കുന്ന ജൂബിലി ആഘോഷത്തിൽ അപ്പസ്തോലിക് നുൺ ഷ്യോയും മേജർ ആർച്ച്ബിഷപ്പും അഭിവന്ദ്യപിതാക്കന്മാരും മറ്റ് വിശിഷ്ടാതിഥികളും പങ്കെടുക്കുന്നതായിരിക്കും. ഈ ജൂബിലി ആഘോഷത്തിൽ നമ്മുടെ അതിരൂപതയിലെ എല്ലാ വൈദികരും സന്യസ്തരും വിശ്വാസികളും സഹകരിക്കണമെന്നും പങ്കെടുക്കണമെന്നും അഭ്യർത്ഥിക്കുന്നു.

**I. രക്തസാക്ഷിത്വ ജൂബിലിയോടനുബന്ധിച്ച് ജൂലൈ 3നും അതിനോടനുബന്ധിച്ചുള്ള ദിവസങ്ങളിലും നടപ്പിലാക്കേണ്ട കാര്യങ്ങൾ:**

1. ജൂൺ 25 ശനിയാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും സന്യാസഭവനങ്ങളിലും സാധിക്കുന്ന എല്ലാ ഭവനങ്ങളിലും പേപ്പൽ പതാക ഉയർത്തുക (ജൂലൈ 3 വരെ).
2. മാർ തോമാശ്ലീഹായുടെ ഛായാചിത്രം/രൂപം എഴുന്നള്ളിച്ചു വച്ച് ജൂൺ 25 മുതൽ ജൂലൈ 3 വരെ നൊവേന എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും സന്യാസഭവനങ്ങളിലും വീടുകളിലും ചൊല്ലുക (നൊവേന പ്രാർത്ഥന Whatsapp വഴി അയയ്ക്കുന്നതായിരിക്കും. ദേവാലയ പ്രാർത്ഥനകളിലെ തോമാശ്ലീഹായുടെ നൊവേനയും ഉപയോഗിക്കാവുന്നതാണ്).
3. വിവിധ സംഘടനകളുടെ ആഭിമുഖ്യത്തിൽ മൈലാപ്പൂരിലെ വി. തോമാശ്ലീഹായുടെ കബറിടത്തിൽ നിന്ന് ദീപശിഖയും മണ്ണും, അഴിക്കോടു നിന്ന് തോമാശ്ലീഹായുടെ ഛായചിത്രവും, മലയാറ്റൂരിൽ നിന്ന് പതാകയും കൊണ്ടുവന്ന് അതിരൂപതയിലെ വിവിധ മേഖലകളിലൂടെ പ്രയാണം നടത്തി ജൂലൈ 2–ാം തിയ്യതി വൈകിട്ട് 5 മണിക്ക് ചാവക്കാട് സെന്ററിൽ സ്വീകരിക്കുന്നു. തുടർന്ന് പാലയൂർ പള്ളിയിലേക്ക് പ്രദക്ഷിണമായി കൊണ്ടുവരുന്നു. പ്രയാണത്തെ കുറിച്ചുള്ള മറ്റു വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.
4. ജൂലൈ 1 വെള്ളി – എല്ലാ പള്ളികളിലും തിരുമണിക്കൂർ നടത്തുന്നു.
5. ജൂലൈ 3 ഞായർ രാവിലെ എല്ലാ ഇടവകകളിലും മുഖ്യകുർബാനക്കുശേഷം തോമാശ്ലീഹായുടെ നൊവേനയും നേർച്ച വിതരണവും സാധിക്കുമെങ്കിൽ പള്ളിചുറ്റി പ്രദക്ഷിണവും നടത്തുക.
6. ജൂലൈ 3 ഞായർ കുട്ടികളുടെ കുർബാനക്കുശേഷം തോമാശ്ലീഹായുടെ ഛായാചിത്രം/രൂപവുമായി മതബോധനവിദ്യാർത്ഥികളുടെയും അധ്യാപകരുടെയും വിശ്വാസറാലി, പ്രസംഗമത്സരം എന്നിവ നടത്തുക (അന്നേ ദിവസം സാധിക്കുകയില്ലെങ്കിൽ മറ്റൊരു ദിവസം നടത്തുക).
7. ജൂലൈ 3 ഞായർ ഉച്ചകഴിഞ്ഞ് 2:30ന് പാലയൂരിൽ വിശിഷ്ടാതിഥികൾക്ക് സ്വീകരണം. തുടർന്ന് ആഘോഷമായി ദിവ്യബലി, പൊതു

സമ്മേളനം എന്നിവ ഉണ്ടായിരിക്കും.

8. എല്ലാ വൈദികർക്കും സന്യസ്തർക്കും അത്മായവിശ്വാസികൾക്കും ഈ പരിപാടികളിൽ സംബന്ധിക്കുവാൻ സൗകര്യമുണ്ടാക്കുന്നതിന്, നേരത്തേ അറിയിച്ചിരുന്നതുപോലെ, അന്നേദിവസം (ജൂലൈ 3) ഉച്ചകഴിഞ്ഞ് ഇടവകപള്ളികളിലും സ്ഥാപനങ്ങളിലും മറ്റു പരിപാടികൾ ഒഴിവാക്കണം.
9. ജൂലൈ 3ന് പാലയൂരിലെ തിരുകർമ്മങ്ങളിൽ പങ്കെടുക്കുന്നവർക്ക് പരി. സിംഹാസനത്തിൽ നിന്നുള്ള (അപ്പസ്തോലിക് പെനിറ്റൻഷ്യറി, Prot. No. 962/16/1, 2016 October 31) കല്പനപ്രകാരം ദണ്ഡവിമോചനം ലഭിക്കുന്നതാണ്.
10. പാലയൂരിലെ വി. കുർബാനയിലും പൊതുസമ്മേളനത്തിലും താഴെ പറയുന്നവർ സംബന്ധിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യുവാൻ ബഹു. വികാരിയച്ചന്മാരും മറ്റു ബന്ധപ്പെട്ടവരും ശ്രദ്ധിക്കുമല്ലോ.
    a. അതിരൂപതയിലെ വൈദികർ– സന്യാസവൈദികരുൾപ്പെടെ (വൈദികർ കാപ്പ കൊണ്ടുവരണം).
    b. സെമിനാരി വിദ്യാർത്ഥികൾ, സന്യാസാർത്ഥികൾ, സന്യാസഭവനങ്ങളിൽ നിന്ന് 2 പേർ വീതം.
    c. ഇടവക കൈക്കാരന്മാർ, പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, പ്രതിനിധിയോഗ സെക്രട്ടറി, തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധിയോഗാംഗങ്ങൾ, ഏകോപനസമിതി കൺവീനർ, കുടുംബകൂട്ടായ്മ കേന്ദ്രസമിതി കൺവീനർ, വേദപാഠപ്രധാന അധ്യാപകൻ (HM), സന്യാസഭവനങ്ങളിലെ സുപ്പീരിയർമാർ (അതിനുവേണ്ട വാഹനസൗകര്യം പള്ളിയിൽ നിന്നും ഏർപ്പെടുത്തണം).
    d. ഇടവകയിലെ കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ, ഇടവകയിലെ എല്ലാ കുടുംബകൂട്ടായ്മകളിൽ നിന്നുമുള്ള പ്രസിഡന്റുമാർ.
    e. സാധിക്കുന്ന ഭക്തസംഘടനാംഗങ്ങളും പ്രസ്ഥാനാംഗങ്ങളും അവരുടെ യൂണിഫോമിൽ വരണം.
    f. മതാധ്യാപകരും സാധിക്കുന്ന 11, 12, എസിസി വിദ്യാർത്ഥികളും പി. ടി. എ. ഭാരവാഹികളും പങ്കെടുക്കണം.

ബഹു. വികാരിയച്ചന്മാരും ബന്ധപ്പെട്ടവരും എല്ലാ കാര്യങ്ങൾക്കും നേതൃത്വം നൽകി, ജൂലൈ 3ന് പാലയൂരിൽ നടക്കുന്ന മഹാജൂബിലി വർഷ ആഘോഷചടങ്ങുകൾ വിജയിപ്പിക്കാൻ സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**II. രക്തസാക്ഷിത്വ ജൂബിലിയോടനുബന്ധിച്ച് 2022 ഡിസംബർ 31 വരെ നടത്തേണ്ട മറ്റു കർമ്മപരിപാടികൾ:**

1. എല്ലാ ഇടവകകളിലും കുടുംബകൂട്ടായ്മകളിൽ 2022 ഡിസംബർ 31 വരെ ദിവ്യബലി അർപ്പിക്കുന്നതിന് അനുവാദം ഉണ്ടായിരിക്കും (നിർദ്ദേശങ്ങൾ അന്യത്ര കൊടുത്തിട്ടുണ്ട്).
2. കെ. സി. ബി. സി. പ്രഖ്യാപിച്ച സഭാനവീകരണകാലഘട്ടത്തിലെ പദ്ധതികളോട് സഹകരിച്ച് (സഭാനവീകരണം 2022–2025) വിവിധ മേഖലകളിലും തലങ്ങളിലും നവീകരണയത്ന പരിപാടികൾ സംഘടിപ്പിക്കുക. ഇതിനായി വിശ്വാസപഠന ക്ലാസ്സുകൾ, മതാധ്യാപകർക്ക് പരിശീലനം, വിശ്വാസപ്രഖ്യാപനറാലി എന്നിവ നടത്തുക.
3. ആബാ ധ്യാനകേന്ദ്രത്തിന്റെ നേതൃത്വത്തിൽ ധ്യാനം.
4. സാന്ത്വനത്തിന്റെ ആഭിമുഖ്യത്തിൽ 1950 കാൻകെയർ പദ്ധതി, കാരുണ്യപ്രവർത്തികൾ, 1950 ഡയാലിസിസ്, ഭവനനിർമ്മാണം.
5. യൂത്ത് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ 1950 പേരുടെ രക്തദാനം.
6. ചിൽഡ്രൻസ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ ക്വിസ് പ്രോഗ്രാം തുടങ്ങിയ മത്സരങ്ങൾ.
7. മദ്യവിരുദ്ധസമിതിയുടെ ആഭിമുഖ്യത്തിൽ, മദ്യം, മയക്കുമരുന്ന് എന്നിവയ്ക്കെതിരെ ബോധവത്കരണം.
8. സി. ആർ. ഐ. യുടെ ആഭിമുഖ്യത്തിൽ സന്യസ്തർക്ക് ഓറിയന്റേഷൻ ക്ലാസ്സുകൾ, ഏകദിന സെമിനാർ, ഉപന്യാസമത്സരം, ക്വിസ് മത്സരം, കേരളസഭാചരിത്രക്ലാസ്സുകൾ.
9. ഇടവകതലത്തിൽ മിഷൻ സ്ഥലങ്ങൾ സന്ദർശിക്കൽ.
10. ഓരോ ഇടവകയും ഒരു ഭവനമെങ്കിലും നിർമ്മിച്ചു നൽകൽ.
11. ഇടവകതലത്തിൽ തോമാ നാമധാരികളുടെ സംഗമം സംഘടിപ്പിക്കൽ.
12. തോമാശ്ലീഹായുമായി ബന്ധപ്പെട്ട പുണ്യസ്ഥലങ്ങൾ സന്ദർശിക്കൽ.
13. സാംസ്കാരികസമ്മേളനം – ഇടവക/ ഫൊറോന/ അതിരൂപത തലങ്ങളിൽ.
14. സംഘടനകൾ, ഫോറങ്ങൾ, കമ്മീഷനുകൾ തുടങ്ങിയവയുടെ ശാക്തീകരണം.
15. ഉദ്യോഗസ്ഥകൂട്ടായ്മ, എന്റർപ്രണേഴ്സ് ഫോറം, ഓഫീസേഴ്സ് ഫോറം, പാരിഷ് ഫെസിലിറ്റേഷൻ സെന്റർ, രാഷ്ട്രീയകാര്യസമിതി തുടങ്ങിയവയുടെ ഒത്തുചേരൽ.
16. എക്യുമെനിക്കൽ സമ്മേളനം.
17. ഇന്റർനാഷണൽ സിമ്പോസിയം.
18. കുടുംബകൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ പഠന–ചർച്ച സഹായി.

19. സുവിശേഷവത്കരണകമ്മീഷന്റെ ആഭിമുഖ്യത്തിൽ പ്രേഷിത കൂട്ടായ്മയക്ക് രൂപം നൽകൽ.
20. ജൂബിലി സ്മാരകമായി “ജൂബിലി മെമ്മോറിയൽ സെന്റർ” നിർമ്മാണം.
21. തോമാശ്ലീഹായെ കുറിച്ചുള്ള നാടകം, കലാരൂപങ്ങൾ, മത്സരങ്ങൾ എന്നിവ പള്ളികളിലും സ്കൂളുകളിലും സംഘടിപ്പിക്കൽ.
22. സുവനീർ (Souvenir).
23. കത്തോലിക്കസഭ പത്രത്തിൽ തോമാശ്ലീഹായെ കുറിച്ച് ലേഖനങ്ങൾ പ്രസിദ്ധീകരിക്കുക.
24. തോമാശ്ലീഹായെ സംബന്ധിച്ചുള്ള ചരിത്രപുസ്തകം തയ്യാറാക്കുക.

മേൽവിവരിച്ച പരിപാടികളുടെ വിശദാംശങ്ങൾ അതതു സമയങ്ങളിൽ അറിയിക്കുന്നതാണ്. മാർ തോമാശ്ലീഹായുടെ രക്തസാക്ഷിത്വ ജൂബിലിയുമായി ബന്ധപ്പെട്ടിട്ടുള്ള എല്ലാ പരിപാടികളും വിജയിപ്പിക്കുവാൻ ബഹു. വികാരിയച്ചന്മാരുടെയും ബന്ധപ്പെട്ടവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശൂർ അതിരൂപത മെത്രാപ്പോലീത്ത

---

N.B: ഈ സർക്കുലറിലെ വിശദാംശങ്ങൾ 12/06/2022; 19/06/2022 ഞായറാഴ്ചകളിൽ പള്ളികളിലും സ്ഥാപനങ്ങളിലും സന്യാസഭവനങ്ങളിലും അറിയിക്കുകയും മേല്പ്പറഞ്ഞ പരിപാടികൾ നടപ്പിലാക്കുവാൻ ആവശ്യമായ ക്രമീകരണങ്ങൾ സജ്ജമാക്കുകയും ചെയ്യുമല്ലോ.
**+AT**

**അനുബന്ധം**

**മാർ തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950 വാർഷികത്തോടനുബന്ധിച്ച് കുടുംബകൂട്ടായ്മകളിൽ അനുവദിച്ചിട്ടുള്ള വി. കുർബാന അർപ്പണത്തിനു പാലിക്കേണ്ട കാര്യങ്ങൾ**

1. സീറോ മലബാർ സഭാ സിനഡു അംഗീകരിച്ച രീതിയിലുള്ള വി. കുർബാനയുടെ ക്രമവും ക്രമീകരണവും (വചനവേദി, ബലി വേദി) പാലിക്കണം.

2. കൂദാശചെയ്ത അൾത്താരയല്ലെങ്കിൾ ബലിയർപ്പണത്തിന് ദപ്പ നിർബന്ധമായും ഉപയോഗിക്കണം.
3. നല്ല രീതിയിൽ വൃത്തിയാക്കിയ സ്ഥലങ്ങളിലാണ് വി. കുർബാന അർപ്പിക്കേണ്ടത്.
4. വി. കുർബാന സ്വീകരണത്തിനുശേഷം ബാക്കി വരുന്ന വി. കുർബാന വൈദികൻ ഉൾക്കൊള്ളുകയോ പള്ളിയിലേക്ക് കൊണ്ടുപോകുകയോ ചെയ്യേണ്ടതാണ്. വി. കുർബാന ഭവനങ്ങളിൽ സൂക്ഷിക്കാൻ പാടുള്ളതല്ല.
5. 2022 ഡിസംബർ 31 വരെ മാത്രമേ (ജൂബിലി വർഷം) കുടുംബകൂട്ടായ്മകളിൽ ദിവ്യബലിയർപ്പിക്കാൻ അനുവാദമുണ്ടായിരിക്കുകയുള്ളൂ.
6. ഒരു കുടുംബകൂട്ടായ്മയിൽ ഒരു വി. കുർബാന അർപ്പണത്തിനു മാത്രമേ അനുവാദമുള്ളൂ.
7. വികാരിയച്ചന്റെ ഉത്തരവാദിത്വത്തിലും നേരിട്ടുള്ള നിയന്ത്രണത്തിലുമായിരിക്കണം എല്ലാ ക്രമീകരണങ്ങളും നടത്തേണ്ടത്.

**+AT**

**ദീദിമോസ് എന്ന തോമസ് അപ്പോൾ**
**മറ്റു ശിഷ്യൻമാരോടു പറഞ്ഞു:**

## അവനോടൊപ്പം മരിക്കാൻ
## നമുക്കും പോകാം.

യോഹന്നാൻ 11 : 16

# സർക്കുലർ

**പി.ഒ.സി.**
**കേരള കത്തോലിക്കാ**
**സഭയുടെ ആസ്ഥാന**
**കാര്യാലയം**

Ref: 3710/K-5/KCBC/OL/DS
25.05.2022

**കേരള സഭാനവീകരണം 2022–2025**
**കെസിബിസി പുറപ്പെടുവിക്കുന്ന 2–ാമത് സർക്കുലർ**

നമ്മൾ ഇന്ന് പെന്തക്കുസ്താ തിരുനാൾ ആഘോഷിക്കുകയാണല്ലോ. എല്ലാവർക്കും ഈ തിരുനാളിന്റെ അനുഗ്രഹങ്ങൾ ആശംസിക്കുന്നു. സഭയെ നിരന്തരം നയിക്കുന്ന ദൈവാത്മാവിന്റെ സ്വരത്തിന് കാതോർത്താണ് പ്രാരംഭകാലം മുതൽ സഭ യാത്ര ചെയ്തിട്ടുള്ളത്. പരിശുദ്ധാത്മപ്രകാശത്തിൽ കാലത്തിന്റെ അടയാളങ്ങളെ വ്യാഖ്യാനിക്കുകയും ദൈവിക പദ്ധതിയുടെ ശുശ്രൂഷകൾക്കായി പിൻചെല്ലേണ്ട പാതകൾ നിർണയിക്കുകയും ചെയ്യുക എന്നത് സഭയുടെ എക്കാലത്തെയും വെല്ലുവിളിയും ദൗത്യവുമാണ്. ഈ വെല്ലുവിളി ഏറ്റെടുത്തുകൊണ്ട് കേരള കത്തോലിക്കാസഭ ഒരു നവീകരണ യജ്ഞത്തിന് തയ്യാറാവുകയാണ്.

പോൾ ആറാമൻ പാപ്പ പഠിപ്പിക്കുന്നതുപോലെ, സഭ സുവിശേഷകയാണ്; അവൾ ഈ ദൗത്യം ആരംഭിക്കുന്നത് തന്നെത്തന്നെ സുവിശേഷവത്കരിച്ചുകൊണ്ടാണ്. താൻ വിശ്വസിക്കുന്ന കാര്യങ്ങൾ അവൾ ഇടതടവില്ലാതെ കേട്ടുകൊണ്ടിരിക്കണം; തന്റെ പ്രത്യാശയ്ക്കു

ള്ള കാരണങ്ങളും സ്നേഹപ്രമാണത്തെക്കുറിച്ചും അവൾ കേൾക്കണം (EN 41). സഭയുടെ എല്ലാ പ്രഘോഷണങ്ങളുടെയും ആദ്യസ്വീകർത്താവ് സഭ തന്നെയാകണം. മറ്റുള്ളവർക്കുവേണ്ടിയല്ല, സഭയ്ക്കുവേണ്ടിത്തന്നെയാണ് സുവിശേഷപ്രഘോഷണം ആദ്യം നടക്കേണ്ടത്. സഭ സഭയോടുതന്നെ സുവിശേഷം പ്രസംഗിച്ചില്ലെങ്കിൽ സഭ സഭയല്ലാതാകും. അങ്ങനെവന്നാൽ, അതൊരുസാമ്രാജ്യശക്തിയോ സമുദായമോ ലൗകികസംവിധാനമോ ഒക്കെ ആയിത്തീരും. സഭയെ നമ്മൾ ഒരു NGO ആക്കരുതെന്ന് ഫ്രാൻസിസ് പാപ്പ നമ്മെ ഓർമ്മപ്പെടുത്തുന്നു. സുവിശേഷമൂല്യങ്ങൾ സഭയുടെ അകവും പുറവും നിർണയിക്കുമ്പോഴാണ് സഭ പ്രേഷിതയാകുന്നത്. കേരളസഭ ലക്ഷ്യംവയ്ക്കുന്ന മാനസാന്തരം ഇതാണ്.

കേരള കത്തോലിക്കാസഭ ഒരു നവീകരണപാതയിലേക്കു കടക്കുന്നതു സംബന്ധിച്ച് കെസിബിസി നേരത്തേ പുറപ്പെടുവിച്ച ഒരു സർക്കുലറിൽ പറഞ്ഞിരുന്നതാണല്ലോ. 2022 ജൂൺ 5 പെന്തക്കുസ്താദിനത്തിരുന്നാളിലാണ് കേരളസഭാനവീകരണ കാലഘട്ടം ഔദ്യോഗികമായി ആരംഭിക്കുന്നത്. ഇതിന്റെ **ഔപചാരിക ഉദ്ഘാടനം കെസിബിസി സമ്മേളനത്തോടനുബന്ധിച്ച് ജൂൺ 7 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് പാലാരിവട്ടം പിഒസിയിൽ നടത്തുന്ന പൊന്തിഫിക്കൽ ദിവ്യബലിയോടെ ആയിരിക്കും.** 2025 ജൂൺ 8 പെന്തക്കുസ്താത്തിരുനാൾ വരെയാണ് നവീകരണകാലഘട്ടം.

**അനിവാര്യമായ നവീകരണം**

"സഭ ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം" എന്നതാണ് നവീകരണയജ്ഞത്തിന്റെ ആപ്തവാക്യം. ആഗോള കത്തോലിക്കാ സഭയിൽ സംഘടിപ്പിക്കപ്പെടുന്ന സിനഡാനത്മകതയ്ക്കുവേണ്ടിയുള്ള സിനഡിന്റെ (synod on synodality) പശ്ചാത്തലത്തിൽ കൂടിയാണ് കേരള സഭാനവീകരണം നടക്കുന്നത്. കൂട്ടായ്മയുടെയും സഹവർത്തിത്വത്തിന്റെയും പ്രേഷിതാത്മകതയുടെയും സിനഡാത്മക സഭയായി കേരളസഭയും രൂപം പ്രാപിക്കണം. മാത്രമല്ല, കോവിഡു മഹാമാരി സഭയിലും സമൂഹത്തിലും ഏല്പിച്ച പ്രഹരങ്ങളെ തരണം ചെയ്യുന്നതിന്റെ ഭാഗമായി സഭയുടെ അജപാലന ദൗത്യവും സാക്ഷ്യവും സജീവമാക്കേണ്ടിയിരിക്കുന്നു. 2025–ാമാണ്ട് കത്തോലിക്കാസഭയിൽ ആചരിക്കപ്പെടുന്ന ജൂബിലിവർഷത്തിലേക്ക് പ്രത്യാശയുടെ തീർത്ഥാടകർ എന്ന ആപ്തവാക്യത്തോടെ ഫ്രാൻസിസ് പാപ്പാ എല്ലാവരെയും സ്വാഗതം ചെയ്തുകഴിഞ്ഞു. അതോടൊപ്പം, 2033–ാമാണ്ട് ആഗോളസഭ മുഴുവൻ രക്ഷയുടെ മഹാജൂബിലിയാഘോഷത്തിനായും ഒരുങ്ങുന്നു. നവീകൃതമായ ഒരു സഭയിലാണ് ജൂബിലിയാഘോഷങ്ങൾ അർത്ഥപൂർണമാകു

ന്നത്. നമ്മുടെ സഭയെ സംബന്ധിച്ചിടത്തോളം സഭാകൂട്ടായ്മയിലും ദൗത്യനിർവഹണത്തിലും കടന്നുവന്നിട്ടുള്ള അപചയങ്ങളും വീഴ്ചകളും കണ്ടെത്തി പരിഹരിക്കുന്നതിലൂടെയാണ് നവീകരണം സാധ്യമാകുന്നത്.

**കേരളസഭാ നവീകരണ മേഖലകൾ**

കേരളമെത്രാൻ സമിതിയുടെ മേല്നോട്ടത്തിൽ കേരളസഭാ നവീകരണം ആസൂത്രണം ചെയ്തിരിക്കുന്നത് പ്രധാനമായും 12 മേഖലകളെ അടിസ്ഥാനമാക്കിയാണ്.

**1. കൂട്ടായ്മയിലേക്കുള്ള മാനസാന്തരം**

ക്രിസ്തു ശിരസ്സായുള്ള ശരീരമാണ് സഭ. സഭാമക്കൾ എന്ന നിലയിൽ ദൈവം നമ്മെ വിളിച്ചിരിക്കുന്നത് ഒറ്റപ്പെട്ട വ്യക്തികളായല്ല, ഒരു ജനതയെന്ന നിലയിലാണ് (GS 22). കൂട്ടായ്മയാണ് സഭയുടെ ശക്തി. സഭാകൂട്ടായ്മയിൽ ഇന്നു കടന്നുവന്നിട്ടുള്ള മുറിവുകളും ഭിന്നതകളും ഇല്ലാതാകണം. ഇത് പരിഹരിക്കുകയും കൂട്ടായ്മ ശക്തിപ്പെടുത്തുകയും ചെയ്യേണ്ടത് സഭാമക്കൾ എന്ന നിലയിൽ നമ്മുടെ കടമയാണ്.

**2. പ്രാർത്ഥനാജീവിതം**

നമ്മുടെ ആത്മീയ മേഖലകൾ ഭൗതികവത്കരിക്കപ്പെടാൻ ഇടയാകരുത്. ദൈവവിശ്വാസത്തിൽ ആഴപ്പെടുത്തുന്ന തരത്തിലുള്ള ആത്മീയ പരിശീലനം കുട്ടികൾക്കും കുടുംബങ്ങൾക്കും ലഭിക്കണം. വിശ്വാസം, ദൈവവചനം, വിശുദ്ധകുർബാന എന്നീ അടിസ്ഥാനവിഷയങ്ങളിൽ സഭാ പ്രേഷിതത്വം ഊന്നൽ നല്കണം. സഭയെ നിരന്തരം നയിക്കുന്ന പരിശുദ്ധാത്മാവിന്റെ സ്വരത്തിന് കാതോർക്കാൻ നാം കൂടുതൽ തയ്യാറാകണം.

**3. വിശ്വാസപരിശീലനം**

കാലോചിതവും ക്രിസ്തുസാക്ഷ്യത്തിന് ഉപകരിക്കുന്നതുമായ വിശ്വാസപരിശീലനം കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും ലഭിക്കത്തക്കവിധം നിലവിലുള്ള മതബോധന സംവിധാനങ്ങൾ പരിഷ്കരിക്കണം. കുടുംബങ്ങളുടെ രൂപീകരണത്തിനും സാമുദായിക കെട്ടുറപ്പിനും വിശ്വാസപരിശീലനം സഹായിക്കണം. ഭൗതികസുവിശേഷത്തിന്റെ സംസ്കാരത്തിന് ഊന്നൽ നല്കുന്നിടത്ത് വിശ്വാസരൂപീകരണവും പ്രേഷിതശിഷ്യത്വവും അന്യമാകും.

**4. അനുരഞ്ജന മേഖലകൾ**

വിശ്വാസികളുടെ സമൂഹമായ സഭ ദൈവജനത്തിന്റെ കൂട്ടായ്മയാകയാൽ മുറിവേറ്റവരുമായുള്ള അനുരഞ്ജനം കൂടാതെ സഭയ്ക്കു മുന്നോട്ടു പോകാനാവില്ല. സഭകൾക്കിടയിലും ഇടവകതലങ്ങളിലും കുടുംബങ്ങളിലുമൊക്കെയുള്ള മുറിവുകൾ ഉണങ്ങണം. പരസ്പരം ക്ഷമി

ക്കാനും പൊറുക്കാനും സഹായകരമായ അവസരങ്ങൾ ഒരുക്കപ്പെടണം. നിലനില്ക്കുന്ന സംവിധാനങ്ങൾക്കപ്പുറം നമുക്ക് ഒന്നും ചെയ്യാനില്ല എന്ന കാഴ്ചപ്പാടുകൾ മാറണം.

**5. ദരിദ്രരുടെ സഭ**

ദരിദ്രരും പാർശ്വവത്കരിക്കപ്പെട്ടവരും അനാഥരും വിധവകളും രോഗികളും നിരാലംബരും വൃദ്ധജനങ്ങളും ഭവനരഹിതരും പീഡനങ്ങൾ ഏല്കുന്നവരും കുഞ്ഞുങ്ങളുമെല്ലാം എക്കാലവും സഭയുടെ പ്രേഷിത ശുശ്രൂഷകളിൽ പ്രഥമ പരിഗണന അർഹിക്കുന്നവരാണ്. ജീവകാരുണ്യപ്രവർത്തനങ്ങളും ദരിദ്രസേവനവും സഭയുടെ മുഖമുദ്രയാണ്. ഈ സത്യം വിസ്മരിച്ച് നമ്മൾ ചെയ്യുന്ന കാര്യങ്ങളെല്ലാം സുവിശേഷവിരുദ്ധമാകും.

**6. പ്രേഷിത മാനസാന്തരം**

സ്വാഭാവത്താലെ പ്രേഷിതയായ സഭയുടെ പ്രേഷിതപ്രവർത്തനങ്ങളുടെയും അജപാലന ദൗത്യങ്ങളുടെയും മേഖലയിൽ മാനസാന്തരം സംഭവിക്കണം. സഭയുടെ സ്ഥാപനങ്ങളും സംവിധാനങ്ങളുമെല്ലാം പ്രേഷിതാഭിമുഖ്യത്തോടെ പരിഷ്കരിക്കപ്പെടണം.

**7. വൈദിക-സന്ന്യസ്ത പ്രേഷിതത്വം**

സഭയിൽ അജപാലന ശുശ്രൂഷയും പ്രേഷിതശുശ്രൂഷയും രണ്ടു തട്ടുകളിലല്ല. പ്രേഷിതസ്വഭാവം നഷ്ടപ്പെട്ട സമർപ്പിതസമൂഹം ദൈവ രാജ്യം പടുത്തുയർത്തുന്ന ദൗത്യത്തിൽ പരാജയപ്പെടുകയാണെന്നു തിരിച്ചറിയണം. വൈദികർക്കും സന്ന്യസ്തർക്കും പ്രേഷിതരൂപീകരണം നല്കാൻ പ്രത്യേകം ശ്രദ്ധപതിപ്പിക്കണം. വൈദിക-സന്ന്യസ്ത-അല്മായ പരിശീലനമേഖലകൾ പ്രേഷിതാഭിമുഖ്യത്തോടെ കാലോചിതമായി നവീകരിക്കപ്പെടണം.

**8. കുടുംബ പ്രേഷിത ശുശ്രൂഷ**

കോവിഡ് കാലം സമൂഹത്തിലും കുടുംബത്തിലും ഏല്പിച്ചിട്ടുള്ള ക്ഷതങ്ങൾ തിരിച്ചറിഞ്ഞ് സഭയുടെ കുടുംബ പ്രേഷിതശൈലിയിലും മാറ്റം അനിവാര്യമായിരിക്കുന്നു. 'ഹോം മിഷൻ' ഉൾപ്പെടെയുള്ള സഭയുടെ കുടുംബപ്രേഷിത ശുശ്രൂഷകൾ സജീവമാകണം. കുട്ടികളെ സുകൃതങ്ങളിൽ വളർത്താനും ഉത്തരവാദിത്വത്തോടെ ജീവിക്കാനും സഹായിക്കുംവിധം അവരുടെ ആത്മീയ മാനസിക ശാരീരിക ബൗദ്ധിക വളർച്ചയ്ക്ക് തുല്യപ്രാധാന്യം കൊടുത്തുകൊണ്ടുള്ള കർമ്മ പദ്ധതികൾ ആവിഷ്കരിക്കണം. ഇക്കാര്യത്തിൽ കുടുംബങ്ങൾക്ക് നഷ്ടമായിക്കൊണ്ടിരിക്കുന്ന ഇച്ഛാശക്തി തിരിച്ചുപിടിക്കണം.

**9. അല്മായ പ്രേഷിതത്വവും പങ്കാളിത്തവും**

സഭയുടെ അല്മായ പ്രേഷിതത്വത്തിനും പങ്കാളിത്വത്തിനും

യോജിച്ചവണ്ണം സഭാസംവിധാനങ്ങൾ പരിഷ്കരിക്കപ്പെടണം. ക്രിസ്തുവിന്റെ പുരോഹിത–പ്രവാചക–രാജകീയ ധർമ്മങ്ങളിൽ പങ്കാളികളും ദൈവം ഭരമേല്പിച്ചിരിക്കുന്ന രക്ഷാകരദൗത്യം ലോകത്തിൽ പൂർത്തീകരിക്കാൻ വിളിക്കപ്പെട്ടവരുമായ അല്മായവിശ്വാസികളെ തങ്ങളുടെ ജീവിതാവസ്ഥയ്ക്കനുസൃതം ആ ദൗത്യം നിർവഹിക്കുന്നതിന് സഭയുടെയും സമൂഹത്തിന്റെയും ശുശ്രൂഷകളിലും ഭരണനിർവഹണ സംവിധാനങ്ങളിലും സജീവ പങ്കാളികളാകാൻ സഹായിക്കുന്ന ക്രമീകരണങ്ങൾ ഒരുക്കണം.

**10. യുവജനശുശ്രൂഷ**

യുവജനങ്ങളാണ് സഭയുടെ സമ്പത്ത് എന്ന് തിരിച്ചറിഞ്ഞുകൊണ്ട്, സഭയോടും സമൂഹങ്ങളോടും പ്രതിജ്ഞാബദ്ധതയുള്ള യുവതലമുറയെ രൂപപ്പെടുത്താനും 'സഭ എന്റെ ഭവനം' എന്ന വികാരം യുവജനങ്ങളിൽ വളർത്താനും ആവശ്യമായ കർമ്മപദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് സഭയിലെ യുവജനശുശ്രൂഷാ മേഖലകൾ നവീകരിക്കപ്പെടണം.

**11. പരിസ്ഥിതിപരമായ മാനസാന്തരം**

പരിസ്ഥിതി വിഷയം പൊതുസമൂഹത്തിൽ ഒരു ധാർമ്മിക വിഷയമായി അവതരിപ്പിക്കാൻ സഭയ്ക്കു കഴിയണം. പരിസ്ഥിതി നാശത്താൽ അപഹരിക്കപ്പെടുന്ന ജീവനും പരിസ്ഥിതിയുടെ പേരിൽ ചൂഷണം ചെയ്യപ്പെടുന്ന ദരിദ്രവിഭാഗവും സഭയുടെ നൊമ്പരം മാത്രമാകരുത്, ഈ മേഖലകളിൽ സഭയുടെ പ്രവാചകസ്വരം ശക്തമാകണം.

**12. സംവാദത്തിന്റെ മേഖലകൾ**

കേരള കത്തോലിക്കാസഭ ഇതര മതങ്ങളോടും സമുദായങ്ങളോടും എക്കാലവും ബഹുമാനവും ആദരവും പുലർത്തിയിട്ടുണ്ട്. ഇപ്പോഴും അപ്രകാരം തന്നെയാണ് നിലകൊള്ളുന്നത്. സാമൂഹിക ജീവിതത്തെ ബാധിക്കുന്ന പൊതുവായ കാര്യങ്ങളെക്കുറിച്ചു പഠിക്കാനും സമൂഹത്തിന്റെ ഉന്നമനത്തിനായി ഒരുമിച്ചു പ്രവർത്തിക്കാനുമുതകുന്ന സംവാദങ്ങൾക്ക് ഇതരമതങ്ങളും ഇതരസഭകളുമായുള്ള ബന്ധങ്ങൾ കൂടുതൽ ശക്തിപ്പെടുത്തണം.

**കേരളസഭാ നവീകരണ നടപടികൾ**

കാലത്തിനനുസൃതമായ മാറ്റങ്ങൾ കൈവരിച്ചുകൊണ്ട് പുതിയ കാഴ്ചപ്പാടുകളോടെ സർവതലസ്പർശിയായ നവീകരണമാണ് സഭയിൽ സംഭവിക്കേണ്ടത്. അതുകൊണ്ട്, നവീകരണം ആരംഭിക്കുന്നത് കടന്നുവന്ന വഴികൾ വിലയിരുത്തികൊണ്ടാകണം. കേരള കത്തോലിക്കാസഭയുടെയും പ്രാദേശിക സഭകളായ രൂപതകളുടെയും വിശ്വാസയാത്രയിൽ ഉണ്ടായ നന്മകളെ പരിപോഷിപ്പിക്കുകയും വീഴ്ചകളെ പരി

ഹരിക്കുകയും ചെയ്യേണ്ടതുണ്ട്. നവീകരണ പ്രക്രിയയിൽ മുൻഗണന നിർണയിക്കുകയും നവീകരണം ഫലപ്രാപ്തിയിൽ എത്തുവോളം വില യിരുത്തലുകളും വിശകലനങ്ങളും തുടർനടപടികളും സംഘടിപ്പിക്കു കയും ചെയ്യണം.

സംസ്ഥാന–രൂപത–ഇടവക–കുടുംബതലങ്ങളിൽ നവീകരണം സാധ്യമാകണം. സംസ്ഥാനതലത്തിൽ കെസിബിസിയുടെ കീഴിൽ ഒ രു കോർ കമ്മിറ്റി ഇതിനായി രൂപീകരിച്ചിട്ടുണ്ട്. ഈ കോർ കമ്മിറ്റിയു ടെ നേതൃത്വത്തിൽ കേരളത്തിലെ എല്ലാ രൂപതകളിൽനിന്നും വികാരി ജനറൽമാരുടെ നേതൃത്വത്തിലുള്ള പ്രതിനിധികൾ, സന്ന്യാസസഭകളു ടെ മേജർ സുപ്പീരിയേഴ്സ്, അല്മായ സംഘടനാപ്രതിനിധികൾ, യുവ ജനപ്രതിനിധികൾ, കെസിബിസി കമ്മീഷൻ സെക്രട്ടറിമാർ, ഡയറ ക്ടർമാർ, പൗരപ്രമുഖപ്രതിനിധികൾ, മാധ്യമ പ്രവർത്തക പ്രതിനിധി കൾ, കേരള കാത്തലിക് കൗൺസിൽ അംഗങ്ങൾ എന്നിവർക്കായി വ്യ ത്യസ്ത സമ്മേളനങ്ങൾ സംഘടിപ്പിക്കുകയും അവരുടെ അഭിപ്രായങ്ങൽ സ്വരൂപിക്കുകയുമുണ്ടായി. ഈ സമ്മേളനങ്ങളിലെ ചർച്ചകളുടെയും പഠ നങ്ങളുടെയുമൊക്കെ വെളിച്ചത്തിൽ കേരളസഭാ നവീകരണത്തിനായു ള്ള മാർഗരേഖ (Lineamerta) തയ്യാറാക്കിവരുന്നു. സംസ്ഥാനതലത്തിൽ ഒ രു റിസോഴ്സ് ടീമും ഒരു മോണിറ്ററിംഗ് സംവിധാനവും ഒരുക്കിയിട്ടുണ്ട്. ഈ മാർഗരേഖയുടെ അടിസ്ഥാനത്തിലാണ് രൂപതാ–ഇടവക തല ന വീകരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടത്. **രൂപതാ തലത്തിലുള്ള ഔദ്യോഗിക ഉദ്ഘാടനം ജൂൺ 26–ാംതീയതി ഞായ റാഴ്ച ദിവ്യബലിയോടെ സംഘടിപ്പിക്കേണ്ടതാണ്.** രൂപതാതലപ്രവർ ത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന റിസോഴ്സ്ടീം അംഗങ്ങൾക്കാ യി സംസ്ഥാനതലത്തിൽ പരിശീലനം സംഘടിപ്പിക്കും.

സംസ്ഥാനതലത്തിലെന്നതുപോലെ, രൂപതാ–ഇടവകതലങ്ങളി ലും നവീകരണത്തിനാവശ്യമായ നേതൃത്വം നല്കാൻ സമിതി രൂപീക രിക്കണം. അതതുരൂപതകളുടെ വികാരി ജനറൽമാരുടെ നേതൃത്വത്തി ലാണ് സമിതികൾക്ക് രൂപം കൊടുക്കേണ്ടത്. ഇടവകതലങ്ങളിലുള്ള സമിതികളുടെ രൂപീകരണം, ബോധവത്കരണം, ആസൂത്രണം, വില യിരുത്തലുകൾ എന്നിവ ഈ സമിതിയുടെ നേതൃത്വത്തിൽ നടക്കണം.

**ഉപസംഹാരം**

കേരളസഭയിൽ സംവാദത്തിന്റെയും പരസ്പരമുള്ള ശ്രവിക്ക ലിന്റെയും സമവായത്തിന്റെയും കൂട്ടായ്മയുടെയും സംസ്ക്കാരം ശക്തി പ്രാപിക്കട്ടെ. എല്ലാസംഭാഷണങ്ങളുടെയും കൂടിച്ചേരലുകളുടെയും സമാഗമത്തിന്റെയും ലക്ഷ്യം അവയിലൂടെയെല്ലാം വെളിപ്പെടുന്ന പരി ശുദ്ധാത്മാവിന്റെ സ്വരത്തിന് കാതുകൊടുക്കുന്നതും അതനുസരിച്ചുള്ള

നടപടികൾ സ്വീകരിക്കുന്നതുമായിരിക്കട്ടെ. യേശുക്രിസ്തുവിലുള്ള നമ്മുടെ വിശ്വാസം ആഴമായ ഒരു ബോധ്യമായി വളരുന്നതിനും അവിടത്തെ ധൈര്യപൂർവം സമൂഹമധ്യത്തിൽ ഏറ്റുപറയുന്നതിനും മരിക്കേണ്ടിവന്നാലും അവിടന്നിലുള്ള വിശ്വാസം ത്യജിക്കാതിരിക്കാനും പരിശുദ്ധാത്മാവു നമ്മെ ശക്തരാക്കട്ടെ. ഇതര മതവിശ്വാസികളായ സഹോദരരുമായുള്ള നമ്മുടെ ഹൃദ്യമായ സൗഹൃദം കൂടുതൽ ബലപ്പെടുന്നതിനും ഈ നവീകരണകാലം നമ്മെ സഹായിക്കട്ടെ. അതിനായി പരിശുദ്ധാത്മാവ് ഇന്ന് നമ്മെ നയിക്കട്ടെ.

എല്ലാവർക്കും ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹാദരങ്ങളോടെ,

**കർദിനാൾ ജോർജ് ആലഞ്ചേരി**
കെസിബിസി പ്രസിഡന്റ്

**ബിഷപ്പ് വർഗീസ് ചക്കാലക്കൽ**
കെസിബിസി വൈസ് പ്രസിഡന്റ്

**ബിഷപ്പ് മാർ ജോസഫ് തോമസ്**
കെസിബിസി സെക്രട്ടറി ജനറൽ

---

*പിഒസി, കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം*
*കൊച്ചി 682 025*

NB: ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്ക സഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ, ഇതിലെ ആശയങ്ങൾ വിവരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

# കച്ചേരി വാർത്തകൾ

ജൂലൈ 2022

## 1. ഓർമിക്കേണ്ട ദിവസങ്ങൾ

1 : *ആദ്യവെള്ളി*
3 : **ശ്ലീഹാ അഞ്ചാം ഞായർ**
മാർ തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ
10 : **ശ്ലീഹാ ആറാം ഞായർ**
11 : വി. ബനഡിക്ട്
15 : വി. കുരിയാക്കോസും വി. ജൂലിറ്റായും
16 : കർമ്മലമാതാവിന്റെ തിരുനാൾ
17 : **ശ്ലീഹാ ഏഴാം ഞായർ**
22 : കർത്താവിന്റെ എഴുപത് ശിഷ്യന്മാർ
: വി. മഗ്ദലേനമറിയം
24 : **കൈത്ത ഒന്നാം ഞായർ**
പന്ത്രണ്ടു ശ്ലീഹന്മാരുടെ തിരുനാൾ
വയോധികരുടെ ദിനം
25 : യാക്കോബ് ശ്ലീഹാ
26 : വി. ജോവാക്കിമും വി. അന്നായും
28 : വി. അൽഫോൻസ
29 : നിസിബിസിലെ മാർ യാക്കോബ്
: വി. മർത്താ
31 : **കൈത്ത രണ്ടാം ഞായർ**
വി. ഇഗ്നേഷ്യസ് ലെയോള

## 2. ജൂലൈ മാസത്തെ പരിപാടികൾ

05 : സ്ഥാപനഡയറക്ടർമാരുടെ യോഗം (02:30 pm)
06 : സ്ഥാപനഡയറക്ടർമാരുടെ യോഗം (02:30 pm)
07 : കൊച്ചച്ചന്മാരുള്ള വികാരിമാരുടെ യോഗം (10:30pm)

14 : Inter-Curia Meeting, Irinjalakuda
18–22 : വൈദികരുടെ തുടർപരിശീലനം
25 : മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ നാമഹേതുക തിരുനാൾ, വിയാനി ഡേ, പൗരോഹിത്യ ജൂബിലി ആഘോഷം & വൈദികസമ്മേളനം (10:00 am)
26–29 : വൈദികരുടെ തുടർപരിശീലനം

**3. കൈത്താക്കാലം**

കൈത്ത എന്ന സുറിയാനി പദത്തിനർത്ഥം വേനൽ എന്നാണ്. വേനൽക്കാലത്താണല്ലോ വിളവെടുപ്പും ഫലശേഖരണവും നടത്തുന്നത്. സഭയുടെ വളർച്ചയെയും ആത്മീയവിളവെടുപ്പിനെയും അനുസ്മരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന ആരാധനക്രമകാലമാണ് കൈത്താക്കാലം. സാധാരണയായി, ഏഴ് ആഴ്ചകളാണ് ഈ കാലത്തിലുള്ളത്. ശ്ലീഹന്മാരുടെയും രക്തസാക്ഷികളുടെയും പ്രേഷിതപ്രവർത്തനഫലമായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വേരുപിടിച്ച സഭാതരു പടർന്നു പന്തലിച്ച് വിശുദ്ധിയുടെയും രക്തസാക്ഷിത്വത്തിന്റെയും ഫലം ചൂടുന്നതിനെയാണ് ഈ കാലം ഓർമ്മിപ്പിക്കുന്നത്.

ശ്ലീഹാക്കാലത്തെയും ഏലിയാ–സ്ലീവാ–മൂശ കാലങ്ങളെയും ബന്ധിപ്പിക്കുന്ന കൈത്താക്കാലം സഭയുടെ പ്രവർത്തനങ്ങളെ കുറിച്ച് പ്രതിപാദിക്കുകയും രക്ഷകന്റെ രണ്ടാം വരവിനുവേണ്ടിയുള്ള നമ്മുടെ ഒരുക്കത്തിന്റെ ആവശ്യകതയെ അനുസ്മരിപ്പിക്കുകയും ചെയ്യുന്നു.

കൈത്താക്കാലത്തിലെ ആദ്യത്തെ ഞായറാഴ്ച പന്ത്രണ്ടു ശ്ലീഹന്മാരുടെ തിരുനാൾദിനമാണ്. 'നൂസർദേൽ' അഥവാ 'ദൈവത്തിന്റെ തിരുനാൾ' എന്നും ഇതിനു പേരുണ്ട്. സ്വന്തം ചുടുനിണത്തിന്റെ തിരുനാൾ' എന്നും ഇതിനു പേരുണ്ട്. സ്വന്തം ചുടുനിണത്താൽ സഭാതരുവിനെ നനച്ചു വളർത്തുകയും ധീരമായി മിശിഹായ്ക്ക് സാക്ഷ്യം വഹിക്കുകയും ചെയ്ത വിശുദ്ധരെയും രക്തസാക്ഷികളെയുമാണ് ഈ കാലത്തിലെ വെള്ളിയാഴ്ചകളിൽ പ്രത്യേകമായി അനുസ്മരിക്കുന്നത്. സ്വജീവൻ മിശിഹാനാഥനുവേണ്ടി ഹോമിച്ച നിസിബിസിലെ മാർ യാക്കോബിനെ ഒന്നാമത്തെ വെള്ളിയാഴ്ചയും മാർ അദ്ദായിയുടെ ശിഷ്യനും പേർഷ്യൻ സഭയുടെ സ്ഥാപകനുമായ മാർ മാറിയെ രണ്ടാമത്തെ വെള്ളിയാഴ്ചയും വിശുദ്ധ ശ്മോനിയെയും ഏഴു മക്കളെയും അഞ്ചാമത്തെ വെള്ളിയാഴ്ചയും വിശുദ്ധ ശെമയോൻ ബർസബായെയും സഹരക്തസാക്ഷികളെയും ആറാമത്തെ വെള്ളിയാഴ്ചയും സഭ ഓർക്കുകയും അവരുടെ ജീവിതമാതൃക അനുകരിക്കാൻ വിശ്വാസികളെ ക്ഷണിക്കുകയും ചെയ്യുന്നു.

മിശിഹായോടു ചേർന്നു നില്ക്കുമ്പോഴാണ് സഭാതരുവിന് വളരാനും സത്ഫലങ്ങൾ നൽകാനും സാധിക്കുന്നത്. സഭാതനയരായ നമ്മിൽ നിന്നും നന്മയുടെ ഫലങ്ങൾക്കായി കർത്താവു ക്ഷമാപൂർവ്വം കാത്തിരിക്കുകയാണ്. നല്ല ഫലങ്ങൾ പുറപ്പെടുവിച്ചില്ലെങ്കിൽ സംഭവിക്കാവുന്ന ദുരന്തങ്ങളെ കുറിച്ച് ഈ കാലത്തെ വായനകൾ നമുക്ക് മുന്നറിയിപ്പ് തരുന്നു.

രക്ഷയുടെ പേടകമായി നിലകൊള്ളുന്ന സഭയ്ക്കെതിരെ അന്ധകാരശക്തികൾ ആഞ്ഞടിച്ചാലും സഭയുടെ മണവാളനായ മിശിഹാ അമരക്കാരനായിരുന്നുകൊണ്ട് സഭയം സംരക്ഷിച്ച് അവളെ സ്വർഗ്ഗീയ ഓർശ്ലേമിലേക്ക് നയിക്കും. അതിനാൽ, സഭയിൽ അഭയം തേടുന്നവർ ഭയപ്പെടേണ്ടതില്ലെന്ന പ്രത്യാശ ഈ കാലം നമുക്കു നൽകുന്നു. ലോകവും അതിലുള്ള സമസ്തവും നശിപ്പിക്കപ്പെടും; എന്നാൽ, കർത്താവിലുള്ള വിശ്വാസമാകുന്ന യഥാർത്ഥനിക്ഷേപം നിലനില്ക്കും. അതിനാൽ, ലൗകികമായതിൽ കുടുങ്ങാതെ സ്വർഗ്ഗത്തിൽ നിക്ഷേപം സൂക്ഷിക്കാൻ കൈത്താക്കാലം ഉദ്ബോധിപ്പിക്കുന്നു.

**4. തൂങ്കുഴി പിതാവിന്റെ നാമഹേതുക തിരുനാൾ**

ജൂലൈ 25 അഭിവന്ദ്യ ജേക്കബ് തൂങ്കുഴി പിതാവിന്റെ നാമഹേതുക തിരുനാളാണ്. അഭിവന്ദ്യപിതാവിന് അതിരൂപത മുഴുവന്റെയും സ്നേഹാശംസകൾ. അന്നേദിവസം ദിവ്യബലികളിൽ പിതാവിനെ പ്രത്യേകം ഓർത്തു പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**5. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവിന്റെ ജന്മദിനം**

ജൂലൈ 23ന് ജന്മദിനമാഘോഷിക്കുന്ന അഭിവന്ദ്യ ടോണി പിതാവിന് അതിരൂപത മുഴുവന്റെയും പ്രാർത്ഥനാശംസകൾ. അന്നേ ദിവസം അഭിവന്ദ്യ പിതാവിനുവേണ്ടി ദിവ്യബലി മധ്യേ പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**6. സീറോ മലബാർ സഭാദിനം**

ജൂലൈ 3ന് സീറോ മലബാർ സഭാദിനമാണല്ലോ. അന്നേ ദിവസം നമ്മുടെ സഭക്കും മേജർ ആർച്ച്ബിഷപ്പിനും വേണ്ടി പ്രാർത്ഥിക്കണം.

**7. തെരട്ട്**

പള്ളികളുടെയും സ്ഥാപനങ്ങളുടെയും വാർഷികതെരട്ട് സമർപ്പിക്കൽ **2022 ആഗസ്റ്റ് 1–ാം തീയതി** മുതൽ ആരംഭിക്കുകയാണ്. ഫൊറോന അടിസ്ഥാനത്തിലാണ് പള്ളികളുടെ തെരട്ട് കൊണ്ടുവരാനുള്ള സമയം ക്രമീകരിച്ചിട്ടുള്ളത്. തെരട്ട് കൊണ്ടു വരേണ്ട ദിവസവും സമയക്രമവും 2022 ജൂൺ മാസത്തെ അതിരൂപതാ ബുള്ളറ്റിനിൽ സാമ്പത്തിക കാ

ര്യാലയവാർത്തയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൻപ്രകാരം കൃത്യസമയത്തുതന്നെ തെരട്ടുമായി എത്താൻ ശ്രദ്ധിക്കുമല്ലോ. തെരട്ട് കൊണ്ടുവരുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം.

1. തെരട്ട് കൊണ്ടുവരുമ്പോൾ ബഹു. വികാരിയച്ചനും കൈക്കാരന്മാരും കൂടെ വരേണ്ടതാണ്.
2. നാൾവഴി, പേരേട്, തെരട്ടു പുസ്തകം, ഇന്റേണൽ ഓഡിറ്റ് റിപ്പോർട്ട്(രണ്ടു കോപ്പി), സി. എ. ഓഡിറ്റ് റിപ്പോർട്ട്(രണ്ടു കോപ്പി), തെരട്ടുഫോം(രണ്ടു കോപ്പി), ഫൊറോന വികാരിയുടെ സന്ദർശന റിപ്പോർട്ട്(രണ്ടു കോപ്പി), വാർഷിക റിപ്പോർട്ട്(രണ്ടു കോപ്പി), വാർഷികബജറ്റ്(രണ്ടു കോപ്പി), സംഘടനകളുടെയും സ്ഥാപനങ്ങളുടെയും റിപ്പോർട്ട്(രണ്ടു കോപ്പി), പ്രധാന തിരുനാളുകളുടെ വരവുചെലവു കണക്ക്(രണ്ടു കോപ്പി), ലഘുനിക്ഷേപ പദ്ധതികണക്ക് (രണ്ടു കോപ്പി), മരാമത്ത് കണക്ക്–ഉദാ: പള്ളിപണി, കപ്പേളപണി, ഹാൾ നിർമ്മാണം തുടങ്ങിയവ– (രണ്ടുകോപ്പി), സ്കൂളുകളുണ്ടെങ്കിൽ അവയുടെ വാർഷിക റിപ്പോർട്ട് (മൂന്നു കോപ്പി) എന്നിവ കൊണ്ടുവരണം. എല്ലാ കണക്കുകളും ഇന്റേണൽ ഓഡിറ്റിനും 50,000–ത്തിൽ കവിഞ്ഞ സംഖ്യയുള്ള കണക്കുകൾ സി.എ. ഓഡിറ്റിനും വിധേയമാക്കേണ്ടതാണ്.
3. തെരട്ടു സമർപ്പിക്കാൻ വരുമ്പോൾ ആദ്യം സാമ്പത്തിക കാര്യാലയത്തിൽ കണക്കുകൾ പരിശോധനക്ക് വിധേയമാക്കണം. തെരട്ടു സംഖ്യയും മറ്റ് പിരിവുകളും കത്തോലിക്കാസഭാപത്ര വരിസംഖ്യയും സാമ്പത്തിക കാര്യാലയത്തിൽ അടക്കേണ്ടതുമാണ്. തെരട്ടുഫീസ് 5%, വേദോപദേശം 1%, ഫൊറോനവിഹിതം 1/2%, മേജർസെമിനാരി വിഹിതം 1%, ഞായറാഴ്ച പിരിവ്, പ്രത്യേക പിരിവുകൾ, സെമിനാരി വിഹിതം, വൈദികക്ഷേമനിധി (ഒരു മാസത്തെ അലവൻസ്), അതിരൂപതാബുള്ളറ്റിൻ, സിനഡൽ ന്യൂസ് എന്നിവയുടെ വാർഷിക വരിസംഖ്യ തുടങ്ങിയവ അടക്കേണ്ടതുണ്ട്. തെരട്ട്സംഖ്യക്ക് ഒഴിവ് ചോദിക്കരുതെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. പ്രസ്തുത സംഖ്യ മുഴുവനായി അടക്കാൻ ഒരുങ്ങി വരുമല്ലോ.
4. തുടർന്ന് തെരട്ട് പാസാക്കുന്നതിനായി രേഖകളെല്ലാം കച്ചേരിയിൽ ഹാജരാക്കണം. അതിനോടൊപ്പം പുതിയ കൈക്കാരന്മാരെ നിയമിക്കുന്നതിനുള്ള പാനലും (ഒന്നുക്ക് ഇരട്ടിവീതം) കച്ചേരിയിൽ സമർപ്പിക്കേണ്ടതാണ്.
5. ഇടവകകളുടെ സ്ഥിതി വിവര കണക്കുകൾ കൃത്യമായെടുത്തതിനു ശേഷം മാത്രം വാർഷിക റിപ്പോർട്ട് പൂരിപ്പിക്കാൻ ശ്രദ്ധിക്കണം. (ഉദാ. ആകെ വിശ്വാസികൾ, കുടുംബങ്ങൾ, സമർപ്പിതർ, പുരുഷന്മാർ,

മാമ്മോദീസ, സ്ഥൈര്യലേപനം തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് നൽകുന്ന കണക്കുകൾ കൃത്യമാണോ എന്ന് ഉറപ്പു വരുത്തണം). വാർഷികറിപ്പോർട്ട് പൂർണ്ണമായി പൂരിപ്പിച്ച് തെരട്ടിനൊപ്പം ഹാജരാക്കണം.

**8. വൈദികർക്കായുള്ള ദ്വിദിന തുടർപരിശീലനം:**

'കുടുംബ കേന്ദ്രീകൃത അജപാലനം' എന്ന വിഷയത്തെ ആസ്പദമാക്കി നമ്മുടെ അതിരൂപതയിലെ വൈദികർക്കായുള്ള ദ്വിദിന തുടർപരിശീലനം ജൂലൈ 18 മുതൽ 22 വരെയും 26 മുതൽ 29 വരെയും ഡി. ബി. സി. എൽ. സി. യിൽ സംഘടിപ്പിക്കുന്നു. 7 ബാച്ചുകളായാണ് ഈ പരിശീലന പദ്ധതി ക്രമീകരിച്ചിരിക്കുന്നത്. ഉച്ചതിരിഞ്ഞ് 2:30 മുതൽ പിറ്റേദിവസം ഉച്ചകഴിഞ്ഞ് 3 മണി വരെയാണ് പരിശീലനപരിപാടി. പങ്കെടുക്കുന്നവർക്കായുള്ള താമസസൗകര്യം ഡി. ബി. സി. എൽ. സി. യിൽ ഒരുക്കിയിട്ടുണ്ട്. അതിരൂപതയിൽ ഇപ്പോൾ സേവനം ചെയ്തുകൊണ്ടിരിക്കുന്ന 75 വയസ്സിനു താഴെയുള്ള എല്ലാ വൈദികരെയും ഈ പരിശീലന പരിപാടിയിലേക്ക് സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ബഹു. അച്ചന്മാർ പങ്കെടുക്കേണ്ട ബാച്ച് 2022 ജൂൺ മാസത്തെ ബുള്ളറ്റിനിൽ കൊടുത്തിട്ടുണ്ട്.

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ–സിഞ്ചെല്ലൂസ്

# ENGAGEMENTS

**2022 JULY Mar Andrews Thazhath**

| Date | Day | Time | Description |
|---|---|---|---|
| 03 | Sun | | 1950 Jubilee Celebrations at Palayur |
| 05 | Tue | Afternoon | Educational Institution Directors' meeting |
| 06 | Wed | Afternoon | Social Institution Directors' meeting |
| 07 | Thu | Morning | Holy Mass at Marymatha Major Seminary<br>Meeting of Vicars having assistants |
| 08 | Fri | Morning | Holy Mass at Spiritual Animation Center |
| 09 | Sat | Morning | CRI Meeting at DBCLC |
| | | Afternoon | Promoters' meet: Catholica Sabha |
| 11 | Mon | Morning | For Priests and Religious |
| | | Afternoon | Jubilee of Pontifical Institute Aluva |
| 13 | Wed | Morning | Holy Mass at Minor seminary |
| | | Evening | JMMC Trust Meeting |
| 14 | Thu | Morning | Inter Curia meeting at Irinjalakkuda |
| 15 | Fri | | Consecration of new Malankara Bishops at Trivandrum |
| 18 | Mon | Morning | Sacristans Retreat: Holy Mass at Kurumal<br>Mathruvedi Global meet: at Amballoor |
| | | Afternoon | Ongoing formation for Priests |
| 19 | Tue | | Ongoing formation for Priests |
| 20 | Wed | | Ongoing formation for Priests For People |
| 21 | Thu | | Ongoing formation for Priests |
| 22 | Fri | | Ongoing formation for Priests |
| 23 | Sat | Morning | Holy Mass at Marymatha Major Seminary |
| 25 | Mon | | Vianney Day and Sacerdotal Jubilee Celebrations |
| 26 | Tue | Afternoon | Ongoing formation for Priests |
| 27 | Wed | | Ongoing formation for Priests For Priests and Religious |
| 28 | Thu | | Ongoing formation for Priests |
| 29 | Fri | | Ongoing formation for Priests |
| | | Afternoon | Holy Mass at St. Ann's Church, West fort |
| 31 | Sun | | Pastoral Visit at Puthur Forane Church |

# ENGAGEMENTS

## 2022 JULY Mar Tony Neelankavil

| Date | Day | Time | Description |
|---|---|---|---|
| 01 | Fri | Morning | Holy Mass @ Shornur |
| | | Morning | Marymatha Class |
| 02 | Sat | Morning | Inaguration of Archdiocesan Franciscan Alamaya sabha Meeting |
| | | Morning | St. Thomas Staff Meeting |
| 03 | Sun | Morning | Holy Mass @ Cheruthuruthy |
| | | Afternoon | Palayur |
| 04 | Mon | Morning | Marymatha Class |
| 05 | Tue | Morning | Kallidal@St. Antony's School,Pudukkad |
| | | Afternoon | Meeting of Educative Institutional Directors Meeting |
| 06 | Wed | Morning | Marymatha Class |
| | | Afternoon | Meeting of Social Institutional Directors Meeting |
| 07 | Thu | Morning | Meeting - Vicars having Assistants |
| | | Afternoon | St. Thomas Trust Meeting |
| 08 | Fri | Morning | Marymatha Class |
| 09 | Sat | Morning | Catholica Sabha Promoters Meeting |
| 09-11 | | All Days | Trichy Mission |
| 11 | Mon | Morning | Marymatha Class |
| 12 | Tue | Morning | Marymatha Class |
| 14 | Thu | All Day | Inter Curia Meeting |
| 17 | Sun | Morning | Tharakkallidal & Holymass @ Chengalur |
| | | Afternoon | Palayur Muppittu Njayar Concelebrated Baptism |
| 18 | Mon | Evening | Inaguration of Kapyar Retreat@ kurumal |
| 18-22 | | All Days | Priest's Ongoing Formation |
| 22 | Tue | Morning | Holy Mass Minor Seminary |
| 23 | Sat | Morning | Benfactors Meet @ Marymatha Seminary |
| | | Noon | Widow Sangamam |
| 24 | Sun | Afternoon | Prolife KarunnyaPravarthaka Meeting |
| 25 | Mon | Morning | Vianney Day |
| 26-29 | | All Days | Priests' Ongoing Formation |
| 30 | Sat | All Day | St. Paul Gurukulam Visit |
| 31 | Sun | Morning | Holy Mass @ St. Annes West Fort |

# നാളാഗമം

**മെയ് 2022**

1. അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവ് കാഞ്ഞിരപ്പള്ളി രൂപത സംഘടിപ്പിച്ച യൂത്ത് മീറ്റ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു. വൈകീട്ട് സെൻറ് ജോസഫ് പ്രീസ്റ്റ് ഹോം സന്ദർശിച്ച് അവിടെ ഹോം ഡേ ആഘോഷിക്കുകയും വൈദികരോട് കൂടെ വിശുദ്ധ കുർബാന അർപ്പിക്കുകയും അത്താഴത്തിൽ പങ്കുചേരുകയും ചെയ്തു. മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ വടക്കാഞ്ചേരി ഇടവകയിൽ ആദ്യകുർബ്ബാനസ്വീകരണം നടത്തി. മെയ് ദിനത്തോടനുബന്ധിച്ച് കെ. എൽ. എം. അംഗങ്ങൾക്കായുള്ള കുർബ്ബാന മുക്കാട്ടുക്കരയിൽ വച്ച് നടത്തി. ആമ്പല്ലൂർ ത്യാഗരാജ പോളിടെക്നിക്കിൽ ലാബ് വെഞ്ചിരിച്ചു.
2. രാവിലെ ആൻഡ്രൂസ് പിതാവ് കോട്ടപ്പടി ഇടവകയിൽ കുർബാന അർപ്പിക്കുകയും മാതൃസംഘത്തിന്റെ ജൂബിലി ആഘോഷം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. തുടർന്ന് മോൺ. ജോർജ് അക്കര അച്ചന്റെ ഒന്നാം ചരമവാർഷിക ദിനത്തിൽ അച്ചനുവേണ്ടി ഒല്ലൂരിൽ വച്ച് പ്രാർത്ഥന ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. ഉച്ചയ്ക്കുശേഷം

പുതുക്കാട് ഇടവകയിലെ വൈദിക–സമർപ്പിത സംഗമം പിതാവ് ഉദ്ഘാടനം ചെയ്തു. മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മഞ്ഞക്കുന്ന് ഇടവകയിൽ നാലാമത്തെകുട്ടിയുടെ മാമ്മോദീസ നടത്തി. മോൺ. ജോർജ് അക്കരയുടെ മരണവാർഷികത്തോടനുബന്ധിച്ച് വി. കുർബ്ബാന അർപ്പിച്ചു.

3. ഉച്ചകഴിഞ്ഞ് അഭിവന്ദ്യ താഴത്ത് പിതാവ് ഫൊറോന വികാരിമാരുടെ മീറ്റിംഗിൽ പങ്കെടുത്തു. അതിനുശേഷം തൃശ്ശൂർ പൂരം എക്സിബിഷനിൽ ജൂബിലി മിഷൻ ഹോസ്പിറ്റലിന്റെ സ്റ്റാൾ പിതാവ് ഉദ്ഘാടനം ചെയ്തു. തുടർന്ന് സന്തോഷ് ട്രോഫി നേടിയ കേരള ഫുട്ബോൾ ടീം കോച്ച് ബിനോ ജോർജിനെ വീട്ടിലെത്തി പിതാവ് അഭിനന്ദനം അറിയിച്ചു.മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ നടത്തറ ഇടവകയിൽ നാലാമത്തെകുട്ടിയുടെ മാമ്മോദീസ നടത്തി. മരത്താക്കരയിൽ സി. അൽബീനയുടെ സിൽവർ ജൂബിലിയിൽ പങ്കെടുത്തു. ഫൊറോന വികാരിമാരുടെ മീറ്റിംഗിൽ പങ്കെടുത്തു.
4. രാവിലെ ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് തൃശ്ശൂർ അതിരൂപതയുടെ മുൻ മെത്രാനായിരുന്ന അഡോൾഫ് മെഡ്ലിക്കോട്ട് പിതാവിന്റെ ചരമവാർഷികദിനത്തിൽ ആൻഡ്രൂസ് പിതാവ് വിശുദ്ധ ബലിയർപ്പിച്ച് പ്രാർത്ഥിച്ചു. തുടർന്ന് മുണ്ടൂർ ഇടവകയിൽ വച്ച് ഫിജോ സൈമൺ അനുസ്മരണാർത്ഥം നിർമിച്ച ഭവനത്തിന്റെ താക്കോൽ ദാനം അഭിവന്ദ്യ താഴത്ത് പിതാവ് നിർവഹിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപത ദിനം എക്സിക്യൂട്ടീവ് മീറ്റിംഗിൽ പിതാവ് പങ്കെടുത്തു. മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ എടക്കളത്തൂർ ഇടവകയിൽ നാലാമത്തെകുട്ടിയുടെ മാമ്മോദീസ നടത്തി. കല്ലൂർ പടിഞ്ഞാറേ പള്ളിയിൽ സി. സെബാസ്റ്റ്യാന ഒ. പി. 41–ാം ഓർമ്മദിനത്തിൽ വി. ബലിയർപ്പിച്ചു. വൈകീട്ട് മാർ ടോണി നീലങ്കാവിൽ പിതാവ് മാടക്കത്തറയിൽ നാലാമത്തെകുട്ടിയുടെ മാമ്മോദീസ നടത്തി.
5. സന്തോഷ് ട്രോഫി വിജയിച്ച കേരള ടീം ക്യാപ്റ്റൻ ജിജോ ജോസഫിന് തിരൂർ ഇടവക നൽകിയ സ്വീകരണത്തിൽ അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് പങ്കെടുത്ത അദ്ദേഹത്തെ അഭിനന്ദിച്ചു.
6. രാവിലെ സ്പിരിച്ചൽ ആനിമേഷൻ സെന്ററിൽ വിവാഹത്തിന് ഒരുക്കമായുള്ള കോഴ്സിൽ പങ്കെടുക്കുന്ന അവർക്ക് വേണ്ടി അഭിവന്ദ്യ താഴത്ത് പിതാവ് വിശുദ്ധ ബലിയർപ്പിച്ച പ്രാർത്ഥിച്ചു. തുടർന്ന് സെബാസ്റ്റ്യൻ പൊഴലിപറമ്പിൽ പിതാവിന്റെ അമ്മയുടെ വിനിയോഗത്തിൽ അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് അനുശോചനം രേഖപ്പെടുത്തുകയും പ്രാർഥനാ ശുശ്രൂഷ നടത്തുകയും ചെയ്തു.
7. പാസ്ററൽ കൗൺസിൽ അംഗങ്ങൾക്ക് വേണ്ടിയുള്ള പരിശീലന

പരിപാടി ആൻഡ്രൂസ് പിതാവ് ഉദ്ഘാടനം ചെയ്തു. ഉച്ചതിരിഞ്ഞ് മൈനർ സെമിനാരിയിൽ വെച്ച് തൃശ്ശൂർ അതിരൂപതയ്ക്കുവേണ്ടി 10 വൈദിക വിദ്യാർത്ഥികളുടെ വൈദിക വസ്ത്ര സ്വീകരണത്തിന് അഭിവന്ദ്യ താഴത്ത് പിതാവ് കാർമികത്വം വഹിച്ചു. വൈകീട്ട് ഡി. ബി. സി. എൽ. സി. യിൽ വച്ച് ലോഫ് സംഘടനയുടെ മീറ്റിംഗ് പിതാവ് സംബന്ധിച്ചു.മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ഒല്ലൂർ മേരി മാത പള്ളിയിൽ വി. ബലിയർപ്പിച്ചു. ബഹു. ജോസ് തെക്കേക്കരയ ച്ചന്റെ മരണവാർഷികത്തോടനുബന്ധിച്ച് പോട്ടയിൽ വി. ബലി യർപ്പിച്ചു.

8. രാവിലെ ആൻഡ്രൂസ് പിതാവ് പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുടെ പരിശീലനപരിപാടിയിൽ വിശുദ്ധ കുർബാന അർപ്പിച്ച് പ്രാർത്ഥി ക്കുകയും അവർക്കുവേണ്ടി ക്ലാസ് എടുക്കുകയും ചെയ്തു. അതിനു ശേഷം പൂരം ഓഫീസ് അഭിവന്ദ്യ താഴത്ത് പിതാവ് സന്ദർശിച്ച് പൂരത്തിന് എല്ലാ ആശംസകളും ഇരുദേവസ്വങ്ങൾക്കും നേർന്നു. വൈകീട്ട് കുരിയച്ചിറ സെന്റ്. ജോസഫ് ഇടവകയിൽ വിശുദ്ധ ബലി അർപ്പിക്കുകയും നവതി ആഘോഷങ്ങളുടെ സമാപന സമ്മേളനം ആൻഡ്രൂസ് പിതാവ് ഉദ്ഘാടനം ചെയ്യുകയും ചെയ്തു.മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ കീഴ്പ്പുള്ളിക്കര ഇടവകയിൽ വി. ബലി യർപ്പിച്ചു. നോർത്ത് തങ്ങാലൂർ ദൈവാലയത്തിൽ ആദ്യകുർബ്ബാന സ്വീകരണം നടത്തി. വേലൂപ്പാടത്ത് സെന്റ് ജോസഫ് വർഷ സമാപന പരിപാടികളിൽ പങ്കെടുത്തു.

9. രാവിലെ ബഹുമാനപ്പെട്ട സിസ്റ്റർ ലില്ലി ചിറ്റിലപ്പിള്ളിയുടെ (സ്കൂൾ സിസ്റ്റേഴ്സ്) മൃതദേഹസംസ്കാരത്തിൽ അഭിവന്ദ്യ താഴത്ത് പിതാവ് പങ്കെടുത്തു. അതിനുശേഷം ബഹുമാന്യനായ കേരള ഗവർണർ ശ്രീ ആരിഫ് മുഹമ്മദ് ഖാൻ ആൻഡ്രൂസ് പിതാവിനെ സന്ദർശിച്ചു. തുടർന്ന്  വൈദികർക്കു വേണ്ടിയുള്ള തുടർ പരിശീലനപരിപാടി ഒന്നാമത്തെ ബാച്ച് പിതാവ് ഉദ്ഘാടനം ചെയ്തു. ഉച്ചതിരിഞ്ഞ് അതിരൂപതയിലെ ബഹുമനപ്പെട്ട ഷാജു ചിറയത്ത് അച്ചന്റെ മൃതദേഹ സംസ്കാരശുശ്രൂഷയ്ക്ക് അഭിവന്ദ്യ താഴത്ത് പിതാവ് കാർമികത്വം വഹിച്ചു. മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മറ്റം ഇടവകയിൽ നാലാമത്തെകുട്ടിയുടെ മാമ്മോദീസ നടത്തി.

10. മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ വേലൂർ ഇടവകയിൽ നാലാമത്തെകുട്ടിയുടെ മാമ്മോദീസ നടത്തി. വൈദികരുടെ ലിവ് & ലേൺ പോഗ്രാമിൽ പങ്കെടുത്തു.

11. മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ അരണാട്ടുകര ഇടവക യിൽ നാലാമത്തെകുട്ടിയുടെ മാമ്മോദീസ നടത്തി. വൈദികരുടെ ലിവ്

& ലേൺ പോഗ്രാമിൽ പങ്കെടുത്തു.

12. മേജർ സെമിനാരി കോൺഫറൻസിന്റെ ഭാഗമായി മൈനർ സെമിനാരിയിൽ വെച്ച് അഭിവന്ദ്യ താഴത്ത് പിതാവ് വിശുദ്ധ കുർബാന അർപ്പിക്കുകയും പരിശീലനത്തിൽ ഇരിക്കുന്ന വൈദിക വിദ്യാർത്ഥികളോടും പരിശീലിപ്പിക്കുന്ന വൈദികരോടും പിതാവ് സംവദിച്ചു. മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ നെന്മണിക്കര ഇടവകയിൽ നാലാമത്തെകുട്ടിയുടെ മാമ്മോദീസ നടത്തി. ഓൾ സെമിനാരിയൻസ് ഡേയിൽ പങ്കെടുത്തു.

13. മെത്രാപ്പോലീത്തയായ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിനെ തൃശ്ശൂർ അതിരൂപതയിൽ സ്വീകരണം നൽകി. തുടർന്ന് ആൻഡ്രൂസ് പിതാവ് ജൂബിലി മിഷൻ ഹോസ്പിറ്റലിന്റെ ഉപദേശക സമിതി യോഗത്തിൽ സംബന്ധിച്ചു. മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മൈനർ സെമിനാരിയിൽ മേജർ സെമിനാരികാർക്കായ് വി. ബലിയർപ്പിച്ചു. ഡി.ബി.സി.എൽ.സി യിൽ വച്ച് നടത്തിയ ഫാമിലി സിമ്പോസിയം ഉദ്ഘാടനം ചെയ്തു.

14. രാവിലെ ചെങ്ങാലൂർ ഇടവകയിൽ വച്ച് അഭിവന്ദ്യ താഴത്ത് പിതാവ് കാട്ടുമാത്ത് ടൈറ്റസ്-സിനി ദമ്പതികളുടെ അഞ്ചാമത്തെ കുട്ടിക്ക് (വർഗ്ഗീസ്) മാമ്മോദീസ നൽകി. തുടർന്ന് ജ്യോതി എൻജിനീയറിങ് കോളേജിൽ ഗ്രാജ്വേഷൻ സെറിമണിയിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് പാത്രമംഗലം ഇടവകയുടെ സുവർണ്ണ ജൂബിലി സമാപന യോഗ ത്തിലും വിശുദ്ധ കുർബാനയിലും പിതാവ് സംബന്ധിച്ചു. മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ പുതുരുത്തി ഇടവകയിൽ നാലാമ ത്തെ കുട്ടിയുടെ മാമ്മോദീസ നടത്തി. മരിയാപുരം എം.എം.ബി ഹൗസിൽ ബ്രദേഴ്സിന്റെ സിൽവർ ജൂബിലിയിൽ പങ്കെടുത്തു.

15. നെഹ്റു നഗർ ഇടവകയിൽ ആൻഡ്രൂസ് പിതാവ് വിശുദ്ധ ബലിയ ർപ്പിക്കുകയും ദൈവസഹായം പിള്ള യുടെ പുതിയ രൂപം ആശീർവദി ക്കുകയും ചെയ്തു. കുരിയച്ചിറ സെന്റ്. പോൾസ് സ്കൂളിൽ വച്ച് നടത്തിയ ജീസസ് യൂത്ത് സംഘടനയുടെ പുതിയ നേതാക്കളുടെ സംഗമത്തിൽ അഭിവന്ദ്യ താഴത്ത് പിതാവ് സംബന്ധിച്ചു. തുടർന്ന് ഡി. ബി. സി. എൽ. സി. യിൽ വച്ച് നടത്തിയ കുടുംബോത്സവത്തിൽ ആൻഡ്രൂസ് പിതാവ് പങ്കെടുത്തു. അമ്മാടം സി.എൽ.സി. യുടെ നൂറാം വർഷം ഉദ്ഘാടനം ചെയ്തു മണ്ണുത്തി ഡോൺ ബോസ്കോ യിൽ വൈദികന്റെയും ബ്രദറിന്റെയും ഡയമണ്ട് ജൂബിലിയിൽ പങ്കെടുത്തു. ഡി.ബി.സി.എൽ.സി യിൽ വച്ച് നടത്തിയ ഫാമിലി സിമ്പോസിയത്തിന്റെ സമാപനത്തിൽ പങ്കെടുത്തു.

16. വൈദികർക്ക് വേണ്ടിയുള്ള തുടർ പരിശീലന പരിപാടി ലിവ് ആൻഡ്

ലേൺ രണ്ടാമത്തെ ബാച്ച് ആൻഡ്രൂസ് പിതാവ് ഉദ്ഘാടനം ചെയ്തു. മർത്താ പ്രോവിൻഷ്യൽ ഹൗസിൽ ഫൈനൽ പ്രൊഫഷൻ നടത്തി.

17. എഫ്. സി. സി. കോൺഗ്രിഗേഷനിലെ 8 പ്രൊവിൻസുകളിൽനിന്നുള്ള രജത ജൂബിലി ആഘോഷിക്കുന്ന 70 സന്യാസിനികളുടെ ജൂബിലി ആഘോഷത്തിൽ അഭിവന്ദ്യ താഴത്ത് പിതാവ് വിശുദ്ധ ബലിയർപ്പിച്ച് പ്രാർത്ഥിച്ചു.

18. ചേറൂർ മൗണ്ട് കാൽവരി സിസ്റ്റേഴ്സിന്റെ സെന്റ്. ജോസഫ് കോൺവെന്റിൽ ആൻഡ്രൂസ് പിതാവ് വൈകിട്ട് വിശുദ്ധ ബലിയർപ്പിച്ച് പ്രാർത്ഥിക്കുകയും അവരുടെ പുതിയ മദർ ജനറലായി തിരഞ്ഞെടുക്കപ്പെട്ട സിസ്റ്റർ മരിയ സ്പെരാൻസയെ അനുമോദിക്കുകയും ചെയ്തു. മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മൈനർ സെമിനാരിയിൽ സെലക്ഷൻ ക്യാമ്പിൽ വി. ബലിയർപ്പിച്ചു.

19. അഭിവന്ദ്യ താഴത്ത് പിതാവ് മൈനർ സെമിനാരിയിൽ വച്ച് പുതുതായി സെമിനാരിയിൽ ചേരാൻ ആഗ്രഹിക്കുന്ന കുട്ടികളുമായി സംവദിച്ചു. മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ഒല്ലൂർ ഇടവകയിൽ നാലാമത്തെ കുട്ടിയുടെ മാമ്മോദീസ നടത്തി.

20. വേലൂർ ഫൊറോനയിൽ നടന്ന അതിരൂപതാ ദിനത്തിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു. വൈദികർക്ക് വേണ്ടിയുള്ള പ്രത്യേക മാധ്യസ്ഥ പ്രാർത്ഥന ആബ റിന്യൂവൽ സെന്ററിൽ വച്ച് ആൻഡ്രൂസ് പിതാവ് ഉദ്ഘാടനം ചെയ്തു.

21. ലൂർദ് കത്തീഡ്രലിൽ വെച്ച് അഭിവന്ദ്യ കുണ്ടുകുളം പിതാവിന്റെ കബറിടത്തിൽ നിന്നും കുടുംബ കൂട്ടായ്മ സുവർണജൂബിലി വിളംബരജാഥ, പതാകയും ദീപശിഖയും കൈമാറിക്കൊണ്ട് അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് ഉദ്ഘാടനം ചെയ്തു. സ്കൂൾ സിസ്റ്റേഴ്സിന്റെ പ്രൊവിൻസ് ദിനവും ജൂബിലി ആഘോഷവും വിശുദ്ധ കുർബാനയോടെ അഭിവന്ദ്യ താഴത്ത് പിതാവ് ഉദ്ഘാടനം ചെയ്തു. ഉച്ചതിരിഞ്ഞ് പറപ്പൂർ സ്കൂളിന്റെ നവീകരിച്ച കെട്ടിടത്തിന്റെ ആശീർവാദകർമ്മം അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് നിർവഹിച്ചു.

22. രാവിലെ ആമ്പക്കാട് ഇടവകയിൽ അഭിവന്ദ്യ താഴത്ത് പിതാവ് വിശുദ്ധ കുർബാന അർപ്പിച്ചു. ഉച്ചകഴിഞ്ഞ് ഈ വർഷം ആദ്യ കുർബാന സ്വീകരണം നടത്തിയ അതിരൂപതയിലെ കുട്ടികൾക്ക് സ്വീകരണവും വിശുദ്ധ ബലിയും ഉണ്ടായിരുന്നു. അതിനുശേഷം കെ. സി. വൈ. എം./എസ്. എം. വൈ. എം. സംഘടനയുടെ ജനറൽ ബോഡി മീറ്റിംഗ് അതിരൂപത കേന്ദ്രത്തിൽ വച്ച് നടന്നപ്പോൾ പിതാവ് പങ്കെടുത്ത് സംസാരിച്ചു. മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ഇരിഞ്ഞാലക്കുട ഡോൺ ബോസ്കോ ആശ്രമദൈവാലയത്തിൽ

വി.ബലിയർപ്പിച്ചു. ഉച്ചക്കഴിഞ്ഞ് എയ്ഞ്ചലോസിൽ പങ്കെടുത്തു.

23. രാവിലെ സിസ്റ്റർ ലിബിയ എഫ്. സി. സി. യുടെ മൃതദേഹ സംസ്കാര ത്തിൽ ആൻഡ്രൂസ് പിതാവ് കാർമികത്വം വഹിച്ചു. തുടർന്ന് സി. സി. ഡബ്ല്യു. ഐ. യുടെ സിൽവർ ജൂബിലി ആഘോഷങ്ങൾക്ക് ഫാമിലി അപ്പോസ്തോലേറ്റിൽ വച്ച് അഭിവന്ദ്യ താഴത്ത് പിതാവ് തുടക്കംകുറിച്ചു. ഉച്ചകഴിഞ്ഞ് സെമിനാരി പരിശീലനത്തിലാ യിരിക്കുന്ന വൈദികർക്ക് വേണ്ടിയുള്ള മെൻഡർ ട്രെയിനിങ് പ്രോഗ്രാം മേരിമാത സെമിനാരിയിൽ വച്ച് സംഘടിപ്പിച്ചപ്പോൾ ആൻഡ്രൂസ് പിതാവ് അതിൽ സംബന്ധിച്ചു.
24. തൃശ്ശൂർ അതിരൂപതയ്ക്ക് വേണ്ടി പുതുതായി വൈദിക വസ്ത്രം സ്വീകരിച്ച 10 വൈദിക വിദ്യാർഥികൾക്ക് അതിരൂപത കേന്ദ്രത്തിൽ സ്വീകരണം നൽകി.
25. മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ അരിമ്പൂർ ഇടവകയിൽ നാലാമത്തെ കുട്ടിയുടെ മാമ്മോദീസ നടത്തി.
26. സിസ്റ്റേഴ്സ് ഓഫ് സെന്റ്. ആൻസ് ഓഫ് ബാംഗ്ലൂർ ആരംഭിക്കുന്ന തലക്കോട്ടുകരയിലെ സ്പെഷ്യൽ സ്ക്കൂളിന്റെ കെട്ടിടം അഭിവന്ദ്യ താഴത്ത് പിതാവ് ആശിർവദിച്ചു. ഉച്ചകഴിഞ്ഞ് ഉപദേശകസമിതി യോഗത്തിൽ ആൻഡ്രൂസ് പിതാവ് സംബന്ധിച്ചു. വൈകീട്ട് മുക്കാ ട്ടുകര ഇടവകയിൽ സംഘടിപ്പിച്ച യുവജന സംഗമത്തിൽ അഭിവന്ദ്യ താഴത്ത് പിതാവ് പങ്കെടുത്ത് സംസാരിച്ചു.
27. കാക്കനാട് മൗണ്ട് സെന്റ്. തോമസ്സിൽ വച്ച് ദീപിക പത്രത്തിന്റെ യോഗത്തിൽ അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് സംബന്ധിച്ചു.
28. തൃശൂർ അതിരൂപതയിലെ വൈദികനായിരുന്ന ബഹുമാനപ്പെട്ട സിൻസൺ എടക്കളത്തൂർ അച്ചന്റെ ഒന്നാം ചരമവാർഷിക ദിനത്തിൽ അഭിവന്ദ്യ താഴത്ത് പിതാവ് മുല്ലശ്ശേരി ഇടവകയിൽ വച്ച് വിശുദ്ധ ബലിയർപ്പിച്ച് പ്രാർത്ഥിച്ചു. ആബ റിന്യൂവൽ സെന്ററിൽ വെച്ച് കരിസ്മാറ്റിക് ലീഡേഴ്സിനുവേണ്ടിയുള്ള സംഗമത്തിൽ പിതാവ് പങ്കെടുത്ത് പ്രാർത്ഥിച്ചു.
29. അതിരൂപതയിലെ സി. എൽ. സി. യും ദീപിക ദിനപത്രവും ചേർന്ന് സംഘടിപ്പിച്ച ദിശ 2022 എന്ന കരിയർ ഗൈഡൻസ് പ്രോഗ്രാം അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവ് ഡി. ബി. സി. എൽ. സി. യിൽ വച്ച് ഉദ്ഘാടനം ചെയ്തു. തുടർന്ന് വൊക്കേഷനിസ്റ്റ് സഭയുടെ സ്ഥാപകനായ വിശുദ്ധ ജുസ്തീനോ റുസൊളിലോയെ വിശുദ്ധനായി പ്രഖ്യാപിച്ചതിന്റെ കൃതജ്ഞതാബലി തൃശ്ശൂർ വ്യാകുലമാതാവിന്റെ ബസിലിക്കയിൽ വച്ച് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരിയും അഭിവന്ദ്യ പിതാക്കൻമാരും അർപ്പിച്ചു. ഉച്ചയ്ക്കുശേഷം


കുടുംബകൂട്ടായ്മ സുവർണ്ണ ജൂബിലിയുടെ സമാപന സമ്മേളനത്തിൽ കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരിയും അഭിവന്ദ്യ ആൻഡ്രൂസ് പിതാവും സംബന്ധിച്ചു. വൈകീട്ട് ഷെക്കെയ്ന ടി.വി.യിൽ നാഷണൽ കരിസ്മാറ്റിക് റിന്യൂവൽ സുവർണ്ണ ജൂബിലിയുടെ ഭാഗമായി സംഘടിപ്പിച്ച യോഗത്തിൽ നുൺഷ്യോ ആർച്ച് ബിഷപ്പ് ലിയോപോൾഡോ ജിറെല്ലിയോടൊപ്പം അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് സംബന്ധിച്ചു. മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ പുതുശ്ശേരി ഇടവകയിൽ വി. ബലിയർപ്പിച്ചു. തുടർന്ന് ബസിലിക്കയിൽ വൊക്കേഷണിസ്റ്റ് സമർപ്പിതരുടെ കൃതജ്ഞത ബലിയിൽ പങ്കെടുത്തു. കുടുംബകൂട്ടായ്മ ഗോൾഡൻ ജൂബിലി സമാപനത്തിൽ പങ്കെടുത്തു.

30. കുഴിക്കാട്ടുശ്ശേരി വിശുദ്ധ മറിയം ത്രേസ്യയുടെ തീർത്ഥകേന്ദ്രത്തിൽ തിരുനാളിനോട് അനുബന്ധിച്ചുള്ള കൊടി കയറ്റത്തിനും വിശുദ്ധ കുർബാനയ്ക്കും അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവ് നേതൃത്വം നൽകി.മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മരോട്ടിച്ചാൽ ഇടവകയിൽ നാലാമത്തെ കുട്ടിയുടെ മാമ്മോദീസ നടത്തി.
31. കാക്കനാടുള്ള എക്സ്. ഐ. എം. ഇ. ഇൻസ്റ്റിറ്റ്യൂട്ടിൽ യുവ സാമൂഹ്യ പ്രവർത്തകർക്കുള്ള പരിശീലന സെമിനാറിൽ അഭിവന്ദ്യ താഴത്ത് പിതാവ് സംസാരിച്ചു. മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മുണ്ടൂർ ഇടവകയിൽ നാലാമത്തെ കുട്ടിയുടെ മാമ്മോദീസ നടത്തി.

# ധന്യൻ
# അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ

### രണ്ടാം ശനിയാഴ്ചാചരണം

ജൂൺ മാസത്തിലെ രണ്ടാം ശനിയാചരണം 11-06-2022 ൽ ചൊവ്വന്നൂർ സെന്റ് തോമസ് ദേവാലയത്തിൽ വച്ച് നടത്തപ്പെട്ടു. ജപമാല പ്രാർത്ഥനക്ക് നേതൃത്വം നൽകിയത് നന്തിക്കര ഇടവകയിലെ ചാരിറ്റി സഹോദരിമാരും ഇടവകാംഗങ്ങളും ആയിരുന്നു. വി. ബലിയർപ്പിച്ച് സന്ദേശം നൽകുകയും ഭക്തിസാന്ദ്രമായ ആരാധന നടത്തുകയും ചെയ്തത് ഇരിങ്ങാലക്കുട രൂപതാംഗവും നന്തിക്കര ഇടവക വികാരിയും, സഹൃദയ കോളേജിലെ അധ്യാപകനുമായ ബ. ബിനോയ് നെരേപറമ്പിൽ അച്ചനായിരുന്നു. തിരുഹൃദയത്തിന് പ്രതിഷ്ഠിതമായ ജൂൺമാസത്തിലെ അനുസ്മാരണാചരണമായതിനാൽ തിരുഹൃദയഭക്തിക്ക് ജീവിതത്തിൽ ഏറെ പ്രാധാന്യം നൽകിയ ഊക്കനച്ചനെകുറിച്ചായിരുന്നു ബ. ബിനോയച്ചൻ പങ്കുവച്ചതത്രയും അദ്ദേഹത്തിന്റെ വാക്കുകൾ:



- ഊക്കനച്ചന്റെ ആത്മീയതയിൽ ഏറെ നിക്ഷേപങ്ങളുണ്ടായിരുന്നു. അതിൽ ഏറെ പ്രാധാന്യമർഹിക്കുന്നതാണ് ഈശോയുടെ തിരുഹൃദയത്തോടുള്ള ഭക്തി.
- തിരുഹൃദയ ഭക്തിയിൽ വളരുന്നതിന് എന്തൊക്കെ ചെയ്യണമെന്ന് ഊക്കനച്ചൻ ഓർമ്മിപ്പിക്കുന്നത് പ്രകാരമാണ്. വി.കുർബാനയിൽ പങ്കെടുക്കണം; കുമ്പസാരിച്ച് വി.


കുർബാന സ്വീകരണം ഒരു മണിക്കൂർ ആരാധന നടത്തണം. തിരുഹൃദയത്തിരുനാളിനൊരുക്കമായി നവനാൾ നടത്തണം.

- ഊക്കനച്ചന്റെ പ്രാർത്ഥ ഇങ്ങനെ ആയിരുന്നു: "തിരുഹൃദയത്തോടുള്ള ഭക്തിയാൽ എരിയുന്ന ഒരു വൈദീകനാക്കി എന്നെ മാറ്റേണമെ". തീർച്ചയായും ഊക്കനച്ചന്റെ പ്രാർത്ഥന ദൈവം കേട്ടു. അതിനുള്ള പരിശ്രമത്തെ അവിടുന്ന് ബഹുമാനിച്ചു. അതിനാൽ തിരുഹൃദയഭക്തിയിൽ ജ്വലിച്ച് ഉപവി പ്രവർത്തനങ്ങളിൽ വ്യാപൃതനായ ഒരു വൈദീകനെ നമുക്ക് ലഭിച്ചു: ധന്യനായ ഊക്കനച്ചൻ.
- ഒരിക്കൽ ധ്യാനത്തിനിടെ ഊക്കനച്ചന് ഇങ്ങനെയൊരു വെളിപാടുണ്ടായി ഈശോ അദ്ദേഹത്തോട് ചോദിച്ചു. "നിന്റെ ഹൃദയം, അത് എനിക്ക് തരുമോ?" ഊക്കനച്ചൻ വളരെ പുഞ്ചിരിയോടുകൂടെ മറുപടി പറഞ്ഞു. "എന്റെ ഹൃദയം ഞാൻ അങ്ങേക്കല്ലാതെ മറ്റാർക്ക് നൽകും? അങ്ങേക്കല്ലാതെ മറ്റാർക്കെങ്കിലും നൽകിയാൽ അതെന്റെ ജീവിതം നഷ്ടപ്പെടുത്തുന്നതിന് തുല്യമാകില്ലേ!"
- ദൈവം നമ്മോട് ഇത്ര സ്നേഹത്തോടെ, കാരുണ്യത്തോടെ പെരുമാറുമ്പോൾ നാം അവിടുത്തേക്ക് നൽകുന്ന പ്രത്യുത്തരമാണ് തിരുഹൃദയഭക്തി. എല്ലാവരെയും ഉൾക്കൊള്ളുന്നതാണ് തിരുഹൃദയം. അതുകൊണ്ടാണ് ഈശോ പറയുന്നത്: "അധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും എന്റെ അടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം". തന്മൂലം ഊക്കനച്ചൻ ഇങ്ങനെ കൂട്ടിച്ചേർത്തു. "ഈശോയുടെ തിരുഹൃദയം നമുക്കെല്ലാവർക്കും ഒരു അഭയകേന്ദ്രമാണ്". അതിനാൽ അദ്ദേഹത്തിന്റെ ഒരു പ്രാർത്ഥന ഇപ്രകാരമായിരുന്നു". "പ.അമ്മേ, ഈശോയുടെ തിരുഹൃദയത്തിൽ ഒരു സ്ഥാനം എനിക്കായി കരുതി വയ്ക്കണമെ".
- ഈ വിശുദ്ധബലിയിൽ പങ്കെടുക്കുമ്പോൾ നമുക്കും പ്രാർത്ഥിക്കാം. ഈശോയുടെ തിരുഹൃദയത്തോടുള്ള ഭക്തിയിൽ ഞങ്ങളെയും വളർത്തണമെ. എന്റെ ലളിതമായ ആത്മീയ ജീവിതത്തിൽ ഒരു സമ്പത്തിനായി ഈ ഭക്തി സൂക്ഷിക്കുവാൻ എന്നെ സഹായിക്കണെ". തിരുഹൃദയഭക്തനായ ഊക്കനച്ചൻ നമുക്ക് വേണ്ടി മാധ്യസ്ഥ്യം വഹിക്കട്ടെ!

ജൂൺ മാസത്തിലെ കർമ്മങ്ങൾ ഏറ്റെടുത്ത് നടത്തിയത് പാലാ രൂപതയിൽ നിന്നുള്ള ടോണി ജോസഫ് നെല്ലികുന്നേലും കുടുംബവുമാണ്. നന്തിക്കര ഇടവകയിലെ വിശ്വാസി സമൂഹവും അദ്യന്തം ചടങ്ങുകളിൽ പങ്കെടുത്തു. വികാരി.ബ.ഫാ.ജോജോ എടത്തിരുത്തി എല്ലാവർക്കും നന്ദികളർപ്പിക്കുകയും ചെയ്തു.

# ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ

1930 മുതൽ 1963 വരെ ചേലക്കരയുടെ സമസ്ത മേഖലകളിലും സജീവ സാന്നിദ്ധ്യമായിരുന്ന ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചന്റെ 59–ാം ശ്രാദ്ധാചരണം, ജൂൺ 1 മുതൽ 9 വരെ ഭക്തിനിർഭരമായ ചടങ്ങുകളോടെ ആചരിച്ചു. തൃശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത്, മാർ ടോണി നീലങ്കാവിൽ, നാമകരണനടപടികളുടെ വൈസ് പോസ്റ്റുലേറ്റർ റവ.ഡോ. പോൾ പുളിക്കൻ, വികാരി വെരി.റവ.ഫാ. ജോൺസൺ ഒലക്കേങ്കൽ, റവ. ഫാ. മേജോ മങ്ങാട്ടിളയൻ, റവ.ഫാ. സിന്റോ തോട്ട്യാൻ, റവ. ഫാ. ഷിജു ചിറ്റിലപ്പിള്ളി, റവ. ഫാ. ചാക്കോ ചിറമ്മേൽ, റവ. ഫാ. ആൻസൺ നീലങ്കാവിൽ, റവ. ഫാ. സിജോ ചെറുവത്തൂർ തുടങ്ങിയവർ വിവിധ തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നല്കി. ശ്രാദ്ധദിനമായ ജൂൺ 9ന് ആഘോഷപൂർവ്വമായ റാസക്ക് കോട്ടാറ്റ് ഇടവക വികാരി റവ.ഫാ. ആന്റണി തെക്കിനിയത്ത് മുഖ്യ കാർമ്മികനായിരുന്നു. റവ.ഡോ. പോൾ പുളിക്കൻ സന്ദേശം നല്കി. ശ്രാദ്ധാചരണ ദിനത്തിൽ ആയിരങ്ങൾ പങ്കെടുത്ത ശ്രാദ്ധ ഊട്ടും ഉണ്ടായിരുന്നു.



**ഫാ. പോൾ പുളിക്കൻ**
വൈസ് പോസ്റ്റുലേറ്റർ

# വൈദികർ




## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. സീജൻ ചക്കാലക്കൽ | 02 |
| ഫാ. സിജോ ചെറുവത്തൂർ | 02 |
| ഫാ. ടോണി വാഴപ്പിള്ളി | 06 |
| ഫാ. പോൾ ചിറ്റിലപ്പിള്ളി | 08 |
| ഫാ. ലിബിൻ ചെമ്മണ്ണൂർ | 09 |
| ഫാ. ജസ്റ്റിൻ തേക്കാനത്ത് | 09 |
| ഫാ. ജെയ്സൻ വട്ടനിരപ്പേൽ | 10 |
| ഫാ. ഫിനോഷ് കീറ്റിക്ക | 11 |
| ഫാ. ജോൺ അയ്യങ്കാനയിൽ | 12 |
| ഫാ. സെബാസ്റ്റ്യൻ കൊള്ളന്നൂർ | 12 |
| ഫാ. ഫ്രജോ വാഴപ്പിള്ളി | 12 |
| ഫാ. സജു വടക്കേത്തല | 13 |
| ഫാ. ജോസ് വട്ടക്കുഴി | 13 |
| ഫാ. ജോഫി ചിറയത്ത് | 16 |
| ഫാ. ആന്റണി മേച്ചേരിപ്പിടി | 16 |
| ഫാ. പോൾസൺ പാലത്തിങ്കൽ | 16 |
| ഫാ. റെന്നി മുണ്ടൻകുരിയൻ | 19 |
| ഫാ. പോൾ പുളിക്കൻ | 19 |
| ഫാ. ആന്റണി തേക്കാനത്ത് | 19 |
| ഫാ. ജോജു ചിരിയങ്കണ്ടത്ത് | 20 |
| ഫാ. ആൻഡ്രൂസ് കുറ്റിക്കാട്ട് | 20 |
| ഫാ. ബാസ്റ്റ്യൻ പുന്നോലിപറമ്പിൽ | 20 |
| ഫാ. പ്രിൻസ് പൂവ്വത്തിങ്കൽ | 21 |
| ഫാ. ജോൺ കിടങ്ങൻ | 22 |
| ഫാ. ഷാജൻ തേർമഠം | 22 |
| ഫാ. വിൻസെന്റ് ചിറ്റിലപ്പിള്ളി | 24 |
| ഫാ. ജിന്റോ കുറ്റിക്കാട്ട് | 25 |
| ഫാ. ആന്റണി ചെമ്പകശ്ശേരി | 26 |
| ഫാ. തോമസ് കാക്കശ്ശേരി | 27 |
| ഫാ. ബിജു ആലപ്പാട്ട് | 28 |




## നാമഹേതുകതിരുനാൾ

| | |
|---|---|
| ഫാ. തോമസ് ചക്കുംപീടിക | 03 |
| ഫാ. ക്രിസ്റ്റീൻ ചിറമ്മൽ | 03 |
| ഫാ. ജിൻസൻ ചിരിയങ്കണ്ടത്ത് | 03 |
| ഫാ. തോമസ് ചൂണ്ടൽ | 03 |
| ഫാ. തോമസ് എടക്കളത്തൂർ | 03 |
| ഫാ. തോമസ് കാക്കശ്ശേരി | 03 |
| ഫാ. ടോണി തോമസ് കാക്കശ്ശേരി | 03 |
| ഫാ. സെബി കാഞ്ഞിരത്തിങ്കൽ | 03 |
| ഫാ. ഫ്രാങ്ക്ളിൻ കണ്ണനായ്ക്കൽ | 03 |
| ഫാ. സജിൽ കണ്ണനായ്ക്കൽ | 03 |
| ഫാ. ഫിനോഷ് കീറ്റിക്ക | 03 |
| ഫാ. ബെന്നി കിടങ്ങൻ | 03 |
| ഫാ. ജിസോ കുറ്റിക്കാട്ട് | 03 |
| ഫാ. മേജോ മരോട്ടിക്കൽ | 03 |
| ഫാ. ടിജോ മുള്ളക്കര | 03 |
| ഫാ. ജോബ് പടയാട്ടിൽ | 03 |
| ഫാ. തോമസ് പൂപ്പാടി | 03 |
| ഫാ. ലിയോ പുത്തൂർ | 03 |
| ഫാ. തോമസ് ഊക്കൻ | 03 |
| ഫാ. തോമസ് വടക്കേത്തല | 03 |
| ഫാ. തോമസ് വടക്കൂട്ട് | 03 |
| ഫാ. ജെയ്സൻ വട്ടനിരപ്പേൽ | 03 |
| ഫാ. റോയ് വേളക്കൊമ്പിൽ | 03 |
| ഫാ. തോമസ് വേലൂക്കാരൻ | 03 |
| ഫാ. ജിയോ വേലൂക്കാരൻ | 03 |
| ഫാ. ഫ്രെഡറിക് എലുവത്തിങ്കൽ | 18 |
| ഫാ. നോബിൾ പെട്ടയിൽ | 20 |
| ഫാ. ജോയി അടമ്പുകുളം | 25 |
| ഫാ. ജാക്സൻ ചാലക്കൽ | 25 |
| ഫാ. ചാക്കോ ചെറുവത്തൂർ | 25 |
| ഫാ. ചാക്കോ ചിറമ്മൽ | 25 |

| | |
|---|---|
| ഫാ. ഷിജു ചിറ്റിലപ്പിള്ളി | 25 |
| ഫാ. ജേക്കബ് എടക്കളത്തൂർ | 25 |
| ഫാ. ജിമ്മി കല്ലിങ്കൽക്കുടിയിൽ | 25 |
| ഫാ. ജാക്സൻ കൂനംപ്ലാക്കൽ | 25 |
| ഫാ. അനീഷ് കൂത്തൂർ | 25 |
| ഫാ. ചാക്കോ നടക്കാവേലിയിൽ | 25 |
| ഫാ. ഷിജോ പള്ളിക്കുന്നത്ത് | 25 |
| ഫാ. ചാക്കോ പാറയിൽ | 25 |
| ഫാ. ജേക്കബ് തച്ചറാട്ടിൽ | 25 |
| ഫാ. സൈജോ തൈക്കാട്ടിൽ | 25 |
| ഫാ. സിന്റോ തൊറയൻ | 25 |
| ഫാ. സജു വടക്കേത്തല | 25 |
| ഫാ. ജെയിംസ് വടക്കൂട്ട് | 25 |
| ഫാ. ട്രെജിൻ തട്ടിൽ | 28 |
| ഫാ. സീജൻ ചക്കാലക്കൽ | 31 |
| ഫാ. മിഥുൻ ചുങ്കത്ത് | 31 |
| ഫാ. ഇഗ്നേഷ്യസ് നന്തിക്കര | 31 |
| ഫാ. ഫ്രാൻസോ തെക്കത്ത് | 31 |




## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. പോൾ ചിറപ്പണത്ത് | 05.07.1915 |
| ഫാ. ജോസഫ് പുത്തൂർ | 18.07.1944 |
| ഫാ. ജോർജ്ജ് എളങ്കുന്നപ്പുഴ | 23.07.1945 |
| ഫാ. ഗ്രൂസ് പാനികുളം | 09.07.1948 |
| ഫാ. കുരിയൻ വാഴപ്പിള്ളി | 08.07.1950 |
| ഫാ. ജോസഫ് തെക്കൂടൻ | 11.07.1953 |
| ഫാ. ജോസഫ് പറമ്പൻ | 27.07.1961 |
| ഫാ. ആന്റണി അക്കര സീനിയർ | 16.07.1971 |
| ഫാ. ജോർജ്ജ് തട്ടിൽ | 22.07.1971 |

| | |
|---|---|
| ഫാ. പോൾ അരിക്കാട്ട് സീനിയർ | 07.07.1973 |
| ഫാ. ജേക്കബ് പുലിക്കോട്ടിൽ | 12.07.1974 |
| ഫാ. ആന്റണി തേലപ്പിള്ളി | 28.07.1974 |
| ഫാ. ലൂവീസ് കണ്ണാത്ത് | 13.07.1975 |
| ഫാ. ജേക്കബ് ബ്രഹ്മകുളം | 18.07.1977 |
| മോൺ. ജോർജ്ജ് തെക്കേക്കര | 28.07.1983 |
| ഫാ. ആന്റണി വെള്ളാനിക്കാരൻ | 31.07.1985 |
| ഫാ. ജോസഫ് ചാലക്കൽ | 22.07.1993 |
| ഫാ. ജോൺ ആലപ്പാട്ട് | 09.07.1995 |
| ഫാ. സെബാസ്റ്റ്യൻ അറക്കൽ | 31.07.1995 |
| ഫാ. ജോസഫ് വടക്കൂട്ട് | 18.07.1997 |
| ഫാ. ആന്റണി അന്തിക്കാട്ട് | 14.07.2000 |
| ഫാ. ജോസഫ് ചുങ്കത്ത് ജൂനിയർ | 18.07.2000 |
| ഫാ. സൈമൺ എടക്കളത്തൂർ | 31.07.2005 |
| ഫാ. ചാൾസ് ചുങ്കത്ത് | 05.07.2010 |
| ഫാ. ജൈൽസ് ചേറ്റുപുഴക്കാരൻ | 27.07.2017 |
| മോൺ. ജോസഫ് കാക്കശ്ശേരി | 20.07.2021 |



# സന്ന്യസ്തർ

## സി.ആർ.ഐ. വാർത്തകൾ

ഏപ്രിൽ– മെയ് 2022

**1. എസ്. എ. ബി. എസ്.**

ഏപ്രിൽ 18 ന് നിത്യവ്രതവാഗ്ദാനം ചെയ്ത സിസ്റ്റേഴ്സിന്റെ മാതാപിതാക്കളുടെ സംഗമം മെയ് ഒന്നാം തീയ്യതി ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ നടന്നു. മെയ് 1 മുതൽ 4 വരെ ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടന്ന ജൂനിയർ സിസ്റ്റേഴ്സിന്റെ ധ്യാനത്തിന് റവ. ഫാ. റിന്റോ പുതുശ്ശേരി CMI നേതൃത്വം നൽകി. മെയ് 5ന് ജൂനിയർ സിസ്റ്റേഴ്സിന്റെ one day trip നടത്തി. മെയ് 7 ന് വൈകീട്ട് 7 മണി മുതൽ 8 മണി വരെ നടത്തിയ തിരുമണിക്കൂർ ആരാധനയോടെ നിർമ്മൽ റാണി പ്രോവിൻസിൽ പുതിയ ഭവനസമൂഹങ്ങൾ രൂപംകൊണ്ടു. ജൂനിയർ സിസ്റ്റേഴ്സിന്റെ കോമൺ ഡിറക്ട്രസ് ആയി സി. മേഴ്സിറ്റ കണ്ണമ്പുഴ ചുമതലയേറ്റു. മെയ് 8 മുതൽ പ്രൊവിൻഷ്യൽ ടീമിനായി ജനറലേറ്റ് സെനക്കിളിൽ നടത്തിയ ഓറിയന്റേഷൻ പ്രോഗ്രാമിൽ പ്രൊവിൻഷ്യൽ മദർ സോഫി പെരേപ്പാടൻ, കൗൺസിലേഴ്സ് എന്നിവർ പങ്കെടുത്തു. മെയ് 12 ന് പ്രൊവിൻഷ്യൽ ഫൈനാൻസ് ഓ

ഫീസർ സി. ക്ലരീസ മണവാളന്റെ നേതൃത്വത്തിൽ ഫൈനാൻസ് ഓഫീസേഴ്സിന്റെ മീറ്റിംഗ് ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തി. മെയ് 14 മുതൽ 19 വരെ ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടന്ന വാർഷികധ്യാനത്തിന് തലശ്ശേരി രൂപതാംഗവും ആൽഫാ തിയോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടറുമായ റവ. ഫാ. ടോം ഓലിക്കരോട്ട് നേതൃത്വം നൽകി. മെയ് 20 ന് വേലൂർ ഫൊറോനയിൽ വച്ച് നടന്ന അതിരൂപതാദിന ആഘോഷപരിപാടികളിൽ പ്രൊവിൻഷ്യലും സിസ്റ്റേഴ്സും പങ്കെടുത്തു. ആരാധന സന്യാസിനി സമൂഹത്തിന്റെ സഹസ്ഥാപക ദൈവദാസി മദർ മേരി ഫ്രാൻസിസ്ക്ക ദെഷന്താളിന്റെ 50–ാം ചരമവാർഷിക ദിനമായ മെയ് 25 ന് അമ്മയുടെ കബറിടം സ്ഥിതി ചെയ്യുന്ന അതിരമ്പുഴയിൽ നടന്ന വിശുദ്ധ ബലിയിലും മറ്റു തിരുക്കർമ്മങ്ങളിലും പ്രൊവിൻഷ്യലും സിസ്റ്റേഴ്സും പങ്കെടുത്തു. പരിശീലനം പൂർത്തിയാക്കിയ ആസ്പിരൻസും പോസ്റ്റുലൻസും അടുത്ത പരിശീലനഘട്ടങ്ങളിലേക്ക് പ്രവേശിച്ചു.

**2. സി.എസ്.എം ലൂർദ്നാഥ പ്രൊവിൻസ്**

മെയ് 10 ന് സിസ്റ്റേഴ്സിന്റെ സ്ഥലംമാറ്റം നടന്നു. ആദ്യവ്രതവാഗ്ദാനത്തിനും നിത്യവ്രതവാഗ്ദാനത്തിനും ഒരുങ്ങുന്ന സിസ്റ്റേഴ്സിന് ബഹു. റാഫേൽ അവണക്കുംപറമ്പിൽ അച്ചന്റെ നേതൃത്വത്തിൽ മണ്ണംപ്പേട്ട ജനറലേറ്റിൽവച്ച് കോഴ്സ് നടത്തുകയുണ്ടായി. നിത്യവ്രതവാഗ്ദാനത്തിന് ഒരുക്കമായി ജൂനിയർ സിസ്റ്റേഴ്സ് 21 ദിവസത്തെ ധ്യാനം ധോണി മരിയൻ റിട്രീറ്റ് സെന്ററിൽവച്ച് കൂടുകയുണ്ടായി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിലുള്ള ദിവ്യബലിയിൽ സി. നാൻസി മരിയ മെയ് 16 ന് നിത്യവ്രതവാഗ്ദാനം നടത്തി. പ്രൊവിൻഷ്യൽ ഹൗസിൽവച്ച് 2022 ലെ വൊക്കേഷൻ ക്യാമ്പ് നടത്തുകയുണ്ടായി. മെയ് 28 ന് മുളയം സെന്റ് പീയൂസ് കോൺവെന്റിൽവച്ച് പോസ്റ്റുലൻസ് നോവിഷ്യേറ്റിൽ പ്രവേശിച്ചു.

**3. എഫ്. സി. സി.**

തൃശ്ശൂർ അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് മെയ് 5 മുതൽ 8 വരെ നടന്ന Young Seniors Meet –ൽ 93 സിസ്റ്റേഴ്സ് പങ്കെടുത്തു. ബഹു. ഫാ. ബെന്നി എണ്ണക്കാപ്പിള്ളി സി.എം.ഐ രണ്ടു ദിവസത്തെ ക്ലാസ് നയിച്ചു. തൃശൂർ അതിരൂപത പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾക്കായി മുളയം മേജർ സെമിനാരിയിൽ വച്ച് നടന്ന ട്രെയിനിംഗ് പ്രോഗ്രാമിൽ മെയ് 7–ാം തീയതി പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. സി. ലിറ്റിൽ മേരി അതിരൂപതയുടെ വിശ്വാസപൈതൃകങ്ങളെക്കുറിച്ച് ക്ലാസ് നയിച്ചു. മെയ് 9–ാം തീയതി ബാംഗ്ലൂർ സെൻറ് ജോൺസ്

മെഡിക്കൽ കോളേജിൽ നിന്ന് MBBS പാസ്സായ സി. ആൻസീനയുടെ കോൺവൊക്കേഷൻ ചടങ്ങിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. സി. ലിറ്റിൽ മേരിയും സി. ഗ്രാസിയ ജോണും സംബന്ധിച്ചു. മെയ് 12–ാം തീയതി മാംഗ്ലൂർ ഫാദർ മുള്ളർ മെഡിക്കൽ കോളേജിൽ നിന്ന് Homeaopathyയിൽ MD ബിരുദം നേടിയ സി.ഡോണ ചിരിയകണ്ട ിന്റെ കോൺവൊക്കേഷൻ ചടങ്ങിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. സി. ലിറ്റിൽ മേരി, സി. റോസ് ജോസഫ് എന്നിവർ സംബന്ധിച്ചു. മേയ് 13-ാം തീയതി മുതൽ 16–ാം തീയതി വരെ അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നടത്തിയ ലോക്കൽ സുപ്പീ രിയേഴ്സിനുള്ള ഓറിയന്റേഷൻ പ്രോഗ്രാമിൽ 57 പേർ പങ്കെടുത്തു. മെയ് 17–ാം തീയതി തിരൂർ സീയോൺ റിന്യുവൽ സെന്ററിൽ വച്ച് നടന്ന ജനറൽ തലത്തിലുള്ള സിൽവർ ജൂബിലിയാഘോഷത്തിൽ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ കൃതജ്ഞതാ ബലി അർപ്പിച്ചു

തൃശൂർ അതിരൂപതയുടെ 135–ാം സ്ഥാപനവാർഷികാ ഘോഷത്തോട നുബന്ധിച്ച് വേലൂർ ഫൊറോന ദേവാലയത്തിൽ അർപ്പിച്ച കൃതജ്ഞതാബലിയിലും പൊതുസമ്മേളനത്തിലും പ്രൊവിൻഷ്യൽ, പ്രൊ.കൗൺസിലർ സി. ഫിലോ ജീസ് എന്നിവർ പങ്കെടുത്തു. അന്നേദിനം നടന്ന അവാർഡ് ദാനചടങ്ങിൽ അതിരൂപതയിലെ മികച്ച സാമൂഹിക പ്രവർത്തകയ്ക്കുള്ള അവാർഡിന് സി. അൽഫോൻസ് ജയ അർഹയായി. സി. ദയ തേക്കാനത്ത്, സി. ലിറ്റിൽ ട്രീസ, സി. ഡിൻസി ആന്റണി എന്നിവരുടെ നേതൃത്വത്തിൽ മെയ് 20–ാം തീയതി ഈ വർഷത്തെ ദൈവപരിപാലനാഭവനം മാന്ദാമംഗലം ഇടവകയിൽ ആരംഭിച്ചു. മെയ് 21 മുതൽ 31 വരെ രണ്ടാം വർഷ നോവിസസ്സ് അട്ടപ്പാടിയിലുള്ള നരസിമുക്ക് അസ്സീസി ഗ്രാമാശ്രമത്തിൽ ആശ്രമ എക്സ്പീരിയൻസിനായി പോയി. മിസ്സോറാം മിഷനിൽ ശുശ്രൂഷ ചെയ്യുന്നതിനായി സി. നിത്യ റോസ്, സി. റോസ്ബെല്ല ബാസ്റ്റിൻ എന്നിവർ പോയി. തൃശൂർ അസ്സീസിയിൽ വച്ച് മെയ് 26 മുതൽ ജൂൺ 1 വരെ ബ. ഫാ. ബെന്നി എണ്ണയ്ക്കാപ്പിള്ളി നയിച്ച വാർഷിക ധ്യാനത്തിൽ 69 സിസ്റ്റേഴ്സ് സംബന്ധിച്ചു. മെയ് 29–ാം തീയതി തൃശൂർ സെന്റ് ക്ലെയേഴ്സ് ഹയർസെക്കണ്ടറി സ്കൂളിൽ വച്ച് 2 pm മുതൽ 4 pm വരെ Aided & Unaided വിദ്യാഭ്യാസസ്ഥാപനങ്ങ ളിലെ പ്രിൻസിപ്പൽമാർ, ഹെഡ്മിസ്ട്രസ്സുമാർ, നേഴ്സറി സ്കൂളിന്റെ ചാർജ്ജ് വഹിക്കുന്നവർ, ഹോസ്റ്റൽ, ബോർഡിംഗ് എന്നിവ നടത്തുന്ന ഭവനങ്ങളിലെ ലോക്കൽ സുപ്പീരിയേഴ്സ്, ഹോസ്റ്റൽ വാർഡന്മാർ, ബോർഡിംഗ് മിസ്ട്രസ്സുമാർ എന്നിവർക്കായി നടന്ന മീറ്റിംഗിൽ 45 പേർ

സംബന്ധിച്ചു. മെയ് 29 -ാം തീയതി കുട്ടംകുളം ആബ്ബാ കോൺവെന്റിൽ Come &See പ്രോഗ്രാമിലേയ്ക്ക് ഈ വർഷം 5 അർത്ഥിനികൾ വന്നു. സി. മേരി അംബിക ഇവരുടെ മിസ്ട്രസ്സായി ചാർജ്ജെടുത്തു. മെയ് 30 Pre Postulancy Phase I ലെ 9 അർത്ഥിനികൾ (6 തൃശൂർ, 1 പാലക്കാട്, 2 ഭരണങ്ങാനം) മരത്താക്കര ബ്ലസഡ് സാക്രമെന്റ് കോൺവെന്റിൽ Pre Postulancy Phase II ലേക്ക് പ്രവേശിച്ചു. സി. റെജിൻ തെരേസ് ഇവരുടെ മിസ്ട്രസ്സായി ചാർജ്ജെടുത്തു.

**4. സി. എം. സി.**

കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ഫാ.പോൾ മുണ്ടയ്ക്കൽ ഒ. സി.ഡി യുടെ നേതൃത്വത്തിൽ ഏപ്രിൽ 2-8 വരെ നടന്ന വാർഷികധ്യാനത്തിനുശേഷം 28 ജൂനിയർ സിസ്റ്റേഴ്സ് തങ്ങളുടെ കാനോനിക വ്രതനവീകരണം നടത്തി. 3 അർത്ഥിനികൾ കോലഴി നിർമല പ്രൊവിൻഷ്യൽ ഹൗസ് ചാപ്പലിൽ വച്ച് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടന്ന ആഘോഷമായ ദിവ്യബലി മദ്ധ്യേ ആദ്യവ്രതവാഗ്ദാനവും സഭാവസ്ത്രസ്വീകരണവും നടത്തി. ഇവരോടൊപ്പം 6 സിസ്റ്റേഴ്സിന്റെ സിൽവർ ജൂബിലിയും ഘോഷിച്ചു. സി.എം.സി. യുടെ സഹസ്ഥാപകനായ വന്ദ്യ ലെയോപോൾദ് പിതാവിന്റെ ചരമദിനമായ ഏപ്രിൽ 22 ന് പിതാവിന്റെ അനുസ്മരണാർത്ഥം ദിവ്യബലി അർപ്പിച്ച് പ്രാർത്ഥിച്ചു. ജൂനിയർ സിസ്റ്റേഴ്സിനും നിത്യവ്രതം ചെയ്ത സിസ്റ്റേഴ്സിനും 3 ദിവസത്തെ കോഴ്സ് നൽകി. ഏപ്രിൽ 24 ന് നോവിസസിന്റെ മാതാപിതാക്കളുടെ സംഗമം നടത്തി. മെയ് 1 ന് പറപ്പൂർ സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് ഫോർമേഷൻ ഹൗസിൽ വച്ച് 4 കാൻഡിഡേറ്റ്സ് ആസ്പിരൻസിയിലേക്കും 3 ആസ്പിരൻസ് പോസ്റ്റുലൻസിയിലേക്കും പ്രവേശിച്ചു. സി. പ്രദീപയാണ് ആസ്പിരൻസ് മിസ്ട്രസ്സ്. മെയ് 2 ന് ട്രാൻസ്ഫർ ഉള്ള സിസ്റ്റേഴ്സ് തങ്ങളുടെ പുതിയ മഠങ്ങളിലേക്ക് സ്ഥലം മാറി പോയി. മെയ് 16 മുതൽ 22 വരെ കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടന്ന വാർഷികധ്യാനത്തിൽ 45 സിസ്റ്റേഴ്സ് പങ്കെടുത്തു. ഫാ. ജോസൻ പടിക്കല CMI ആണ് ധ്യാനിപ്പിച്ചത്. മെയ് 23-25 തീയതികളിൽ കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് മൈൻഡ് മാസ്റ്ററി പ്രോഗ്രാം നടത്തി. 50 സിസ്റ്റേഴ്സ് പങ്കെടുത്തു. സി.റീമ സി.എം.സി (എറണാകുളം) ക്ലാസിന് നേതൃത്വം നൽകി. മെയ് 18 മുതൽ 27 വരെ സേവനാലയം ഇടവകയിൽ ഹോം മിഷൻ നടത്തി. മെയ് 28ന് സ്കൂൾ സിസ്റ്റർ സ്റ്റാഫിനായി കോലഴി പ്രൊവിൻഷ്യൽ ഹൗസിൽവച്ച് നടന്ന ഒരു ദിവസത്തെ സെമിനാറിൽ 100 സിസ്റ്റേഴ്സ് പങ്കെടുത്തു.

ഫാ.റോയ് ജോസഫ് വടക്കൻ ആണ് സിസ്റ്റേഴ്സിന് ക്ലാസ് നൽകിയത്. കോളേജ് സ്റ്റാഫിനായി രണ്ട് ദിവസത്തെ സെമിനാർ സെന്റ് മേരീസ് കോളേജിൽ വെച്ച് നടത്തി.

**5. സി എസ് സി**

മെയ് 13. 14. 15 തിയതികളിൽ 2004 മുതൽ 2015 വരെയുള്ള വർഷങ്ങളിൽ ആദ്യവ്രതം ചെയ്ത സിസ്റ്റേഴ്സിന്റേയും, 1999 മുതൽ 2003 വരെയുള്ള വർഷങ്ങളിൽ ആദ്യവ്രതം ചെയ്ത സിസ്റ്റേഴ്സിന്റേയും സംഗമം മെയ് 21, 22, 23 തിയതികളിലായി കുർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തി.

ജൂൺ 04 –ാം തിയതി വൈകീട്ട് 04 മണിക്ക് മുണ്ടത്തിക്കോട് സെന്റ് വിൻസന്റ് ഹോമിൽ വച്ച് പാവപ്പെട്ട കുട്ടികൾക്കായുള്ള സൗജന്യ റ്റ്യുഷൻ സെന്റർ (STD 1 to 10) 'ഊക്കൻ പാഠശാല - quot & quot എന്ന പേരിൽ ഉദ്ഘാടനം ചെയ്തു.

# ആദരാഞ്ജലികൾ



22.05.022 എഫ്.സി.സി തൃശൂർ സാൻഡമി യാനോ മിഷൻഹൗസ് ഭവനാംഗമായ ബ. സി. ലിബിയ (നോയിഡ പ്രോവിൻസ്) മെയ് 22-ാം തീയതി ശനിയാഴ്ച രാത്രി 8.50 ന് നിര്യാതയായി. തൃശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ 23-ാം തീയതി തിങ്കളാഴ്ച 9.00 am ന് തൃശൂർ സാൻഡമിയാനോ മിഷൻഹൗസിൽ മൃതസംസ്കാരശുശ്രൂഷകൾ നടത്തി.



23/04/22 സി.എം.സി. കൊട്ടേക്കാട് അസംപ്ഷൻ മഠാംഗമായ സി. ജസ്റ്റ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. തൃശ്ശൂർ അതിരൂപത ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ സംസ്കാര ശുശ്രൂഷകൾ നടത്തി.



30/04/22 സി.എം.സി. ചൂണ്ടൽ സാൻതോം മഠാംഗമായ സി. ജമ്മ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. തൃശ്ശൂർ അതിരൂപത വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാന്റെ മുഖ്യ കാർമ്മികത്വത്തിൽ സംസ്കാര ശുശ്രൂഷകൾ നടത്തി.

**സി. സോഫി പെരേപ്പാടൻ**
**എസ്.എ.ബി.എസ്.**
പ്രസിഡണ്ട്

**സി. ലെത്തീസിയ എസ്. എം.സി.**
സെക്രട്ടറി

# മാർ തോമ മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടന കേന്ദ്രം പാലയൂർ

**1. മതബോധന വർഷം ആരംഭിച്ചു**

2022–23 മതബോധന വർഷാരംഭത്തിലെ ദിവ്യബലിക്കും പ്രാർത്ഥനകൾക്കും തീർത്ഥകേന്ദ്രത്തിലെ എഴുത്തിനിരുത്തൽ ചടങ്ങിനും അതിരൂപതാ മതബോധന കേന്ദ്രം ഡയറക്ടർ റവ ഫാദർ ഫ്രാൻസിസ് ആളൂർ മുഖ്യ കാർമ്മികത്വം വഹിച്ചു.

**2. മാർ തോമാ ശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950ാം ജൂബിലി**

തൃശ്ശൂർ അതിരൂപതയുടെ ആഭിമുഖ്യത്തിൽ പാലയൂർ തീർത്ഥകേന്ദ്രത്തിൽ വെച്ച് ജൂലായ് 3 ന് മാർ തോമാ ശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950 ജൂബിലി ദിവ്യബലിയും പൊതുസമ്മേളനവും ഉണ്ടായിരിക്കും. മേജർ ആർച്ച്ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി, വത്തിക്കാൻ അപ്പസ്തോലിക് നുൺഷ്യോ ആർച്ച്ബിഷപ്പ് ലെയോപോൾദോ ജിറെല്ലി, മറ്റു പിതാക്കന്മാർ എന്നിവർ പങ്കെടുക്കുന്നു.

**3. വിശ്വാസ ദീപശിഖാ പ്രയാണം പാലയൂരിലേക്ക്**

മാർ തോമാ ശ്ലീഹായുടെ 1950 മത് രക്തസാക്ഷിത്വ ദിനാചരണത്തിന്റെ ഭാഗമായി മാർ തോമാ ശ്ലീഹ കുത്തേറ്റു മരിച്ച മൈലാപ്പൂരിലെ മൗണ്ട് സെന്റ് തോമാസിൽ നിന്നും ദീപശിഖയും മണ്ണും പാലയൂരിലേക്ക് അതിരൂപത സമിതിയുടെ നേതൃത്വത്തിൽ കൊണ്ടുവന്നു.

**4. ദുക്റാന തർപ്പണ തിരുനാൾ ആഘോഷങ്ങൾ ജൂലായ് 3,16,17 തിയ്യതികളിൽ**

മാർ തോമാ ശ്ലീഹായുടെ ദുക്റാന തിരുനാൾ തീർത്ഥകേന്ദ്രത്തിൽ സമുചിതമായി ആഘോഷിക്കുന്നു. ദുക്റാന ശ്രാദ്ധ ഊട്ട് എല്ലാ ഭക്ത ജനങ്ങൾക്കും നൽകുന്നതാണ്. ഉച്ച കഴിഞ്ഞ് 3 മണിക്ക് അഭിവന്ദ്യ പിതാക്കന്മാരുടെ കാർമ്മികത്വത്തിലുള്ള ദിവ്യബലി അലങ്കരിച്ച സ്റ്റേജിൽ ഉണ്ടായിരിക്കുന്നതാണ്. തുടർന്ന് പൊതുസമ്മേളനവും . ജൂലായ് 16, 17 തിയ്യതികളിലാണ് തീർത്ഥകേന്ദ്രത്തിലെ പ്രധാന തിരുനാളായ തർപ്പണ തിരുനാൾ ആഘോഷിക്കുന്നത്.

**ഫാ. ഡേവിസ് കണ്ണമ്പുഴ**
ആർച്ച് പ്രീസ്റ്റ്

# സാമ്പത്തിക കാര്യാലയം

**1. ഇടവകകളുടെ തെരട്ട് സമർപ്പിക്കൽ**

2022 ആഗസ്റ്റ് 1 മുതൽ ഇടവകകളുടെ തെരട്ട് സമർപ്പിക്കൽ അതിരൂപത കച്ചേരിയിൽ ആരംഭിക്കുന്നു. ഫെറോന അടിസ്ഥാനത്തി ലാണ് ഇടവകകൾ തെരട്ട് സമർപ്പിക്കുന്നത്. ജൂൺമാസത്തെ അതിരൂ പതാ ബുള്ളറ്റിനിൽ (പേജ്42) ഓരോ ഇടവകയും തെരട്ടു സമർപ്പിക്കു ന്നതിനുള്ള തിയ്യതിയും സമയവും കൊടുത്തിട്ടുണ്ട്.

**2. കുർബാന കണക്ക്**

അതിരൂപത കാലാകാലങ്ങളിൽ പ്രസിദ്ധീകരിക്കുന്ന തിരുക്കർ മ്മധർമ്മ വിവരത്തിൽ നിശ്ചയിച്ചിട്ടുള്ള സംഖ്യകൾ മാത്രമേ ഏൽക്കു ന്നവർ സ്വീകരിക്കാവൂ. തിരുക്കർമ്മധർമ്മം സ്വീകരിക്കുമ്പോൾ രസീതി കൾ നൽകേണ്ടതാണ്. തിരുക്കർമ്മ ധർമ്മ വിവരത്തിൽ പറഞ്ഞിരി ക്കുന്ന ഏതൊക്കെ ഇനത്തിന് എത്രയൊക്കെ ധർമ്മങ്ങൾ സ്വീകരിക്കു മെന്ന് രസീതിയിൽ വിശദമായും വ്യക്തമായും എഴുതണം. ഏൽപ്പി ക്കുന്ന എല്ലാ തിരുക്കർമ്മധർമ്മങ്ങൾക്കും ഇപ്രകാരമുള്ള രസീതി ലഭിക്കാനുള്ള വിശ്വാസികളുടെ അവകാശം നിഷേധിക്കാൻ പാടില്ല. സ്വീകരിച്ച തിരുക്കർമ്മധർമ്മങ്ങളുടെ കൃത്യമായ കണക്കുകൾ

സൂക്ഷിക്കേണ്ടതാണ്.കുർബ്ബാന കണക്കുകൾ ഇടവകയുടെ Main Day Book ൽ ചേർക്കേണ്ടതാണ്. കുടുതൽ സൗകര്യാർത്ഥം വേറെ ഇമവെ Book, Ledger, Bank A/C Book എന്നിവ സൂക്ഷിക്കാവുന്നതാണ് .

വൈദീകർ കുർബ്ബാന കണക്ക് കൃത്യമായി എഴുതി സൂക്ഷിക്കണം. നൂറിൽ കൂടുതൽ കുർബ്ബാനധർമ്മം കൈവശം സൂക്ഷിക്കാൻ പാടില്ല. അധികം വരുന്ന കുർബ്ബാനധർമ്മങ്ങളും മറ്റ് തിരുക്കർമ്മ ധർമ്മങ്ങളും എത്രയും വേഗം അതിരൂപതാ ഫിനാൻസ് ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. വൈദികർ അവ പരസ്പരം കൈമാറാൻ പാടില്ല (Ref.no.അതിരൂപത നിയമാവലി Art. 288,355).

### 3. ഫൈനാൻസ് ഓഫീസ് – പണമിടപാട്

പള്ളികളിൽ നിന്നുള്ള തെരട്ട് ഫീ, കുർബാന പണം, വൈദിക ക്ഷേമ നിധി, മറ്റ്  ഫീസുകൾ തുടങ്ങിയ വിഹിതങ്ങൾ ആവുന്നത്ര ചെക്ക് മുഖേന ഫൈനാൻസ് ഓഫീസിൽ ഏൽപ്പിക്കുവാൻ താൽപര്യപ്പെടുന്നു. പള്ളികൾ അവർക്കു കിട്ടുന്ന പണം ബാങ്കിൽ നിക്ഷേപിച്ച് അതിനു വേണ്ടിയുള്ള ചെക്കുകൾ ചുരുങ്ങിയത് 4 എണ്ണമെങ്കിലും കൊണ്ടുവരുവാൻ നിർദ്ദേശിക്കുന്നത്. ദയവായി ഇത് പാലിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

### 4. ഇന്റേണൽ ഓഡിറ്റ് സ്ഥാപനങ്ങൾ, സംഘടനകൾ

സ്ഥാപനങ്ങളുടെയും സംഘടനകളുടെയും കണക്കുകൾ ഇന്റേണൽ ഓഡിറ്റിന് ചുമതലപ്പെടുത്തിയവരുടെ പേരുകൾ താഴെ കൊടുക്കുന്നുണ്ട്. ബ. ഡയറക്ടറച്ചന്മാർ ഇക്കാര്യം ശ്രദ്ധിക്കുമല്ലോ. 2022 ഒക്ടോബർ മാസം മുതലാണ് സ്ഥാപനങ്ങളുടെയും സംഘടനകളുടെയും തെരട്ട് സമർപ്പിക്കൽ ആരംഭിക്കുന്നത്. സ്ഥാപനങ്ങളുടെയും സംഘടനകളുടെയും ബ. ഡയറക്ടറച്ചന്മാർ ഇന്റേണൽ ഓഡിറ്റിന് വേണ്ടി ഒരുങ്ങി കഴിഞ്ഞാൽ അതാത് ഇന്റേണൽ ഓഡിറ്റിന് നിശ്ചയിക്കപ്പെട്ട അച്ചൻന്മാരെ ബന്ധപ്പെട്ട ് ഓഡിറ്റ് ചെയ്യുവാൻ വരുന്നതിന് പ്രത്യേകം ഓർമ്മപ്പെടുത്തേണ്ടതാണ്.

സ്ഥാപനങ്ങളുടെയും സംഘടനകളുടെയും തെരട്ട് സമർപ്പിക്കുന്ന തിയ്യതിയും സമയവും ആഗസ്റ്റ് മാസത്തെ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുന്നതാണ്.

**1. ഫാ.അജിത്ത് തച്ചോത്ത് (9633009921) ശ്രീ. തോമസ് അഗസ്റ്റിൻ (9947470256)**

1. ജൂബിലി മിഷൻ ഹോസ്പിറ്റൽ
2. ജൂബിലി മിഷൻ മെഡിക്കൽ കോളേജ്
3. ജൂബിലി മിഷൻ സ്കൂൾ ഓഫ് നേഴ്സിംഗ്

4. ജൂബിലി മിഷൻ കോളേജ് ഓഫ് ബി.എസ്.സി. നഴ്സിംഗ്
5. കെ.സി.എസ്. എൽ
6. ലോഫ്

**2. ഫാ.ജിക്സൺ താഴത്ത് (9048374050) ശ്രീ.ജോസ്.വി. വടക്കേത്തല (9495888206)**

1. ഫാമിലി അപ്പസ്തോലേറ്റ് സെന്റർ,മാതൃവേദി, ജോൺപോൾ പ്രോലൈഫ്, ഫാമിലി അപ്പസ്തോലേറ്റ് ബ്യൂറോ &AFC
2. സൊസൈറ്റി ഓഫ് മേരി ഇമ്മാക്കുലേറ്റ്,വെസ്റ്റ് ഫോർട്ട് ,ലിലിയൻ ഫോണ്ടസ്
3. സെന്റ് ആൻസ് വെസ്റ്റ് ഫോർട്ട്
4. സിസ്റ്റേഴ്സ് ഓഫ് സെന്റ് ജോസഫ് ദി വർക്കർ(എസ്. എസ്. ജെ.ഡബ്ല്യൂ)
5. ഹോളി ചൈൽഡ് ഹുഡ്
6. ഫ്രാൻസിസ്കൻ അസോസിയേഷൻ
7. കുടുംബകൂട്ടായ്മ
8. ചൈതന്യക്ലീനിക്
9. ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട്, മൂളയം
10. ഡാമിയൻ എസ്റ്റേറ്റ് മൂളയം
11. ഡാമിയൻ ജൂബിലി ശാന്തിഗ്രാം

**3. ഫാ.പോൾസൺ തട്ടിൽ (9446533069) ശ്രീ. ഇ. കെ. ഫ്രാൻസിസ് (9745759676)**

1. ബൈബിൾ അപ്പസ്തോലേറ്റ്
2. തൊഴിൽ അഭ്യസന പീഠം
3. കെ.എൽ.എം./സാക്രിസ്റ്റ്യൻസ്
4. സെന്റ് മേരീസ് ഓർഫനേജ് പ്രൈവറ്റ് ഐ.ടി.ഐ
5. പോളിടെക്നിക് മാനേജ്മെന്റ് അക്കൗണ്ട് അളഗപ്പനഗർ
6. സ്പിരിച്ച്വൽ ആനിമേഷൻ സെന്റർ
7. കാത്തലിക് ആർച്ച്ബിഷപ്പ്സ് ഹൗസ്
8. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

**4. ഫാ. ജോജു ആളൂർ(9446620881) ശ്രീ. തോമസ്സ് അഗസ്റ്റിൻ (9947470256)**

1. മദ്യവിരുദ്ധ സമിതി (ടെമ്പറൻസ് മൂവ്മെന്റ്)
2. നെസ്റ്റ്, രാമവർമ്മപുരം
3. പഴുവിൽ ധ്യാനകേന്ദ്രം
4. സെന്റ് ജോർജ് ഹോസ്റ്റൽ

5. സെന്റ് തോമസ് ഹോസ്റ്റൽ
6. സെന്റ് തോമസ് കോളേജ്
7. സെന്റ് തോമസ് എജ്യുക്കേഷൻ സെന്റർ
8. കേരള കരിസ്മാറ്റിക് മൂവ്മെന്റ്
9. ക്രൈസ്റ്റ് വില്ല പൂവർ ഹോം, രാമവർമ്മപുരം
10. ആബാ റിന്യൂവൽ സെന്റർ
11. ബെത്സയ്ദ റീട്രീറ്റ് സെന്റർ

**5. ഫാ. ജോർജ്ജ് ചെറുവത്തൂർ(9447468387) ശ്രീ. ആന്റോ നെല്ലിശ്ശേരി(8547411138)**

1. മഹാജൂബിലി ട്രെയ്നിംഗ് കോളേജ്, മുള്ളൂർക്കര
2. റീജിണൽ പാസ്റ്ററൽ സെന്റർ, ചേലക്കര
3. ഫാ. തച്ചുപറമ്പിൽ ഓർഫനേജ്, ചേലക്കര
4. സെന്റ് ക്രിസ്റ്റീന ഹോം, പുല്ലഴി
5. സെന്റ് ജോസഫ്സ് ഹോം പുല്ലഴി
6. സെന്റ് ജോസഫ്സ് ഭവൻ പുല്ലഴി
7. നസ്രത്ത് സെന്റർ, മുള്ളൂർക്കര
8. സെന്റ് പോൾസ് ഗുരുകുലം , തിരുവില്വാമല

**6. ഫാ. വർഗ്ഗീസ് തരകൻ (9447350189) ശ്രീ. ആന്റണി തോമസ് എം.(9447739870)**

1. പോപ്പ് പോൾ മേഴ്സി ഹോം, പെരിങ്ങണ്ടൂർ
2. മാർ കുണ്ടുകുളം മെമ്മോറിയൽ റിസർച്ച് & റീഹാബിലിറ്റേഷൻ സെന്റർ
3. പോപ്പ് പോൾ പീസ് ഹോം . പെരിങ്ങണ്ടൂർ
4. കലാസദൻ
5. കാത്തലിക് നഴ്സസ് ഗിൽഡ്
6. കാത്തലിക് സെന്റർ/പാസ്റ്ററൽ സെന്റർ
7. കത്തോലിക്കാസഭാമാഗസിൻ
8. കത്തോലിക്കാസഭാ പിൽഗ്രിമെജ്
9. കാത്തലിക് ഇൻഫർമേഷൻ സെന്റർ
10. സാവിയോ ഹോം , മനക്കൊടി
11. പബ്ലിക് റിലേഷൻസ് & ഡയോമീഡിയ
12. ടിംഹാൻസ്, പെരിങ്ങണ്ടൂർ

**7. ഫാ. ആൻഡ്രൂസ് കുറ്റിക്കാട്ട് , (9446723006) ശ്രീ എം.ഡി. ആന്റോ (9895242706)**

1. വിശ്വാസ പരിശീലനം

2. വിശ്വാസ പരിശീലനം – ടെക്സ്റ്റ് ബുക്ക് അക്കൗണ്ട്
3. വിശ്വാസ പരിശീലനം – ബുക്ക് സ്റ്റാൾ
4. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി
5. ഡി.ബി.സി.എൽ.സി
6. ഡി.ബി.സി.എൽ.സി ലൈബ്രറി അക്കൗണ്ട്
7. എക്സൽ അക്കാദമി
8. സെന്റ് ജോസഫ് ബാലസദൻ, അവിണിശ്ശേരി
9. കാത്തലിക് ടീച്ചേഴ്സ് ഗിൽഡ്
10. തിരുബാലസംഖ്യം
11. സി.എൽ.സി
12. അൾത്താര സംഘം
13. ജീസസ്സ് യൂത്ത്
14. ചർച്ച് ക്വയർ

**8. ഫാ. ജോഷി ആളൂർ (9495337733) ശ്രീ. ജോസ് വി. വടക്കേത്തല (9495888206)**

1. എം. ഐ. ഹോസ്പ്പിറ്റൽ ഏങ്ങണ്ടിയൂർ
2. എം. ഐ. ഹോസ്പ്പിറ്റൽ നഴ്സിംഗ് സ്കൂൾ, ഏങ്ങണ്ടിയൂർ
3. സെന്റ് ജോസഫ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, കുരിയച്ചിറ
4. ടി.ടി.ഐ. കുരിയച്ചിറ
5. ഐ.സി.എസ്. ഇ. പബ്ലിക് സ്കൂൾ കുരിയച്ചിറ
6. ഹോളിക്രോസ് സി.ബി.എസ്.ഇ സ്കൂൾ. ആർത്താറ്റ്

**9. ഫാ.ജോഷി വെണ്ണാട്ടുപറമ്പിൽ (9447617926) ശ്രീ. തോമസ്സ് അഗസ്റ്റിൻ (9947470256)**

1. കെ.സി.വൈ.എം.
2. കത്തോലിക്ക കോൺഗ്രസ്
3. യൂത്ത്മിനിസ്ട്രി
4. ലേ ലീഡർഷിപ്പ്
5. ലീജിയൻ ഓഫ് മേരി
6. സോഷ്യൽ ആക്ഷൻ
7. സോഷ്യൽ വെൽഫെയർ സെന്റർ
8. സോഷ്യൽ ഹൗസിംഗ് സെന്റർ
9. സേവ് എ. ഫാമിലി പ്ലാൻ
10. സ്ലം സർവ്വീസ്
11. സാന്ത്വനം
12. SWIFT
13. എവുപ്രാസ്യ ഷൈൻ

**10.ഫാ.ഫിനോഷ് കീറ്റിക്ക (9995879235) ശ്രീ. സി.പി. ജോസ് (9249898575)**

1. മേരിമാത മേജർ സെമിനാരി & MSAT
2. ഹോം ഓഫ് ലവ് , മുളയം
3. മാർ കുണ്ടുകുളം ട്രസ്റ്റ്, കാത്തലിക് ബിഷപ്സ് ഹൗസ്
4. കരുണട്രസ്റ്റ് , കാത്തലിക് ബിഷപ്സ് ഹൗസ്
5. സെന്റ് മേരീസ് മൈനർ സെമിനാരി
6. കോർപ്പറേറ്റ് എജ്യുക്കേഷണൽ ഏജൻസി
7. പ്രീസ്റ്റ് വെൽഫയർ ഫണ്ട്
8. PAROC

**ഫാ. ലിൻസൺ തട്ടിൽ**
അസി. ഫിനാൻസ് ഓഫീസർ

**ഫാ. വർഗീസ് കുത്തൂർ**
ഫിനാൻസ് ഓഫീസർ

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

മിശിഹായിൽ ഏറെ സ്നേഹിക്കപ്പെടുന്ന കുഞ്ഞുമക്കളെ,

ജൂലൈ മാസം വരവായി. സ്കൂൾ തുറന്ന് ഒരുമാസം എത്ര വേഗത്തിലാണ് കടന്നുപോയത്! പുതിയ സ്കൂളും കൂട്ടുകാരും ടീച്ചർമാരും ഒക്കെയായി നിങ്ങൾ ചങ്ങാത്തത്തിലായില്ലേ? ഓരോ ദിവസവും ആരംഭിക്കുമ്പോഴും അവസാനിക്കുമ്പോഴും പ്രാർത്ഥനയോടെ ഈശോയോട് കൂടെ ജീവിക്കാൻ നിങ്ങൾക്ക് സാധിക്കുന്നുണ്ട് എന്ന് വിശ്വസിക്കുന്നു.

ഭാരതീയരായ നമുക്ക് ക്രിസ്തുവിലുള്ള വിശ്വാസം പകർന്നു തന്ന മാർ തോമാശ്ലീഹായുടെ തിരുനാൾ നാം ആചരിക്കുന്നത് ജൂലൈ മൂന്നാം തീയതിയാണ്. വർഷങ്ങൾക്ക് മുൻപ് താൻ അനുഭവിച്ചറിഞ്ഞ ഈശോയെ നമുക്ക് പറഞ്ഞുതരാൻ തോമാശ്ലീഹാ ഒത്തിരി കഷ്ടപ്പാടുകൾ സഹിച്ച് ദീർഘ യാത്രകൾ നടത്തി ഭാരതത്തിൽ എത്തി. തോമാശ്ലീഹ കേരളത്തിൽ ഏഴര പള്ളികൾ സ്ഥാപിച്ചു. നമ്മുടെ രൂപതയിൽ പെടുന്ന പാലയൂരിലും തോമാശ്ലീഹ കടന്നുവന്ന് വിശ്വാസം പകർന്നു നൽകി. വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർ തോമാശ്ലീഹാ നമ്മുടെ പൂർവ പിതാക്കന്മാർക്ക് പകർന്നുനൽകിയ വിശ്വാസവെളിച്ചം കെടാതെ സൂക്ഷിക്കാൻ ഇന്നും നമുക്ക് കടമയുണ്ട്.

ഈ വർഷം തോമാശ്ലീഹായുടെ ധീരരക്തസാക്ഷിത്വത്തിന്റെ 1950–ാം വർഷം ആചരിക്കുകയാണ്. ജൂലൈ മൂന്നാം തീയതി പാലയൂരിലെ തീർത്ഥകേന്ദ്രത്തിൽ വച്ചാണ് പ്രധാന ആഘോഷം. നിങ്ങളെ ഏവരെയും പാലയൂരിലേയ്ക്ക് പ്രത്യേകം ക്ഷണിക്കുന്നു. അന്ന് വരാൻ സാധിക്കാത്തവർ ജൂലൈ മാസത്തിൽ എപ്പോഴെങ്കിലും പാലയൂരിൽ പോകണമെന്ന് ഞാനാഗ്രഹിക്കുന്നു. തോമാശ്ലീഹായുടെ മാധ്യസ്ഥവും സംരക്ഷണവും നമുക്ക് പ്രത്യേകം യാചിക്കാം. തോമാശ്ലീഹായെപ്പോലെ ക്രിസ്തുവിലുള്ള വിശ്വാസം പ്രഖ്യാപിക്കാൻ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ!

മിശിഹായിൽ സ്നേഹപൂർവ്വം,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

# വിശ്വാസ പരിശീലനകേന്ദ്ര വാർത്തകൾ

എല്ലാ യൂണിറ്റുകളിലും വിശ്വാസപരിശീലനവർഷം ആകർഷകമായും ആവേശത്തോടെയും ആരംഭിച്ചുവല്ലോ. നേതൃത്വം കൊടുത്ത ബഹു. വികാരിമാർക്കും അസി. വികാരിമാർക്കും പ്രിൻസിപ്പൽമാർക്കും എല്ലാ വിശ്വാസപരിശീലകർക്കും പി.ടി.എ.യ്ക്കും വിദ്യാർത്ഥികൾക്കും അഭിനന്ദനങ്ങളും നന്ദിയും നേരുന്നു. 'എന്റെ കർത്താവേ, എന്റെ ദൈവമേ' എന്ന് ഉത്ഥിതനായ ക്രിസ്തുവിലുള്ള വിശ്വാസം പ്രഘോഷിക്കുകയും ആ വിശ്വാസം ജീവിക്കാൻ 'അവനോടൊപ്പം പോയി മരിക്കാനുള്ള' സന്നദ്ധത പ്രകടിപ്പിച്ച് നമ്മുടെ നാട്ടിൽ സുവിശേഷത്തിനു സാക്ഷ്യംവഹിച്ച് രക്തസാക്ഷിയായ മാർതോമാശ്ലീഹായുടെ ഉജ്ജ്വല മാതൃക വിശ്വാസപരിശീലനത്തെ ഫലപ്രദമായി നടത്തുന്നതിന് നമ്മെ പ്രചോദിപ്പിക്കട്ടെ. എല്ലാവർക്കും ദുക്റാന തിരുനാളിന്റെ മംഗളങ്ങൾ നേരുന്നു.

## I. Sunday Catechism

### 1. വിശ്വസ പരിശീലനവർഷ ഉദ്ഘാടനം

വിശ്വാസപരിശീലനവർഷാരംഭത്തോടനുബന്ധിച്ച് ജൂൺ 4 ശനിയാഴ്ച രാത്രി 7 മണി മുതൽ 8 മണി വരെ ഫാ. ഷാജൻ തേർമഠം അച്ചന്റെ നേതൃത്വത്തിൽ ആരാധനയും അതിനുശേഷം മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉദ്ഘാടനവും വചനഗ്രന്ഥ പ്രതിഷ്ഠയും നിർവ്വഹിച്ചു. മാർ ടോണി നീലങ്കാവിൽ പിതാവ് അനുഗ്രഹ പ്രഭാഷണം നടത്തി.

ഡയറക്ടർ ഫാ. ഫ്രാൻസിസ് ആളൂർ അസിസ്റ്റന്റ് ഡയറക്ടർമാരായ ഫാ. ലിജോ ചാലിശ്ശേരി, ഫാ. സിജോ മുരിങ്ങാത്തേരി, ഫാ. ജിക്സൻ മാളോക്കാരൻ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. മീഡിയകത്തോലിക്കാ യുട്യൂബ് ചാനലിലൂടെ തത്സമയ സംപ്രേഷണം നടത്തി.

## 2. CHRISFORM

എസിസി വിദ്യാർത്ഥികൾക്കും വിശ്വാസപരിശീലനരംഗത്ത് 30 വയസ്സിന് താഴെയുള്ളവരും അവിവാഹിതരുമായ അധ്യാപകർക്കുമായി നടത്തപ്പെടുന്ന കോഴ്സാണിത്. ആത്മീയത, വിശ്വാസം, വെല്ലുവിളികൾ, കരിയർ ഗൈഡൻസ് തുടങ്ങിയവയുമായി ബന്ധപ്പെട്ട ക്ലാസ്സുകൾ ഉണ്ടായിരിക്കും. ഓരോ ക്രിസ്ഫോമിനെക്കുറിച്ചും താഴെ കൊടുത്തിട്ടു

ള്ളത് വായിക്കുകയും സോഫ്റ്റ് വെയർ വഴി കുട്ടികളെയും യൂത്ത് സ്റ്റാഫിനെയും രജിസ്റ്റർ ചെയ്യുകയും ചെയ്യേണ്ടതാണ്. സോഫ്റ്റ് വെയറിൽ Activity Management വഴിയാണ് രജിസ്റ്റർ ചെയ്യേണ്ടത്. എല്ലാ എസിസി വിദ്യാർത്ഥികളും യൂത്ത് സ്റ്റാഫും ഒരു വർഷത്തിനുള്ളിൽ ഏതെങ്കിലും ഒരു ആഴ്ചയിൽ പങ്കെടുക്കേണ്ടതാണ്. ഓരോ കുട്ടിക്കും 100 രൂപ രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കും.

**CHRISFORM I -** ഒന്നാം വർഷ എസിസി വിദ്യാർത്ഥികൾ എല്ലാവരും ഒരു തവണ വിശ്വാസപരിശീലനകേന്ദ്രത്തിൽ താമസിച്ച് രണ്ട് ദിവസത്തെ പരിശീലനത്തിൽ പങ്കെടുക്കുന്ന ക്രിസ്ഫോം-1 ആണ് ആദ്യ പരിപാടി. വെള്ളിയാഴ്ച വൈകിട്ട് തുടങ്ങി ഞായറാഴ്ച വൈകിട്ട് അവസാനിക്കുന്ന തരത്തിലാണ് ക്രിസ്ഫോം -1. ആദ്യം രജിസ്റ്റർ ചെയ്യുന്ന 80 പേർക്കായിരിക്കും ഒരാഴ്ചയിൽ പ്രവേശനം ഉണ്ടായിരിക്കുക. രജിസ്റ്റർ ചെയ്ത എല്ലാ വിദ്യാർത്ഥികളെയും പങ്കെടുപ്പിക്കുക. ജൂലായ് മാസത്തെ ക്രിസ്ഫോം 1 ന്റെ തിയതികൾ: ജൂലായ് 1-3, 15-17, 22-24, 29-31

**CHRISFORM II -** എസിസി രണ്ടും മൂന്നും വർഷക്കാർക്കായി ക്രിസ്ഫോം -II സംഘടിപ്പിക്കുന്നു. രണ്ടാം ശനിയാഴ്ചകൾ ഉൾപ്പെടുന്ന വെള്ളിയാഴ്ച വൈകിട്ട് തുടങ്ങി ഞായറാഴ്ച വൈകിട്ട് അവസാനിക്കുന്നു. ആദ്യം രജിസ്റ്റർ ചെയ്യുന്ന 80 പേർക്കായിരിക്കും ഒരാഴ്ചയിൽ പ്രവേശനം ഉണ്ടായിരിക്കുക. രജിസ്റ്റർ ചെയ്ത എല്ലാ വിദ്യാർത്ഥികളെയും പങ്കെടുപ്പിക്കുക. ജൂലായ് മാസത്തെ ക്രിസ്ഫോം II തിയതി: ജൂലായ് 8-10. ഇതിൽ കുട്ടികളുടെ കലാ, സാഹിത്യ കഴിവുകൾ വളർത്തുന്നതിനുള്ള പരിശീലനപരിപാടികളും ഉണ്ടായിരിക്കും.

**CHRISFORM III -** വിശ്വാസപരിശീലനരംഗത്ത് 30 വയസ്സിന് താഴെയുള്ളവരും അവിവാഹിതരുമായ അധ്യാപകർക്കായി നടത്തപ്പെടുന്ന കോഴ്സാണിത്. ജൂലായ് 10ന് ആദ്യത്തെ കോഴ്സ് നടത്തപ്പെടുന്നു. രാവിലെ 9 മുതൽ വൈകിട്ട് 5 വരെ ഡിബിസിഎൽസിയിൽ വെച്ചാണ് ക്ലാസ്സുകൾ നടത്തുന്നത്.  ജൂലായ് മാസത്തെ ക്രിസ്ഫോം III യുടെ തിയതി: 10

### 3. വാർഷിക ധ്യാനം

സെപ്റ്റംബർ 4 മുതൽ 7വരെ നടത്തുന്ന ഡാനിയേൽ പൂവണ്ണത്തിലച്ചൻ നയിക്കുന്ന വാർഷികധ്യാനത്തിൽ പങ്കുകൊള്ളുവാൻ എല്ലാ അധ്യാപകരും നന്നായി ഒരുങ്ങുന്നുണ്ടല്ലോ. സമ്പൂർണ്ണ ബൈബിൾ

പാരായണവും എല്ലാ വെള്ളിയാഴ്ചകളിലും നടത്തുന്ന ആരാധനയും വാർഷികധ്യാനത്തിന് നല്ല ഒരുക്കത്തോടുകൂടി സംബന്ധിക്കുവാൻ കാരണമാകുകയും അതുവഴി ധാരാളം അനുഗ്രഹങ്ങൾ ലഭിക്കുവാനും ഇടയാകട്ടെ. വാർഷികധ്യാനത്തിനുള്ള രജിസ്ട്രേഷൻ എല്ലാ യൂണിറ്റുകളും നടത്തികാണുമല്ലോ. ഇനിയും രജിസ്ട്രേഷൻ നടത്താത്തവരുണ്ടെങ്കിൽ എത്രയും പെട്ടെന്ന് നടത്തുമല്ലോ.

### 4. എസിസി കോൺവെക്കേഷൻ & മെറിറ്റ് ഡേ

2021–22 വർഷത്തിൽ റാങ്ക് ജേതാക്കളായവർക്കും എസിസി പൂർത്തിയാക്കിയവർക്കും മുടങ്ങാതെ വന്ന വിദ്യാർത്ഥികൾക്കും ആഗസ്റ്റ് 15 ന് സമ്മാനം നൽകുന്നു.

### 5. മുടങ്ങാതെ വന്ന വിദ്യാർത്ഥികൾക്ക് അവാർഡ്

ഒന്നാം ക്ലാസ്സ് മുതൽ എസിസി അവസാനവർഷം വരെ (15 വർഷം) മുടങ്ങാതെ വന്ന വിദ്യാർത്ഥികളുടെ വിവരങ്ങളടങ്ങിയ അപേക്ഷ ജൂലായ് 10 വരെ സ്വീകരിക്കുന്നു. വിദ്യാർത്ഥികളുടെ വിവരങ്ങളടങ്ങിയിട്ടുള്ള കത്തിൽ വികാരിയച്ചന്റെ ഒപ്പും കുട്ടിയുടെ ഫോട്ടോ വേറെയായും വിശ്വാസപരിശീലനകേന്ദ്രത്തിൽ ജൂലായ് 10 നുള്ളിൽ ഏല്പിക്കേണ്ടതാണ്.

### 6. എസിസി യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ

ഈ വർഷം എസിസി പഠിക്കുന്ന എല്ലാ വിദ്യാർത്ഥികളുടേയും യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ആഗസ്റ്റ് 1 മുതൽ 22 വരെ നടത്തേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് ഒരു കുട്ടിക്ക് 100 രൂപ വീതം.

### 7. അധ്യാപകസഹായി

ഞായറാഴ്ച വിശ്വാസപരിശീലനം Std. I - X ടെക്സ്റ്റ് പുസ്തകങ്ങളെ ആധാരമാക്കി അധ്യാപകസഹായി റിലീജിയസ് ബുക്ക് സ്റ്റാളിൽ ലഭ്യമാണ്. കുട്ടികളെ പഠിപ്പിക്കുന്നതിൽ വളരെയേറെ പ്രയോജനമുള്ള ഈ പുസ്തകം ബന്ധപ്പെട്ട അധ്യാപകർക്ക് യൂണിറ്റുകൾ വാങ്ങി കൊടുക്കേണ്ടതാണ്.

## II. Daily Catechism

### 1. Students Statistics Form

ജൂലായ് 20 നുള്ളിൽ സ്റ്റുഡന്റ്സ് സ്റ്റാറ്റിസ്റ്റിക്സ് ഫോം 100 രൂപ അടക്കം ഓഫീസിൽ ഏല്പിക്കേണ്ടതാണ്. സ്റ്റാറ്റിസ്റ്റിക്സ് ഫോമനുസരിച്ചാണ് ഓരോ സ്കൂളിനുമുള്ള ചോദ്യപേപ്പറുകൾ തയ്യാ

റാക്കുന്നത്.

**2. Text Book Order**

ടെക്സ്റ്റ് ബുക്കുകൾ ഇനിയും ഓർഡർ ചെയ്യാത്തവരുണ്ടെങ്കിൽ എത്രയും പെട്ടെന്ന് ഓർഡർ ചെയ്ത് കൊണ്ടുപോകേണ്ടതാണ്.

**ഫാ. ലിജോ ചാലിശ്ശേരി**
**ഫാ. ജിക്സൺ മാളോക്കാരൻ**
**ഫാ. സിജോ മുരിങ്ങാത്തേരി**
അസി. ഡയറക്ടർമാർ

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# INSTITUTE OF THEOLOGY

**TRICHUR D B C L C**

(Phone : 0487- 2333245, Mob : 9188131341)
E-mail: institute.of.theology@gmail.com

**Institute of Theology ൽ നടന്നുകൊണ്ടിരിക്കുന്ന കോഴ്സുകൾ:**

**1. B.A. in Theology and Religious Studies (Three Years)**

(affiliated to Katholicke Universiteit, Leuven, Belgium):

- ഈ സെമസ്റ്ററിലെ Introduction to Canon Law (Rev. Dr. Francis Aloor), Ecumenism (Rev. Dr. Lawrence Thaikkattil), Research Methodology (Rev. Dr. Lijo Chalissery) എന്നീ ക്ലാസ്സുകൾ നടന്നു കൊണ്ടിരിക്കുന്നു.

**2. Certificate Course in Theology (One Year)**

(affiliated to Chair for Christian Studies and Research, Calicut University)

- ഈ വർഷം 121 പേരാണ് Certificate Course – ൽ പങ്കെടുക്കുന്നത്.
- ജൂൺ 19 ന് 2022–2023 ബാച്ചുക്കാരുടെ ആദ്യക്ലാസ്സായ മതബോധനശാസ്ത്രം (Rev. Dr. Sajan Pindiyan) എന്ന വിഷയത്തിന്റെ ക്ലാസ്സ് നടന്നു.
- **Comprehensive Oral Exam**
- ജൂൺ 12 ന് 2021 – 2022 ബാച്ചുക്കാരുടെ കാലിക്കറ്റ് യൂണിവേഴ്സിറ്റി

Comprehensive Oral Exam നടന്നു.

**3. Course on Theology of Family (One and Half Years)**

- 45 ദമ്പതികളാണ് (90 പേർ) ഈ കോഴ്സിൽ പങ്കെടുക്കുന്നത്.
- Marriage in the World and Marriage in the Lord & Canonical Law Regarding Marriage and Divorce (Rev. Dr. Francis Aloor) എന്ന വിഷയത്തിന്റെ ക്ലാസ്സ് ജൂൺ 26 ന് നടന്നു.

**4. Advanced Certificate Course in Theology (Six Months)**

(affiliated to Chair for Christian Studies and Research, Calicut University):

- സന്യാസിനിമാർക്കുള്ള ഈ വർഷത്തെ Advanced Certificate Course മേരിമാതാ മേജർ സെമിനാരിയിൽ ജൂൺ മാസത്തിൽ ആരംഭിച്ചു.

**5. Certificate Course in Theology (Two Years)**

(affiliated to Chair for Christian Studies and Research, Calicut University)

- ഈ Certificate Course-ൽ 120 പേരാണ് പങ്കെടുക്കുന്നത്.
- കാർമൽ മിനിസ്ട്രിയോട് ചേർന്ന് നടത്തുന്നു.
- ധാർമ്മിക ദൈവശാസ്ത്രത്തിനൊരാമുഖം (Rev. Dr. Majo Marottikkal) എന്ന വിഷയത്തിന്റെ ക്ലാസ്സ് ജൂൺ 26 ന് നടന്നു.

**6. Catechumenate Course**

- ഇടവകകളിൽനിന്ന് വ്യക്തികളെ ഈ കോഴ്സിൽ പങ്കെടുക്കാൻ പ്രോത്സാഹിപ്പിക്കുമല്ലോ.

**7. Basic CTC & Advanced CTC**

- നിയമിക്കപ്പെട്ടിട്ടുള്ള ആദ്യത്തെ 3 വർഷത്തിനുള്ളിൽ എല്ലാ വിശ്വാസപരിശീലകരും അതിരൂപതാ ദൈവശാസ്ത്രവിദ്യാപീഠം ഒരുക്കിയിട്ടുള്ള വിശ്വാസപരിശീലകർക്കുള്ള അടിസ്ഥാനപരിശീലനകോഴ്സിൽ (Basic CTC) പങ്കെടുത്ത് സർട്ടിഫിക്കറ്റ് നേടണം.

**8. Basic Bible Course (BBC)**

- തൃശൂർ അതിരൂപത ബൈബിൾ പ്രേഷിതത്വവും തിയോളജി ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്ന് നടത്തുന്ന ബൈബിൾ ക്ലാസ്സ്
- ഞായറാഴ്കളിൽ 2 PM മുതൽ 5 PM വരെ.
- DBCLC യിൽ വച്ച് നടക്കുന്നു.

**ഫാ. ലിജോ ചാലിശേരി**
ഡീൻ & റെജിസ്ട്രാർ

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# എക്സൽ അക്കാദമി

Foundation Entrance Exam

8,9,10,11,12 ക്ലാസ്സുകളിലെ കുട്ടികൾക്കുവേണ്ടി, ഇടവകതലത്തിൽ നടത്തുന്ന Foundation Entrance Exam, June 26-ാം തിയതി, ഞായറാഴ്ച എല്ലാ ഇടവകകളിലും വെച്ച് നടത്തി. ജൂലായ് മാസത്തിൽ അതിന്റെ റിസൽട്ട് പ്രസിദ്ധീകരിക്കും. Excel Foundation Course ന്റെ 2022 ജൂലായ് മാസത്തിൽ ആരംഭിക്കുന്ന പുതിയ ബാച്ചിന്റെ അഡ്മിഷൻ നടന്നു കൊണ്ടിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് – 9847276657, 9744941585

## K-TET Course (Kerala Teachers Eligibility Test)

എക്സൽ അക്കാദമിയിലെ K-TET Course ന്റെ പതിമൂന്നാമത്തെ ബാച്ച് ജൂൺ 18 ന് ആരംഭിച്ചു. കാറ്റഗറി 1, 2, 3, 4 വിഭാഗങ്ങളിൽ ഉൾപ്പെടുന്ന TTC, B. ED വിദ്യാർത്ഥികൾക്ക് ഈ കോഴ്സിൽ അഡ്മിഷൻ എടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് – 9847276657

## KER- KSR Course

സ്കൂൾ പ്രിൻസിപ്പാൾ, ഹെഡ്മാസ്റ്റർ തസ്തികയിലേക്കുള്ള പ്രൊമോഷൻ ടെസ്റ്റിന്റെ ട്രെയ്നിങ്ങ് കോഴ്സിന്റെ പുതിയ ബാച്ച് ജൂലായ് മാസത്തിൽ ആരംഭിക്കും. കൂടുതൽ വിവരങ്ങൾക്ക് – 9847276657

## ന്യൂനപക്ഷ വകുപ്പിന്റെ PSC സൗജന്യപരിശീലനം

കേരളസർക്കാരിന്റെ ന്യൂനപക്ഷ വകുപ്പിന്റെ PSC സൗജന്യപരിശീലനത്തിന്റെ പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. ന്യുനപക്ഷ വകുപ്പിന്റെ സബ്സെന്ററായി പ്രവർത്തിക്കുന്ന എക്സൽ അക്കാദമിയിൽ രണ്ടാം ശനിയാഴ്ചകളിലും, ഞായറാഴ്ചകളിലും PSC സൗജന്യപരിശീലനം നടക്കുന്നു.

**കൂടുതൽ വിവരങ്ങൾക്ക് – 9847276657**

**മാണി കെ. പീറ്റർ**
അക്കാദമിക്ക് ഹെഡ്

**ഫാ. ഫ്രാൻസീസ് ആളൂർ**
ഡയറക്ടർ

# മേരിമാത
# മേജർ സെമിനാരി

**അധ്യയന വർഷാരംഭം**

ജൂൺ 1 –ാം തിയ്യതി പാലക്കാട് രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ പീറ്റർ കൊച്ചുപുരക്കൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിലർപ്പിക്കപ്പെട്ട സമൂഹബലിയോടെ 2022–2023 അധ്യയന വർഷത്തിന് തുടക്കമായി. സെമിനാരി ഓഡിറ്റോറിയത്തിൽ വച്ചു നടന്ന യോഗത്തിനിടെ അഭിവന്ദ്യ മാർ പീറ്റർ പിതാവ് ദീപം തെളിയിച്ച് അധ്യയനവർഷം ഉദ്ഘാടനം ചെയ്തു. റവ. ഡോ. സജി കണയങ്കൽ സി. എസ്. ടി. "Be Authentic in a Scattered World: The Task of Philosophical and Theological Education" എന്ന വിഷയത്തെ അധികരിച്ച് അക്കാദമിക പ്രഭാഷണം നടത്തി. രജിസ്ട്രാർ കം കൺട്രോളർ ഓഫ് എക്സാമിനേഷൻസ് ബഹു. ഫാ. ബിൽജു വാഴപ്പിള്ളി കഴിഞ്ഞ അദ്ധ്യയനവർഷത്തെ റാങ്കുജേതാക്കളെ പ്രഖ്യാപിച്ചു. അവാർഡുദാന ചടങ്ങ് അഭിവന്ദ്യ മാർ പീറ്റർ പിതാവ് നിർവ്വഹിച്ചു.

പുതിയ അധ്യയന വർഷത്തിൽ തത്വശാസ്ത്രവിഭാഗത്തിൽ എൺപത്തിമൂന്നും ദൈവശാസ്ത്രവിഭാഗത്തിൽ എഴുപത്തിയൊമ്പതും വൈദികവിദ്യാർത്ഥികളാണ് പരിശീലനത്തിലുള്ളത്. ഇവരിൽ 54 പേർ നവാഗതരാണ്.

**നവാഭിഷിക്തരുടെ ദിവ്യബലിയർപ്പണം**

2021 – 2022 അധ്യയന വർഷത്തിൽ പരിശീലനം പൂർത്തിയാക്കി ഇക്കഴിഞ്ഞ ഏപ്രിൽ 23, 24 തിയ്യതികളിൽ തിരുപ്പട്ടം സ്വീകരിച്ച ഷംഷാബാദ് രൂപതാംഗമായ റവ. ഫാ. സേവ്യർ മാന്തറയും രാമനാഥപുരം രൂപതാംഗമായ റവ. ഫാ. സാജൻ തറയിലും ജൂൺ 2–ാം തിയ്യതി സെമിനാരി ചാപ്പലിൽ കൃതജ്ഞതാദിവ്യബലിയർപ്പിച്ചു. രണ്ട് നവാഭിഷിക്തർക്കും സെമിനാരികുടുംബത്തിന്റെ ഹൃദയംനിറഞ്ഞ പ്രാർത്ഥനാശംസകൾ.

**മാസധ്യാനം**

നവചൈതന്യത്തോടെ പുതിയ അദ്ധ്യയനവർഷം ആരംഭിക്കാൻ ജൂൺ 3, 4 തിയ്യതികളിൽ നടന്ന മാസധ്യാനം വളരെ സഹായകമായി. സെമിനാരി പരിശീലനരംഗത്ത് ദീർഘകാലത്തെ അനുഭവ സമ്പത്തുള്ള

റവ. ഫാ. ജോയി ചിറ്റിലപ്പിള്ളി ഈശോ കൂടെയുണ്ടെന്നുള്ള ബോധ്യത്തിൽ ആഴപ്പെട്ട് സധൈര്യം ദൈവവിളി ജീവിതത്തിൽ മുന്നേറാൻ ഏവരേയും ഉദ്ബോധിപ്പിച്ചു.

**വിശുദ്ധ മറിയം ത്രേസ്യായുടെ തിരുന്നാൾ**

കേരളസഭയുടെ അഭിമാനമായ വിശുദ്ധ മറിയം ത്രേസ്യായുടെ തിരുന്നാൾ ജൂൺ 8 –ാം തിയ്യതി സമുചിതമായി ആചരിച്ചു. സീറോ മലങ്കര റീത്തിൽ അർപ്പിക്കപ്പെട്ട തിരുന്നാൾ ദിവ്യബലിക്ക് കാർമ്മികത്വം വഹിച്ചത് മേരിമാതയിൽ തത്വശാസ്ത്ര പരിശീലനം പൂർത്തിയാക്കിയ നവവൈദികരാണെന്നത് സെമിനാരികുടുംബത്തിന്റെ സന്തോഷം ഇരട്ടിയാക്കി. തിരുവനന്തപുരം മേജർ അതിരൂപതാംഗമായ ബഹു. അലോഷ്യസ് തെക്കേടത്തച്ചൻ മുഖ്യകാർമ്മികനായിരുന്ന തിരുന്നാൾ ദിവ്യബലിയിൽ മാവേലിക്കര രൂപതാംഗമായ ബഹു. മാത്യൂ കാമച്ചാംപറമ്പിലച്ചൻ വചനപ്രഘോഷണം നടത്തി. തിരുന്നാളിന്റെ തലേനാളിലെ വേസ്പരയ്ക്ക് ബഹു. സിന്റോ പൊറത്തൂരച്ചൻ കാർമ്മികത്വം വഹിച്ചു. തദവസരത്തിൽ ബഹു. ഫ്രീജോ പാറയ്ക്കലച്ചൻ ഹൃദയസ്പർശിയായ സന്ദേശം നൽകി.

**ബേഴ്സ് സ്ഥാപിച്ചവർ**

**Benefactor Membership**

1. ശ്രീ. ജോബ് വി. ജെ., വാഴപ്പിള്ളി ഹൗസ്, കൈപ്പറമ്പ്, പുത്തൂർ, തൃശ്ശൂർ.
2. ശ്രീമതി ഷീജ ജോബ്, വാഴപ്പിള്ളി ഹൗസ്, കൈപ്പറമ്പ്, പുത്തൂർ, തൃശ്ശൂർ.
3. ശ്രീമതി റോസി തോമസ്, തൃക്കൂക്കാരൻ ഹൗസ്, സൗത്ത് തൊറവ്, പുതുക്കാട്, തൃശ്ശൂർ.

തന്റെ ആത്മാവിനെ നമ്മുടെ ഹൃദയങ്ങളിലേക്കു പകരുന്ന ദൈവം നിങ്ങളെല്ലാവരെയും അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു (2കോറി. 1:22). എല്ലാ ഉപകാരികൾക്കും ഹൃദയം നിറഞ്ഞ നന്ദി.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
റെക്ടർ

# സെന്റ് മേരീസ് മൈനർ സെമിനാരി

**അദ്ധ്യയനവർഷാരംഭം**

വേനലവധി കഴിഞ്ഞ് മെയ് 21-ന് വൈദിക വിദ്യാർത്ഥികൾ മൈനർ സെമിനാരിയിൽ തിരിച്ചെത്തി. 22 മുതൽ 26 വരെ പുതിയ വർഷത്തിലേക്കുള്ള ആത്മീയ ഒരുക്കത്തിന്റെ ഭാഗമായി ധ്യാനം നടത്തി. ബഹു. സിന്റോ പൊന്തേക്കൻ അച്ചൻ ധ്യാനത്തിന് നേതൃത്വം നൽകി. ഈ വർഷം പ്ലസ് വൺ പഠനത്തിന് (ഡേ സ്കോളേഴ്സ്) സി.എസ്.ജെ.ബി. സന്യാസ സമൂഹത്തിൽനിന്ന് ഏഴുപേരും ഹോളി ട്രിനിറ്റി സന്യാസസമൂഹത്തിൽനിന്ന് ഒരു സഹോദരനും നമ്മുടെ സെമിനാരിക്കാരോടുകൂടെ ക്ലാസുകളിൽ പങ്കെടുക്കുന്നു.

**പുതിയ ബാച്ച്**

ഈ വർഷം മൈനർ സെമിനാരിയിലേക്ക് പ്രവേശനം സ്വീകരിച്ചിരിക്കുന്നത് 18 പേരാണ്. 12 പേർ പത്താം ക്ലാസ് പഠനവും, നാലുപേർ പ്ലസ് ടു പഠനവും, രണ്ടുപേർ ഡിഗ്രി പഠനവും പൂർത്തിയാക്കിയവരാണ്.

**അദ്ധ്യയനവർഷ ഉദ്ഘാടനം**

പുതിയ അദ്ധ്യയനവർഷത്തിന്റെ ഉദ്ഘാടനം അതിരൂപത വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാൻ നിർവ്വഹിച്ചു. അദ്ധ്യാപകരും വിദ്യാർത്ഥികളും സി.എസ്.ജെ.ബി., ഹോളി ട്രിനിറ്റി സഹോദരന്മാരുടെ ബഹു. റെക്ടറച്ചന്മാരും സന്നിഹിതരായിരുന്നു. പരിപാടികൾക്ക് സെമിനാരിയിലെ ഫാ. പ്രീഫെക്ട് ബഹു. ഡെന്നി ചിറയത്തച്ചൻ നേതൃത്വം നൽകി.

**ദൈവശാസ്ത്ര-തത്വശാസ്ത്ര പരിശീലനം ആരംഭിക്കുന്നു**

2022 അദ്ധ്യയനവർഷം തൃശൂർ അതിരൂപതക്ക് ഒന്നാം വർഷ ദൈവശാത്ര പരിശീലനത്തിനയക്കാൻ 10 ഉം, ഒന്നാം വർഷ തത്വശാസ്ത്ര പരിശീലനത്തിനായി 14 ഉം വൈദിക വിദ്യാർത്ഥികളാണുള്ളത്. തൃശൂർ മേരിമാതാ, ആലുവ, കോട്ടയം, പൂന, റോം സ്ഥലങ്ങളിലെ മേജർ സെമിനാരികൾക്കു പുറമെ ഈ വർഷം മിഷൻ ചൈതന്യം കൂടുതൽ സ്വായത്തമാക്കാൻ ആന്ധ്രപ്രദേശിലെ വിശാഖപട്ടണത്തിനടുത്തുള്ള സെന്റ് ജോൺ റീജിനൽ സെമിനാരിയിലേക്ക് തത്വശാസ്ത്ര പഠനത്തിനായി ഒരു വൈദിക വിദ്യാർത്ഥിയെ അയച്ചിട്ടുണ്ട്.

**ബേഴ്സ് സ്ഥാപിച്ചവർ**

1. ശ്രീ. തോമസ് വി.എൻ, വാഴപ്പിള്ളി ഹൗസ്, പാറേമ്പാടം
2. ശ്രീ. എം.സി. ജോസഫ്, മേലിട്ട് പാലത്തിങ്കൽ ഹൗസ്, കാവീട്
3. ശ്രീമതി ലില്ലി ജോസഫ്, മേലിട്ട് പാലത്തിങ്കൽ ഹൗസ്, കാവീട്
4. ബഹു. വികാരിയച്ചനും ഇടവകക്കാരും, സെന്റ് ജോസഫ്സ് ഇടവക, പങ്ങാരപ്പിള്ളി
5. ശ്രീ. ടോണി ജെ. വടക്കൻ, കാക്കശ്ശേരി, പാവറട്ടി
6. ശ്രീമതി ലൂസി പോൾ, മൂക്കൻ ഹൗസ്, നെല്ലിക്കുന്ന്
7. ശ്രീമതി ഫിമി ഫ്രാൻസിസ്, കല്ലേരി ഹൗസ്, കണ്ണംകുളങ്ങര
8. ശ്രീമതി കെ.എൽ. മോനിക്ക & എം.എ. വിൻസെന്റ്, മുളക്കൽ ഹൗസ്, മറ്റം
9. അസ്സീസി ജോൺ മുട്ടത്ത് ചാരിറ്റബിൾ ട്രസ്റ്റ് ബഹു. പോൾ മുട്ടത്തച്ചന്റെ പൗരോഹിത്യ സ്വീകരണത്തിന്റെ ഓർമ്മയ്ക്കായ് നൽകിയ സമർപ്പണം
10. ശ്രീ. സി.എഫ്. തോമസ് & ശ്രീമതി മേരി, ചിരിയങ്കണ്ടത്ത് ഹൗസ്, പാലയൂർ
11. ശ്രീമതി ഡെൽന മരിയ ഡേവിസ്, പള്ളിപ്പാടൻ ഹൗസ്, പാദുവാപുരം, എറണാകുളം
12. ശ്രീ. അലക്സ് ജോഷി, മെമ്മാടത്തിൽ ഹൗസ്, നടത്തറ
13. ശ്രീമതി മേരി റോസ് റോയ്, തലക്കോട്ടൂർ ഹൗസ്, തൊയക്കാവ്
14. ശ്രീ. തോമസ് സി.ജെ. & ശ്രീമതി ഷാജി തോമസ്, ചൂണ്ടൽ ഹൗസ്, പഴുന്നാന
15. ശ്രീ. ആന്റണി വടക്കേത്തല, വടക്കേത്തല ഹൗസ്, പൂത്തറക്കൽ
16. ശ്രീ. ഫ്രാൻസിസ് കെ.കെ., കൂത്തൂർ ഹൗസ്, എളവള്ളി
17. ശ്രീ. കൊച്ചന്തു സി.വി., ചിറ്റിലപ്പിള്ളി കുന്നത്ത് ഹൗസ്, പറപ്പൂർ
18. ശ്രീ. പോൾ ടി.ടി., തൈക്കാടൻ ഹൗസ്, വില്ലടം
19. ശ്രീ. ഫ്രാൻസിസ് എൻ.ഒ. & ശ്രീമതി ലിസി ഫ്രാൻസിസ്, നായങ്കര ഹൗസ്, അരിമ്പൂർ

വൈദിക വിദ്യാർത്ഥികളെ സ്വന്തമെന്ന് കരുതി പ്രാർത്ഥന കൊണ്ടും സാമ്പത്തികമായും സഹായിക്കാൻ മുന്നോട്ടുവന്ന എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെ.

**ഫാ. ഫ്രാൻസിസ് വാഴപ്പിള്ളി (Jr.)**
റെക്ടർ

# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**അൽഷിമേഴ്സ് അഥവാ മറവി രോഗത്തിനുള്ള മരുന്ന് ഗവേഷണം**

അൽഷിമേഴ്സ് അഥവാ മറവി രോഗത്തിനുള്ള മരുന്ന് ഗവേഷണത്തിൽ പുതിയ കണ്ടെത്തലുകൾ ജൂബിലി ഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞനായ ഡോ. ദിലീപ് വിജയനും ജപ്പാനിലെ 'റിക്കൻ' ഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞരും സംയുക്തമായി നടത്തി. ഇവരുടെ ഗവേഷണ ഫലം ഇന്റർനാഷണൽ ജേർണൽ ഫോർ ബയോളജിക്കൽ മാക്രോമോളിക്യൂൾസ് എന്ന എൽസിവർ ജേർണലിൽ പ്രസിദ്ധീകരിച്ചിരിക്കുന്നു. കേന്ദ്രഗവൺമെന്റ് സ്ഥാപനങ്ങൾ ആയ ഡിപ്പാർട്ടുമെന്റ് ഓഫ് ബയോടെക്നോളജി, സ്പൈസസ് ബോർഡ് എന്നിവയിൽ നിന്നും ലഭിച്ച മുക്കാൽ കോടിയോളം രൂപയുടെ ധനസഹായത്തോടെയാണ് ഈ ഗവേഷണം.

**വണക്കമാസ സമാപനം**

മെയ് 31 നു മാതാവിന്റെ വണക്കമാസസമാപനത്തോടനുബന്ധിച്ചു വൈകീട്ടത്തെ ദിവ്യബലിക്ക് ശേഷം ഹോസ്പിറ്റൽ പരിസരം മുഴുവൻ ഹോസ്പിറ്റൽ ജീവനക്കാരുടെ പ്രാർത്ഥന നിർഭരമായ ജപമാല പ്രദക്ഷിണം നടത്തുകയും ലൂർദ് മാതാ ഗ്രോട്ടോയിൽ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയന്റെ നേതൃത്വത്തിൽ പ്രാർത്ഥനയും ആശീർവാദവും നടത്തുകയും തുടർന്ന് നേർച്ച വിതരണം സംഘടിപ്പിക്കുകയും ചെയ്തു.

**ആശുപത്രിയുടെ പവലിയന് ഒന്നാം സ്ഥാനം**

തൃശ്ശൂർ പൂരം എക്സിബിഷനിൽ ജൂബിലി മിഷൻ ആശുപത്രിയുടെ പവലിയൻ തൃശ്ശൂർ എ.സി.പി. ശ്രീ. വി. കെ രാജു ഉദ്ഘാടനം ചെയ്തു. ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ, സി.ഇ.ഒ. ഡോ. ബെന്നി ജോസഫ്, അസി. ഡയറക്ടർ ഫാ. ഡെമിൻ തറയിൽ, തൃശ്ശൂർ പൂരം എക്സിബിഷൻ കമ്മിറ്റിയുടെ വൈസ് പ്രസിഡണ്ട് സതീഷ് കുമാർ, ജോയിന്റ് സെക്രട്ടറി ദിലീപ് കുമാർ, ട്രഷറർ ശശികുമാർ എിവർ സിഹിതരായിരുന്നു. 'കോവിഡാനന്തര തൃശ്ശൂർ' എന്ന വിഷയത്തെ ആസ്പദമാക്കി തയ്യാറാക്കിയ ജൂബിലിയുടെ പവലിയനാണ് ആരോഗ്യ മേഖലയിലെ മികച്ച സ്റ്റാൾ ആയി തിരഞ്ഞെടുത്തത്.

**ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഒന്നാം സ്ഥാനത്ത്**

ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ പതിനെട്ടാം ബാച്ച് എം.ബി.ബി.എസ്. വിദ്യാർത്ഥികൾ കേരള ആരോഗ്യ സർവ്വകലാശാല യുടെ ഒന്നാം വർഷ എം.ബി.ബി.എസ് പരീക്ഷയിൽ 84 ശതമാനം വിജയം നേടി യുണിവേഴ്സിറ്റി തലത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. ആശു പത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ, പ്രിൻസിപ്പാൾ ഡോ. പ്രവീൺലാൽ, സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് എന്നിവർ ഉന്നതവി ജയം നേടിയ വിദ്യാർത്ഥികളെയും അദ്ധ്യാപകരേയും അനുമോദിച്ചു.

**ബ്രെസ്റ്റ് ഇമേജിങ്ങ്**

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് റേഡിയോളജി വിഭാഗത്തിന്റെയും BISI-യുടെയും സഹകരണത്തോടെ സംഘടിപ്പിച്ച ബ്രെസ്റ്റ് ഇമേജിങ്ങിനെക്കുറിച്ചുള്ള ഏകദിന പഠനശിബിരം ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുര്യൻ ഉദ്ഘാടനം ചെയ്തു. റേഡിയോളജി വിഭാഗം മേധാവി ഡോ. ബാലചന്ദ്രൻ നായർ സ്വാഗതം ആശംസിച്ച ചടങ്ങിൽ ഡോ. ഗോമതി സുബ്രമണ്യൻ അദ്ധ്യക്ഷത വഹിച്ചു. IRIA കേരള ചാപ്റ്റർ സെക്രട്ടറി ഡോ. റിജോ മാത്യു, ഡോ. ജാനകി പി., പി. ധർമ്മരാജൻ (BISI) എന്നിവർ ആശംസകൾ അർ പ്പിച്ചു. Breast Cancer-നെക്കുറിച്ച് സുദീർഘമായ ചർച്ചകൾ ഡോ. ബാലചന്ദ്രൻ, ഡോ. ശ്രീകുമാർ പിള്ള, ഡോ. മിഥുൻ ചാക്കോ, ഡോ ഉഷ പൈ, സി. റോസിൻ എന്നിവരുടെ നേതൃത്വത്തിൽ നടന്നു.

**നിയോകോൺ 2022**

നവജാതശിശുരോഗവിദഗ്ദരുടെ പതിമൂന്നാമത് അന്താരാഷ്ട്ര സമ്മേളനം നിയോകോൺ 2022ന്റെ ഭാഗമായി ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ മൂന്ന് വർക്ക്ഷോപ്പുകൾ നടന്നു. ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുര്യൻ ഉദ്ഘാടനം നിർവ്വഹിച്ചു. ഐ. എ. പി. നി യോകോൺ ചാപ്റ്റർ സെക്രട്ടറി ഡോ. രാജേഷ് കുമാറിന്റെ അധ്യക്ഷത യിൽ വിശിഷ്ടാതിഥികളെയും മറ്റെല്ലാവരെയും ഡോ. മനോജ് വി. സി. സ്വാഗതം ചെയ്തു. സി. ഇ. ഒ. ഡോ. ബെന്നിജോസഫ് നീലങ്കാവിൽ, മെഡിക്കൽ സൂപ്രണ്ട് ഡോ. ഗിൽവാസ് പി. സി, വർക്ക്ഷോപ്പ് ലീഡ് ഇൻസ്ട്രക്റ്റർ ഡോ. ആശിഷ് മെഹ്ത, ഡോ. നവീൻ ജെയിംസ് തുട ങ്ങിയവർ വേദിയിൽ സിഹിതരായിരുന്നു. ഡോ. അപർണ നമ്പൂതിരിപ്പാട് നന്ദി പറഞ്ഞു. നൂറോളം ഡോക്ടേഴ്സ് വർക്ക്ഷോപ്പിൽ പങ്കെടുത്തു. ഇ ന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സ് തൃശൂർ ശാഖയും നാഷണൽ നിയോനാറ്റോളജി ഫോറം കേരള ശാഖയുമായിരുന്നു സംഘാടകർ. ജൂ ബിലി മിഷൻ മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ നവജാത ശിശുരോ

ഗവിഭാഗം തലവനായ ഡോ. മനോജ് വി. സി. ആയിരുന്നു സംഘാടക സമിതി ചെയർമാൻ.

**പുതിയ അൾട്രാസൗണ്ട് സ്കാൻ മെഷീൻ**

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്റേഡിയോളജി വിഭാഗത്തിൽ പുതിയ അൾട്രാസൗണ്ട് സ്കാൻ മെഷീൻ അസിസ്റ്റന്റ് ഡയറക്ടർ റവ. ഡോ. ഡെമിൻ തറയിൽ ആശീർവ്വദിച്ചു. ഡിപ്പാർട്ടുമെന്റ് മേധാവി ഡോ. എം. ആർ. ബാലചന്ദ്രൻ നായർ, ഇൻചാർജ്ജ് സിസ്റ്റർ റോസിൻ, റേഡിയോളജി സ്റ്റാഫംഗങ്ങൾ എന്നിവരും സിഹിതരായിരുന്നു.

**സൗജന്യ മെഗാമെഡിക്കൽ ക്യാമ്പ്**

ടി. എൻ പ്രതാപൻ എം. പി. യുടെ M. P.'s Care -ന്റെ സഹകരണത്തോടെ തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ എട്ട് വിഭാഗങ്ങളെ ഉൾപ്പെടുത്തി സൗജന്യ മെഗാ മെഡിക്കൽ ക്യാമ്പും, രക്തദാനക്യാമ്പും തുമ്പൂർ സ്കൂളിൽ വച്ച് നടന്നു. കമ്മ്യൂണിറ്റി മെഡിസിൻ, ജനറൽ സർജറി, ഗൈനക്കോളജി, ഒഫ്ത്താൽമോളജി, ഓർത്തോ, ഇ.എൻ.ടി., പീഡിയാട്രിക്, ട്രാൻസ്ഫ്യൂഷൻ മെഡിസിൻ എന്നീ വിഭാഗങ്ങളുടെ സഹകരണത്തോടെ നടത്തിയ ക്യാമ്പിൽ 270 പേർ പങ്കെടുത്തു. ഡി. സി. സി. പ്രസിഡന്റ് ശ്രീ. ജോസ് വള്ളൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജിന് സ്നേഹ ഉപഹാരം കൈമാറി.

**അഭിനന്ദനങ്ങൾ.. ആശംസകൾ..**

♦ മെഡിക്കൽ സൂപ്രണ്ടും ന്യൂറോളജി വിഭാഗം പ്രൊഫസറുമായ ഡോ. പി. സി. ഗിൽവാസിന് കൈരളി ന്യൂറോസയൻസസ് സൊസൈറ്റിയുടെ വാർഷിക സമ്മേളനമായ TRAVANCORE NEUROCON 2022, Professor Dr . K V Mathai Memmorial Life Time Achievement Award നൽകി ആദരിച്ചു.

♦ കണ്ണൂരിൽ നടന്ന ഓൾ കേരള ഒബിജി കോൺഫറൻസിൽ ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജി വിഭാഗം മേധാവി ഡോ. സറീന ഗിൽവാസിനെ ഓൾ കേരള ഫെഡറേഷൻ ഓഫ് ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജിയുടെ പ്രസിഡന്റായി തിരഞ്ഞെടുത്തു.

♦ കൊച്ചിൻ ഡെർമറ്റോളജിക്കൽ സൊസൈറ്റിയുടെ നേതൃത്വത്തിൽ, അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് കൊച്ചിയിൽ വച്ച് നടന്ന MID CUTICON KERALA 2022 പോസ്റ്റർ പ്രസന്റേഷനിൽ ഒന്നാം വർഷ ഡെർമറ്റോളജി ആൻഡ് വെനെറൽ വിഭാഗം ബിരുദാനന്തര ബിരുദ വിദ്യാർത്ഥിയായ ഡോ. കരിഷ്മ എബ്രഹാം ജോർജ്ജ് രണ്ടാം സ്ഥാനം നേടി.

♦ ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജി വിഭാഗം പ്രൊഫസർ ഡോ. അശ്വത് കുമാറിനെ പൂനെ ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജി സൊസൈറ്റി, സ്ത്രീകളുടെ ആരോഗ്യത്തിനായി നൽകിയ സേവന ങ്ങൾക്കു സ്റ്റാർ കണക്ട് അവാർഡ് നൽകി ആദരിച്ചു.

♦ ഫോറൻസിക്ക് മെഡിസിൻ വിഭാഗം മേധാവി ഡോ. കെ. പദ്മകു മാറിനെ ഇന്ത്യൻ അക്കാദമി ഓഫ് മെഡിക്കോലീഗൽ എക്സ്പേർട്ട് സിന്റെ നാഷണൽ വൈസ് പ്രസിഡണ്ടായി തിരഞ്ഞെടുത്തു.

**പുതിയ ഡോക്ടർമാർ**

♦ ഡോ. ഡോ. ബാബു വർഗ്ഗീസ് എ ജെ (ഫിസിക്കൽ മെഡിസിസൻ & റിഹേബിലിറ്റേഷൻവിഭാഗം)

**ഡയാലിസിസിന് സംഭാവന നൽകിയവർ**

♦ ബൈജു ജോസഫ്, ചിറമ്മേൽ ഹൗസ്, മണലൂർ, തൃശ്ശൂർ
♦ സെന്റ് ജോർജ്ജ് ചർച്ച്, സി.എൽ.സി, മുക്കാട്ടുക്കര, നെട്ടിശ്ശേരി, തൃശ്ശൂർ
♦ റവ. ഫാ. മൈക്കിൾ
♦ കാഴ്ചസമർപ്പണം, (Holy week - 22), ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
♦ ഡെലിഗേറ്റ് സുപ്പീരിയർ, സൊസൈറ്റി ഓഫ് ഡിവൈൻ വൊക്കേഷൻസ്, ഫാ. ജസ്റ്റിൻ വൊക്കേഷനറി, തലോർ, തൃശ്ശൂർ

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

♦ ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ
♦ തോമകുട്ടി, ആളൂർ, കൊക്കൻ ഹൗസ്, അരണാട്ടുകര, തൃശ്ശൂർ
♦ മെറ്റിൽഡ പീറ്റർ, സെൻട്രൽ ലാബോറട്ടറി, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
♦ ബിന്ദു, പാലക്കാട്
♦ സുജിത് ശ്രീകുമാരൻ, വേലത്തോട് ഹൗസ്, വെള്ളിനേഴി
♦ അഭ്യുദയകാംക്ഷി, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
♦ ആൻഡ്രൂസ്

**ഫാ. റെന്നി മുണ്ടൻകുര്യൻ**
ഡയറക്ടർ

# സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

**1. പി.എച്ച്.ഡി നേടി**

ബോട്ടണി ഡിപ്പാർട്ട്മെന്റിൽ ഗവേഷണ വിദ്യാർത്ഥിയായിരുന്ന ശ്രീമതി സീന കെ.കെ. മുൻ പ്രിൻസിപ്പാൾ ഡോ. ഇഗ്നേഷ്യസ് ആന്റണിയുടേയും, ബോട്ടണി അദ്ധ്യാപകൻ ഡോ. ആന്റോ പി.വി യുടേയും മേൽനോട്ടത്തിൽ പി.എച്ച്.ഡി ബിരുദം നേടി.

ബോട്ടണി ഡിപ്പാട്ട്മെന്റിലെ ഗവേഷണ വിദ്യാർത്ഥിയായിരുന്ന ശ്രീമതി അലീന കെ. സെബാസ്റ്റ്യൻ ബോട്ടണി അദ്ധ്യാപകൻ ഡോ. ആന്റോ പി.വി യുടെ ഗവേഷണ മേൽനോട്ടത്തിൽ പി.എച്ച്.ഡി ബിരുദം നേടി.

ഇക്കണോമിക്സ് ഡിപ്പാർട്ട്മെന്റിലെ ഗവേഷണ വിദ്യാർത്ഥിയായിരുന്ന ശ്രീമതി ജീന പി.എം. ഡിപ്പാർട്ട്മെന്റ് തലവൻ ഡോ. സാബു പി.ജെ യുടെ ഗവേഷണ മേൽ നോട്ടത്തിൽ പി.എച്ച്.ഡി നേടി.

**2. പ്ലെയ്സ്മെന്റ്**

കോളേജിലെ പ്ലെയ്സ്മെന്റ് സെല്ലിന്റെ ആഭിമുഖ്യത്തിൽ പ്ലെയ്സ്മെന്റ് ലഭിച്ചവർ.

കോഗ്നിസെന്റ് –1, എം.ആർ.എഫ്–1, എക്സ്പിരിയോൺ–3, എസെൻച്ചുവർ–1, ഫെഡറൽ ബാങ്ക്–10, ഇൻഫോസിസ്–23, ഡ്യൂക്ക് സോഫ്റ്റ്–4, കെയർ സ്റ്റാക്ക്–6, ടി.സി.എസ്–13, ഐക്യുവിയ–5, എച്ച്.സി.എൻ–5, പ്രിസ്സം ആർ.എം.സി–1, സ്ട്രൈവ് –1, ഇൻവെസ്റ്റിംഗ് വൈസ്‌ലി –3

ഒരു മാസത്തിൽ 77 കുട്ടികൾക്ക് പ്ലെയ്സ്മെന്റ് ലഭിച്ചതിൽ സെല്ലിന്റെ പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നു.

**3. കായികം**

ശ്രീ ജോസഫ് റൈസ് മെമ്മോറിയൽ സൗത്ത് ഇന്ത്യ ഇന്റർ കോളേജിയേറ്റ് ഫുഡ്ബോൾ മത്സരത്തിൽ കോളേജ് ടീം ചാമ്പ്യൻഷിപ്പ് നേടി. ഫുഡ്ബോൾ ടീമിനും കോച്ചിനും അഭിനന്ദനങ്ങൾ.

**4. എസ്. എസ്. ആർ സമർപ്പിച്ചു**

നാക്ക് വിസിറ്റിനു വേണ്ടിയുള്ള എസ്. എസ്. ആർ സമർപ്പണം നടത്തി. നാക്ക് 4–ാം സൈക്കിളിന്റെ വിസിറ്റിനുള്ള പരിശ്രമമാണ് പൂർത്തീകരിച്ച് സമർപ്പിച്ചത്. കോളേജിലെ നാക്ക് പ്രീപ്പറേഷൻ കമ്മറ്റിക്ക് അഭിനന്ദനങ്ങൾ.

**5. നേട്ടം**

ചങ്ങനാശ്ശേരി എസ്.ബി കോളേജ് ഏർപ്പെടുത്തിയ ഫാ. ജോർജ്ജ് മഠത്തിൽ പറമ്പിലിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി സ്മരണയ്ക്കായി ഏർപ്പെടുത്തിയ മികച്ച ഇംഗ്ലീഷ് അദ്ധ്യാപക പുരസ്ക്കാരം ഡോ. സി.എസ് ബിജുവിന് ലഭിച്ചു. അഭിനന്ദനങ്ങൾ.

പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് എൻ.എസ്.എസ് കോളേജ് ഒറ്റപ്പാലം സംഘടിപ്പിച്ച എനർജി കൺസർവേഷൻ വെബിനാറിൽ ഫിസിക്സ് അദ്ധ്യാപകൻ ഡോ. വിമൽകുമാർ ടി.വി മുഖ്യപ്രഭാഷണം നടത്തി.

**6. പുതിയ സാരഥികൾ**

ഈ വർഷം പുതിയ സാരഥ്യം ലഭിച്ചവർ

| | |
|---|---|
| വൈസ് പ്രിൻസിപ്പാൾ | – റവ ഡോ. അനിൽ ജോർജ്ജ്. കെ. |
| ഡീൻ ഓഫ് സയൻസ് ആന്റ് സുവോളജി തലവൻ | – ഡോ. ബിനോയ് സി.എഫ് |
| സീനിയർ സൂപ്രണ്ട് | – ജൻസൺ വി.ഡി |
| ഹെഡ് അക്കൗണ്ടന്റ് | – ജോബി എ.വി |
| കെമിസ്ട്രി തലവൻ | – പോൾസൺ മാത്യു |
| ഫിസിക്സ് | – ഡോ. ജോ കിഴക്കൂടൻ |

**7. കമ്പ്യൂട്ടർ സയൻസ് ഡിപ്പാർട്ട്മെന്റിലെ പുതിയ അദ്ധ്യാപകർ**

1. ഡോ. ജോൺ പോൾ സി. ഐ
2. മിസ്. റോഷ്നി വർഗീസ്
3. മിസ്റ്റർ. റെജിൻ ജോസ്
4. മിസ്റ്റർ. സിജോ ജോസ്

പുതിയ അദ്ധ്യാപകർക്ക് കോളേജിലേക്ക് സ്വാഗതം

**8. എൻ.എസ്.എസ്**

യോഗ ദിനാചരണം, പൊതിച്ചോറ് വിതരണം കുടുംബ ദിനം, പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് പേപ്പർ ബാഗ് നിർമ്മാണം, കാർഷിക വൃത്തി, എന്നീ പ്രവർത്തനങ്ങളിലും, ബ്രെയിൻ ട്യൂമർ ദിനത്തോടനുബന്ധിച്ച് തൃശൂർ അമല മെഡിക്കൽ കോളേജിലെ ഡോ. മേരി ആനി പൂവ്വത്തിങ്കൽ നയിച്ച സെമിനാറും സംഘടിപ്പിച്ചു. ജില്ല ലീഗൽ സർവ്വീസ് അതോറിറ്റിയുമായി സഹകരിച്ച് പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഇന്ത്യൻ പരിസ്ഥിതി നിയമങ്ങളും വെല്ലുവിളികളും എന്ന വിഷയത്തിൽ അഡ്വ. സുഷീൽ വി.ജി ക്ലാസ്സു നയിച്ചു. സബ് ജഡ്ജ് ശ്രീ മൽജിത്ത് ടി ഉത്ഘാടനം ചെയ്തു.

**9. പൂർവ്വ വിദ്യാർത്ഥി സംഗമം**

കെമിസ്ട്രി ഡിപ്പാർട്ട്മെന്റിലെ പൂർവ്വ വിദ്യാർത്ഥിയായിരുന്ന ഡോ. സി.എൻ രാമചന്ദ്രൻ (ഐ.ഐ.ടി., റൂർക്കി) കോളേജ് സന്ദർശിച്ചു.

ബോട്ടണി ഡിപ്പാർട്ട്മെന്റിലെ 1971–74–ലെ പൂർവ്വ വിദ്യാർത്ഥികൾ പുന സംഗമം നടത്തി ഓർമ്മ പുതുക്കി. ബാച്ചിന്റെ സുവർണ്ണ ജൂബിലി സ്മ രണയ്ക്കായ് ബോട്ടണി വിഭാഗത്തിൽ മികച്ച മാർക്ക് നേടുന്ന വിദ്യാർ ത്ഥിക്ക് പുരസ്ക്കാരം നൽകാനും തീരുമാനിച്ചു.

ബോട്ടണി ഡിപ്പാർട്ട്മെന്റിലെ പൂർവ്വവിദ്യാർത്ഥിയും യു. എസി ലെ ജോർജിയ യൂണിവേഴ്സിറ്റി സീനിയർ സയൻന്റിസ്റ്റ് ഡോ ശിവ കുമാർ പട്ടത്തിൽ നൂതന ഗവേഷണ രീതികളെക്കുറിച്ച് സെമിനാർ ന ടത്തി.

**10. പുസ്തകപ്രകാശനം**

കോളേജിന്റെ മുൻകാല ഇംഗ്ലീഷ് അദ്ധ്യാപകനായിരുന്ന പ്രൊ ഫ. വർഗീസ് കെ.എ സ്വന്തമായി രചിച്ച് പുസ്തകം കോളേജ് ഒ.എ സ്.എ യുടെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിച്ച് പ്രകാശനം ചെയ്തു.

**11. പരിസ്ഥിതി ദിനാചരണം/കുളവെട്ടി സംരക്ഷണം**

ബോട്ടണി ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ വരവൂർ ഗ്രാമ പഞ്ചായത്തുമായി സഹകരിച്ച് വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന കുളവെട്ടി തൈകൾ വരവൂരിൽ നട്ടു സംരക്ഷിച്ചു. കുളവെട്ടി സംരക്ഷ ണ പ്രവർത്തനം സംസ്ഥാന ദേവസ്വം ആന്റ് പട്ടികജാതി പട്ടികവർഗ വികസന വകുപ്പ് മന്ത്രി ശ്രീ കെ രാധാകൃഷ്ണൻ നിർവ്വഹിച്ചു.

**12. വെബിനാർ**

ബോട്ടണി ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ പരിസ്ഥിതി ദി നത്തോടനുബന്ധിച്ച് വെബിനാർ സംഘടിപ്പിച്ചു. പാലാ സെന്റ് തോമ സ് കോളേജ് പ്രൊഫസർ ഡോ. ജോമി അഗസ്റ്റിൻ 'പെരിയാർ ടൈ ഗർ റിസർവ്വിലെ ബയോഡൈവേഴ്സിറ്റി'യെകുറിച്ച് മുഖ്യപ്രഭാഷണം നടത്തി.

**13. അഭിനന്ദനങ്ങൾ**

കോളേജിലെ മൾട്ടിമീഡിയ ഡിപ്പാർട്ട്മെന്റിന്റെ തലവനായ റവ.ഡോ. ബിജു ആലപ്പാടിന് സി.ബി.സി.ഐ യുടെ സോഷ്യൽ കമ്മ്യൂ ണിക്കേഷൻ കമ്മീഷൻ സെക്രട്ടറിയായി നിയമിതനായതിൽ അഭിനന്ദ നങ്ങൾ.

**14. പുതിയ സ്റ്റാർട്ടപ്പ്**

'ബിഗോൺ ടെക്നോളജീസ്' എന്ന സംരഭം കോളേജിൽ പുതി യ സ്റ്റാർട്ടപ്പ് തുടങ്ങി. കോളേജുമായി സഹകരിച്ചു പ്രവർത്തിക്കാൻ ധാ രണാപത്രം ഒപ്പു വെച്ചു.

**15. ഓട്ടോണമസ് പദവി നിർണയ സമിതി സന്ദർശിച്ചു**

ജെ.എൻ.യു വൈസ് ചാൻസലർ പ്രൊഫസർ. ശാന്തിശ്രീ ദു ലിഫുടി പണ്ടിറ്റ് (ചെയർ പേഴ്സൺ), ബനാറസ് ഹിന്ദു യൂണിവേഴ്സി

റ്റി ബോട്ടണി പ്രൊഫസർ മധൂലിക അഗർവാൾ, തമിഴ്നാട് എം.ഒ.പി വൈഷ്ണവ്, കോളേജ് പ്രിൻസിപ്പാൾ ഡോ. ലളിതാ ബാലകൃഷ്ണൻ, മലപ്പുറം ഗവ. കോളേജ് പ്രിൻസിപ്പാൾ ഡോ. കെ.കെ. ദാമോദരൻ, കാലിക്കറ്റ് യൂണിവേഴ്സിറ്റി പ്രൊഫ. ഡോ.എം.മനോഹരൻ, യു.ജി.സി അണ്ടർ സെക്രട്ടറി ശ്രീ. ശ്യാം സിംഗ് എന്നിവർ അടങ്ങു ടീം ഓട്ടോണമസ് പദവി നിർണ്ണയിക്കുന്നതിനായി കോളേജ് സന്ദർശിച്ച് പരിശോധന നടത്തി.

**ഫാ. ബിജു പാണേങ്ങാടൻ**
എക്സിക്യൂട്ടീവ് മനേജർ

**ഡോ. ആന്റോ പി. വി.**
പി.ആർ.ഒ.

# ജ്യോതി എഞ്ചിനിയറിംഗ് കോളേജ്

**നാക് മൂല്യനിർണ്ണയത്തിൽ എ ഗ്രേഡ്**

തൃശൂർ അതിരുപതയുടെ കീഴിലുള്ള ജ്യോതി എഞ്ചിനീയറിംഗ് കോളേജിന് കേന്ദ്രസർക്കാർ ഏജൻസിയായ നാക് മൂല്യനിർണ്ണയത്തിൽ എ ഗ്രേഡ് ലഭിച്ചു. വിദഗ്ധ സമിതി കോളേജ് സന്ദർശിക്കുകയും സൗകര്യങ്ങൾ വിശദമായി വിലയിരുത്തുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിലാണ് അഞ്ചു വർഷത്തേക്ക് കോളേജിന് എ ഗ്രേഡ് ലഭിച്ചത്. കേരളത്തിലെ ചുരുക്കം സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾക്കു മാത്രമേ ഈ അംഗീകാരം ലഭിച്ചിട്ടുള്ളൂ. ഇത് തുടർച്ചയായി രണ്ടാം തവണയാണ് കോളേജിന് നാക് അക്രെഡിറ്റേഷൻ ലഭിക്കുന്നത്. മികച്ച നിലവാരം പുലർത്തുന്ന പഠനാന്തരീക്ഷം, അതിനു അനുയോജ്യമായ കോളേജ് കാമ്പസ്, ടാറ്റ–ജ്യോതി പ്രൊജക്ട്, ഫാബ് ലാബ്, ആംഫി തിയ്യറ്റർ, ഓപ്പൺ ലൈബ്രറി തുടങ്ങിയ സൗകര്യങ്ങൾ എ ഗ്രേഡ് കിട്ടാൻ കോളേജിനെ സഹായിച്ചു.

**തരംഗ് – ടെക് ഫെസ്റ്റ്**

ഏപ്രിൽ 29, 30 ദിവസങ്ങളിലായി ജ്യോതിയിൽ ടെക്ഫെസ്റ്റ് സംഘടിപ്പിച്ചു. തരംഗ് എന്നപേരിൽ നടത്തിയ ടെക്ഫെസ്റ്റ് പാഞ്ഞാൾ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി. തങ്കമ്മ ഉദ്ഘാടനം ചെയ്തു. വിവിധ തരത്തിലുള്ള പ്രൊജക്ട് മത്സരങ്ങൾ, മോട്ടോർഷോ, മോഡിഫൈഡ് കാറുകളുടെ പ്രദർശനം, പ്രോഷോ, വിവിധയിനം മത്സരങ്ങൾ എന്നിവ

തരംഗിന്റെ ഭാഗമായി നടന്നു.

**ആർട്സ് & സ്പോർട്സ്**

കോളേജ് വിദ്യാർത്ഥികൾക്കായി ഗ്രൂപ്പുതിരിച്ച് ആർട്സ്& സ്പോർട്സ് മത്സരങ്ങൾ നടത്തി. രണ്ട് ദിവസങ്ങളിലായാണ് മത്സരങ്ങൾ സംഘടിപ്പിച്ചത്. ആർട്സ് ഫെസ്റ്റ് പ്രശസ്ത പിന്നണി ഗായകൻ സച്ചിൻ വാര്യർ ഉദ്ഘാടനം ചെയ്തു.

**ബിദുരദാനചടങ്ങ്**

ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ 14–ാമത് ബിരുദദാനചടങ്ങ് പത്മവിഭൂഷൺ മെട്രോമാൻ ഡോ. ഇ. ശ്രീധരൻ ഉദ്ഘാടനം ചെയ്തു. മാർ ആൻഡ്രൂസ് താഴത്ത് മുഖ്യപ്രഭാഷണം നടത്തി.

**കോളേജ് ഡേ**

മെയ് 20–ാം തിയ്യതി കോളേജ് ഡേ ആഘോഷിച്ചു. തൃശൂർ റൂറൽ പോലീസ് മേധാവി ഐശ്വര്യ ഡോങ്റെ ഐ.പി.എസ്. ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. കോളേജിലെ മികച്ച വിദ്യാർത്ഥിക്ക് സണ്ണി ഡയമണ്ട് പാരിതോഷികം നൽകി ആദരിച്ചു. വിദ്യാർത്ഥികളുടെ വിവിധ കലാപരിപാടികൾ നടത്തി.

**സെമിനാറുകൾ**

നാഷണൽ ഡിജിറ്റൽ ലൈബ്രറി ക്ലബ്ബിന്റെ നേതൃത്വത്തിൽ മെയ് 23, 24, 25 തിയ്യതികളിൽ മെക്കാനിക്കൽ, ഇലക്ട്രിക്കൽ, സിവിൽ ഡിപ്പാർട്ട്മെന്റുകളിൽ സെമിനാറുകൾ സംഘടിപ്പിച്ചു.

**ഏകദിന ശില്പശാല**

IEEE-IAS & IEDC ജ്യോതി എഞ്ചിനീയറിംഗ് കോളേജ് IEEE SB & EEE വകുപ്പുകളുമായി സഹകരിച്ച് 2022 ഏപ്രിൽ 13ന് TATA IIIC, ജ്യോതി എഞ്ചിനീയറിംഗ് കോളേജുമായി സഹകരിച്ച് ഇലക്ട്രിക് വെഹിക്കിൾ ടെക്നോളജിയിൽ ഏകദിന ശില്പശാല സംഘടിപ്പിച്ചു.

**ഇന്റേൺഷിപ്പ് പ്രോഗ്രാം**

ടാറ്റ–ജ്യോതി IIICയുടെ ട്രെനിങ്ങിന്റെ ഭാഗമായി മലബാർ പോളിടെക്നിക് കോളേജ്, കോട്ടക്കൽ വിദ്യാർത്ഥികൾക്ക് ഒരാഴ്ചത്തെ ഇന്റേൺഷിപ്പ് പ്രോഗ്രാം നടത്തി.

**അഡ്മിഷൻ 2022–23**

ജ്യോതി എഞ്ചിനീയറിംഗ് കോളേജി 2022–23 വർഷത്തേക്കുള്ള അഡ്മിഷൻ എൻക്വയറി : 9526924455, 9526934455

**മോൺ. തോമസ് കാക്കശ്ശേരി**
മാനേജർ

**ഫാ. സിജോ ചെറുവത്തൂർ**
പി.ആർ.ഒ

# മഹാജൂബിലി ട്രെയിനിംഗ് കോളേജ്

**മുള്ളൂർക്കര**

**NAAC നു വേണ്ടിയുള്ള പ്രവർത്തനം ആരംഭിച്ചു**

മഹാജൂബിലി ട്രെയിനിംങ്ങ് കോളേജിൽ NAACനു വേണ്ടിയുള്ള പ്രവർത്തനം 2022 മാർച്ച് 1 ന് ആരംഭിച്ചു. NAACനു വേണ്ടിയുള്ള ഡോക്യുമെന്റേഷൻ, SSR തുടങ്ങിയ റിപ്പോർട്ടുകൾ സമർപ്പിച്ചു.

**ആദരാജ്ഞലികൾ അർപ്പിച്ചു**

ഒന്നാം സെമസ്റ്റർ ബി.എഡ് സ്റ്റുഡന്റ് സ്നേഹ എൻ.ജെ യുടെ പിതാവിന്റെ അകാല വിയോഗത്തിൽ കോളേജ് മാനേജ്മെന്റും സ്റ്റാഫും വിദ്യാർത്ഥികളും ആദരാജ്ഞലികൾ അർപ്പിച്ചു.

**പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു**

ബി.എഡ് 2020–21 ബാച്ചിന്റെ സെക്കൻഡ് സെമസ്റ്റർ യൂണിവേഴ്സിറ്റി പരീക്ഷാഫലം മെയ് 21 പ്രസിദ്ധീകരിച്ചു. പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയവരെ കോളേജ് പ്രിൻസിപ്പൽ റവ.ഡോ.ചാക്കോ ചിറമ്മൽ അനുമോദിച്ചു.

**യൂണിവേഴ്സിറ്റി പരീക്ഷ**

എം.എഡ് സ്റ്റുഡന്റിന്റെ സെക്കൻഡ് സെമസ്റ്റർ യൂണിവേഴ്സിറ്റി പരീക്ഷ മെയ് 22–ാം തിയ്യതി മുതൽ 27–ാം തിയ്യതി വരെയായിരുന്നു.

**പുതിയ അദ്ധ്യയന വർഷത്തിന് ആരംഭം കുറിച്ചു**

പുതിയ അദ്ധ്യയന വർഷം ജൂൺ 1 ന് ആരംഭിച്ചു. പുതിയ അദ്ധ്യയന വർഷത്തിൽ മിസ്. ദീപ എം.ജെ സോഷ്യൽ സയൻസ് അദ്ധ്യാപികയായി ചുമതലയേറ്റു. ഇതുവരെ സേവനമനുഷ്ഠിച്ചിരുന്ന മിസ്. മിനി ലക്ഷ്മി യ്ക്ക് സെന്റ് ഓഫ് നൽകുകയും ചെയ്തു.

**ചാർട്ട് വർക്ക് ഷോപ്പ് സംഘടിപ്പിച്ചു**

ജൂൺ 2 വ്യാഴാഴ്ച രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 12.30 വരെ ചാർട്ട് വർക്ക് ഷോപ്പ് കോളേജ് പ്രിൻസിപ്പൽ റവ.ഡോ.ചാക്കോ ചിറമ്മലിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. ക്ലാസിൽ വിവിധതരം ചാർട്ടുകൾ പരിചയപ്പെടുത്തുകയും ചാർട്ടിൽ എഴുതാൻ വിദ്യാർത്ഥികളെ പ്രബുധരാക്കുകയും ചെയ്തു. എല്ലാ വിദ്യാർത്ഥികളും ഉത്സാഹപൂർവ്വം പങ്കെടുത്തു.

**സിനർജി സെമിനാർ സംഘടിപ്പിച്ചു**

ജൂൺ 3–ാം തിയ്യതി വെള്ളിയാഴ്ച 16–ാമത് സിനർജി സെമിനാർ രാവിലെ 9.30ന് കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് സംഘടിപ്പിച്ചു. സൈക്കോളജി അദ്ധ്യാപികയായ ഷീബ വി. ജോസv Depth of Meditation എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ അവതരിപ്പിച്ചു.

**പരിസ്ഥിതി ദിനം ആചരിച്ചു**

ലോക പരിസ്ഥിതി ദിനമായ ജൂൺ 6 ന് മഹാജൂബിലി കോളേജിൽ ക്വിസ് മത്സരം, പ്രകൃതി രമണീയമായ ഫോട്ടോസിന്റെ മത്സരം, ചെടികൾ പരസ്പരം കൈമാറൽ എന്നിവയും പ്രകൃതി ഭംഗി ആസ്വദിക്കാൻ കഴിയുന്ന ഗാനവും ഉണ്ടായിരുന്നു. പരിസ്ഥിതി ദിനാചരണ പരിപാടിയിൽ ബി.എഡ് സെക്കൻഡ് സെമസ്റ്റർ വിദ്യാർത്ഥിനി അശ്വതി സ്വാഗതവും സിസ്റ്റർ സോണിയ നന്ദിയും അവതരിപ്പിച്ചു.

**K-TET ലഭിച്ച വിദ്യാർത്ഥികളെ അനുമോദിച്ചു**

K-TET പരീക്ഷയിൽ പാർട്ട് 2, പാർട്ട് 3 എന്നിവയിൽ വിജയം കരസ്ഥമാക്കിയ ബി.എഡ് 4–ാം സെമസ്റ്റർ വിദ്യാർത്ഥികളെ കോളേജിൽ അനുമോദിച്ചു. അജയ് പി, മഞ്ജുഷ എം.കെ, മായ പി, മരിയ മാത്യു, ആര്യ അജിത്ത്, ശ്രീജിത്ത്  കെ.ആർ, ശരണ്യ ഇ.എം, ശ്രുതി, നികിത എം ഹരി, സജ്ന പി.എം, ശ്രീജിത്ത് കെ.എം, വീണ കെ, ഡയസ് കെ പോൾസൺ, ശാലിനി എൻ.എസ്, ദിവ്യമോൾ കെ.യു, ശ്രീജിത്ത് കെ.എം, സൂരജ് എസ്, ഷീജ ആർ, റോഷിത എം.ആർ, മരിയ മാത്യു, ശ്രുതി എസ്, നികിത എം.ഹരി, സജന പി.എം എന്നിവർ ഉന്നത വിജയം കരസ്ഥമാക്കി. കോളേജ് പ്രിൻസിപ്പൽ റവ.ഡോ.ചാക്കോ ചിറമ്മൽ വിജയികളെ അനുമോദിക്കുകയും സമ്മാനം നൽകുകയും ചെയ്തു.

**ഫാ. ഷിജു ചിറ്റിലപ്പിള്ളി**
അസി. മാനേജർ

**ഫാ. ചാക്കോ ചിറമ്മൽ**
പ്രിൻസിപ്പാൾ

# ഫാമിലി അപ്പൊസ്റ്റോലേറ്റ് സെന്റർ

**വിധവകളുടെ സംഗമം**

വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുകയും ജീവിതപങ്കാളിയുടെ മരണം മൂലം ഏകാന്തതയും ദുഃഖവും അനുഭവിക്കുന്നവരുടെ ഏകദിന കൂട്ടായ്മ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റോലേറ്റിൽ വച്ച് ജൂലായ് 23–ാം തിയ്യതി ശനിയാഴ്ച രാവിലെ 9.30 ന് ആരംഭിച്ച് ഒരു മണിക്ക് വി. കുർബ്ബാനയോടെ സമാപിക്കുന്നു. പ്രാർത്ഥനയിലൂടെയും പരസ്പരമുള്ള പങ്കുവയ്പിലൂടെയും വിധവകളനുഭവിക്കുന്ന സഹനങ്ങളെ അതിജീവിക്കാനും ദൈവരാജ്യ ശുശ്രൂഷയ്ക്കായി തങ്ങളുടെ ശിഷ്ട സമയത്തെ ഫലപ്രദമായി ഉപയോഗിക്കുവാൻ പ്രാപ്തരാക്കുകയും ചെയ്യുക എന്നതാണ് ഈ കൂട്ടായ്മയുടെ ലക്ഷ്യം. ഈ കൂട്ടായ്മയിലേക്ക് വിധവകളായ എല്ലാവരേയും സ്വാഗതം ചെയ്യുന്നു.

**ഫാമിലി ക്വിസ് – അഭിനന്ദനങ്ങൾ**

തൃശ്ശൂർ ഫാമിലി അപ്പസ്റ്റൊലേറ്റിന്റെയും നവജ്യോതി ഹോളി ഫാമിലി പ്രൊവിൻസിന്റെയും നേതൃത്വത്തിൽ ഫാമിലി ക്വിസ് സംഘടിപ്പിച്ചിരുന്നു. അതിന്റെ വിജയികളായവരുടെ പേരുവിവരങ്ങൾ താഴെ ചേർക്കുന്നു. പങ്കെടുത്തവർക്കും വിജയികൾക്കും അഭിനന്ദനങ്ങൾ.

ഒന്നാം സമ്മാനം – ടെസ്സി എം. ജോയ്, പുല്ലംകണ്ടം ഇടവക; രണ്ടാം സമ്മാനം – വർഗ്ഗീസ് തലക്കോടൻ, മുക്കാട്ടുക്കര ഇടവക; മൂന്നാം സമ്മാനം – ലാസർ ജി. മുട്ടത്ത്, കോട്ടപ്പടി ഇടവക

പ്രോത്സാഹന സമ്മാനങ്ങൾ : 1. റോണി ജോണി, വടൂക്കര ഇടവക; 2. എഡ്വിൻ സാബു, ചെമ്പുക്കാവ് ഇടവക; 3. ത്രേസ്യാമ്മ ജോൺസൻ, നെല്ലങ്കര ഇടവക; 4. അനറ്റ് ബെനഡിക്റ്റ്, അടാട്ട് ഇടവക

**സീറോ ഡിവോഴ്സ്**

ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ആഭിമുഖ്യത്തിൽ 2008 മുതൽ വിവാഹിതരായ ദമ്പതികൾക്കുവേണ്ടി, അവരുടെ ദാമ്പത്യ പ്രണയം ശക്തിപ്പെടുത്താൻ ഇടവക അടിസ്ഥാനത്തിൽ സീറോ ഡിവേഴ്സ് പ്രോഗ്രാം നടത്തിവരുന്നു. സീറോ ഡിവോഴ്സ് പ്രോഗ്രാം ഇടവക അടിസ്ഥാനത്തിൽ നടത്താൻ ആഗ്രഹിക്കുന്നവർ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടറെ സമീപിക്കേണ്ടതാണ്.

**ഫാ. ഷാന്റോ തലക്കോട്ടൂർ**
അസി. ഡയറക്ടർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

# കുടുംബക്കൂട്ടായ്മ

**പരിസ്ഥിതി ദിനാചരണം**

ജൂൺ 4–ാം തിയ്യതി ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവും മാർ ടോണി നീലങ്കാവിൽ പിതാവും കൂടി ഫലവൃക്ഷത്തൈ നട്ടുകൊണ്ട് പരിസ്ഥിതി ദിനം ആചരിച്ചു. വികാരി ജനറാൾ മോൺ. ജോസ് കോനിക്കര, ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ, അതിരൂപത ഭാരവാഹികൾ എന്നിവർ സന്നിഹിതരായിരുന്നു.

**കുടുംബകൂട്ടായ്മ ഇലക്ഷൻ 2022–2025**

കുടുംബകൂട്ടായ്മ യൂണിറ്റുകളിലേക്ക് ജൂൺ, ജൂലൈ മാസങ്ങളിലും ഇടവക കേന്ദ്രസമിതിയിലേക്കുള്ള ഇലക്ഷനുകൾ ആഗസ്റ്റ് മാസത്തിലുമായി പൂർത്തിയാക്കേണ്ടതാണ്. അച്ചന്റെ ഇടവകയിൽ സൗകര്യപ്രദമായ ഒരു തിയ്യതി കണ്ടെത്തി സമയബന്ധിതമായി ഇലക്ഷൻ പൂർത്തിയാക്കുമല്ലോ. യൂണിറ്റ് – ഇടവകതല ഇലക്ഷനുമായി ബന്ധപ്പെട്ട് ചില നിർദ്ദേശങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.

1. ഓരോ കുടുംബകൂട്ടായ്മകളിലും താഴെ പറയുന്ന സ്ഥാനങ്ങളിലേക്കാണ് തിരഞ്ഞെടുപ്പ് നടക്കേണ്ടത്. പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട് (1 പുരുഷൻ), വൈസ് പ്രസിഡണ്ട് ( 1 സ്ത്രീ), സെക്രട്ടറി, ജോ. സെക്രട്ടറി (1 പുരുഷന്), ജോ. സെക്രട്ടറി (1 സ്ത്രീ), ട്രഷറർ.
2. കുടുംബകൂട്ടായ്മ 7 ഭാരവാഹികളിൽ ഒരാൾ നിർബന്ധമായും 18–30 വയസ്സിന് ഇടയിൽ പ്രായമുള്ള ഒരു യുവജനപ്രതിനിധിയായിരിക്കേണ്ടതാണ്.
3. ഭാരവാഹികളുടെ കാലാവധി മൂന്ന് വർഷമായിരിക്കും.
4. സാധാരണ നിലയിൽ ഒരു വ്യക്തിക്ക് ഒരേ തസ്തികയിൽ രണ്ട് ടേമിൽ കൂടുതൽ തുടർച്ചയായി ഭാരാവാഹിയായി തുടരാൻ അനുവാദമില്ല.
5. ഇടവക കേന്ദ്രസമിതിയുടെ തിരഞ്ഞെടുപ്പ് 2022 ആഗസ്റ്റ് മാസത്തിൽ നടത്തപ്പെടേണ്ടതാണ്. ഇടവക കേന്ദ്രസമിതിയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന 7 ഭാരവാഹികളിൽ ഒരാൾ നിർബന്ധമായും 18–30 വയസ്സിന് ഇടയിൽ പ്രായമുള്ള ഒരു യുവജനപ്രതിനിധിയായിരിക്കേണ്ടതാണ്. ചെയർമാൻ (വികാരി) കുടുംബകൂട്ടായ്മ ഇടവക ജനറൽ ബോഡിയിൽ നിന്ന് 2 പേരെ പ്രവർത്തകസമിതി അംഗങ്ങളായി നോമിനേറ്റ് ചെയ്യേണ്ടതാണ്.

6. ഇടവക കുടുംബകൂട്ടായ്മ കേന്ദ്രസമിതി ഇലക്ഷൻ കഴിഞ്ഞാൽ എല്ലാ കുടുംബകൂട്ടായ്മകളിലേയും ഭാരവാഹികളുടെ പൂർണ്ണമായ മേൽവിലാസം ഫോൺ നമ്പർ സഹിതം രേഖപ്പെടുത്തി അതിരൂപത ഓഫീസിൽ ആഗസ്റ്റ് 31 ന് മുൻപായി എത്തിക്കേണ്ടതാണ്.
7. 2022സെപ്റ്റംബർ/ ഒക്ടോബർ മാസങ്ങളിലാണ് ഫൊറോന കേന്ദ്ര സമിതി തിരഞ്ഞെടുപ്പ് നടക്കുന്നത്.
8. 2022 ഡിസംബർ മാസത്തിൽ അതിരൂപത കേന്ദ്രസമിതിയുടെ തിരഞ്ഞെടുപ്പ് നടക്കുന്നതാണ്.

NB: ഇടവക പ്രതിനിധി യോഗത്തിലേക്ക് കുടുംബകൂട്ടായ്മകളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾ കുടുംബകൂട്ടായ്മകളിൽ സജീവമായി പ്രവർത്തിക്കുന്നവരായിരിക്കണം. സാധാരണ നിലയിൽ അവർ കുടുംബകൂട്ടായ്മകളിലെ പ്രധാന ഭാരവാഹികളിൽ (പ്രസിഡണ്ട്, സെക്രട്ടറി, ട്രഷറർ) ആരെങ്കിലും ആയിരിക്കണം. – തൃശ്ശൂർ അതിരൂപത നിയമാവലി ഭാഗം 1, പൊതുനിയമങ്ങൾ, 2015, പേജ് 89, §2.

## തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മയുടെ ഗോൾഡൻ ജൂബിലി സമാപിച്ചു

തൃശ്ശൂർ അതിരൂപത കുടുംബകുട്ടായ്മ ഗോൾഡൻ ജൂബിലി സമാപനസമ്മേളനത്തിന്റെ ഉദ്ഘാടനം ലൂർദ്ദ് കത്തീഡ്രൽ സെന്റിനറി ഹാളിൽ വച്ച് സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പായ മാർ ജോർജ്ജ് ആലഞ്ചേരി പിതാവ് നിർവ്വഹിച്ചു.

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ സ്നേഹം, ദാനം, ഐക്യം എന്നിവയുടെ പ്രകടിപ്പിക്കലിലൂടെ ശക്തമാണ് തൃശ്ശൂർ അതിരൂപതയിലെ കുടുംബകൂട്ടായ്മകളെന്ന് ഓർമ്മിപ്പിച്ചു. കൂട്ടി കുഴക്കാതെയും കിഴിക്കാതെയും കൂട്ടിചേർക്കുന്നതാണ് കൂട്ടായ്മയെന്നും സഭ ജീവിക്കുന്നത് കുടുംബകൂട്ടായ്മകളിലൂടെയാണെന്നും റിട്ട. സുപ്രീംകോടതി ജഡ്ജ് ജസ്റ്റിസ് കുര്യൻ ജോസഫ് മുഖ്യപ്രഭാഷണത്തിലൂടെ അഭിപ്രായപ്പെട്ടു.

മെത്രാഭിഷേകത്തിന്റെ സുവർണ്ണജൂബിലി ആഘോഷിക്കുന്ന മാർ ജേക്കബ് തൂങ്കുഴി പിതാവിനെ മോൺ. ജോസ് കോനിക്കര പൊന്നാടയണിയിച്ച് ആദരിച്ചു.

അതിരൂപത സഹായമെത്രാൻ മാർ ടോണി നിലങ്കാവിൽ പിതാവ് തന്റെ ഓർമ്മകൾ അനുഗ്രഹപ്രഭാഷണത്തിൽ പങ്കുവച്ചു. കുടുംബകൂട്ടായ്മ സ്ഥാപക വൈദീകർ, മുൻകാല ഡയറക്ടർമാർ, മുൻകാല കൺവീനർമാർ എന്നിവരെ ആദരിക്കുകയും കുടുംബകൂട്ടായ്മ ഭാരവാഹികളിൽ ഭവനമില്ലാത്ത അഞ്ച് പേർക്ക് ഭവനം നിർമ്മിച്ചു കൊടുക്കു

ന്നതിനുള്ള ഭവനനിർമ്മാണ ഫണ്ട് കൈമാറ്റവും നടത്തി. ജൂബിലി സോവനിയർ പ്രകാശനവും ഫാ. സ്റ്റാർസൻ കള്ളിക്കാടൻ തയ്യാറാക്കിയ കുടുംബകൂട്ടായ്മ ഗോൾഡൻ ജൂബിലി സോങ്ങിന്റെ റിലീസിങ്ങും തപാൽ വകുപ്പുമായി സഹകരിച്ച് ഇറക്കുന്ന ജൂബിലി സ്റ്റാമ്പിന്റെ പ്രകാശനവും അതിരൂപത എക്സിക്യൂട്ടീവ്, ഫൊറോന ഭാരവാഹികൾക്കുള്ള ആദരവും ഇടവക ഭാരവാഹികൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണോദ്ഘാടനവും യോഗത്തിൻ നിർവ്വഹിച്ചു.

വികാരി ജനറാൾമാരായ മോൺ. ജോസ് വല്ലൂരാൻ, മോൺ. ജോസ് കോനിക്കര, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. മേരി റെജീന, ലൂർദ്ദ് കത്തീഡ്രൽ വികാരി ഫാ. ഡേവീസ് പുലിക്കോട്ടിൽ, അതിരൂപത കുടുംബകൂട്ടായ്മ ജനറൽ കൺവീനർ പോൾ പാറക്കൽ തുടങ്ങിയവർ സംസാരിച്ചു.

അതിരൂപത കുടുംബകൂട്ടായ്മ ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ സ്വാഗതവും ജനറൽ സെക്രട്ടറി ഷിന്റോ മാത്യു റിപ്പോർട്ടും അസി. ഡയറക്ടർ ഫാ. ഷാന്റോ തലക്കോട്ടൂർ നന്ദിയും പറഞ്ഞു.

പ്രസ്തുത യോഗത്തിന് ട്രഷറർ ജിനീഷ് വടക്കുംഞ്ചേരി, ജോ. ജനറൽ കൺവീനർമാരായ ജെയ്സൻ മാണി, കേണൽ റെജീന ജെയിംസ്, ജോ. സെക്രട്ടറിമാരായ ഷെറിൻ ഡേവീസ്, ഷൈനി ഫ്രാൻസീസ്, എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങളായ കുരിയാക്കോസ് എ.എൽ., ചാർളി കിഴക്കൻ, സ്റ്റീഫൻ സി.ജെ എന്നിവർ നേതൃത്വം നൽകി. ജൂബിലി സമാപന സമ്മേളനത്തിന് മുന്നോടിയായി 16 ഫൊറോന ദൈവാലയങ്ങളിലൂടെ മാർ ജോസഫ് കുണ്ടുകുളം പിതാവിന്റെ ഛായാചിത്ര പ്രയാണം നടത്തുകയും ചെയ്തു. ജൂബിലി ആഘോഷങ്ങളിൽ ബഹു. വൈദീകരും, 220 ഇടവകകളിലെ കുടുംബകൂട്ടായ്മ പ്രതിനിധികളും തൃശ്ശൂർ അതിരൂപതയിലെ സംഘടന /പ്രസ്ഥാന നേതാക്കന്മാരും പങ്കെടുത്തു.

**ഗോൾഡൻ ജൂബിലി സ്മാരക ഭവന നിർമ്മാണ ഫണ്ട്**

കുടുംബകൂട്ടായ്മ സുവർണ്ണ ജൂബിലിയുടെ സ്മാരകമായി കുടുംബകൂട്ടായ്മ ഭാരവാഹികളിൽ നിന്നും സ്വന്തമായി ഭവനമില്ലാത്ത അഞ്ച് പേർക്ക് ഭവനം നിർമ്മിച്ചു കൊടുക്കുവാൻ നമ്മൾ ഒരു പരിശ്രമം നടത്തുകയാണ്. ഈ പരിശ്രമത്തിന് നേതൃത്വം നൽകുന്നത് അതിരൂപതയിലെ എല്ലാ ഇടവകയിലെയും കുടുംബകൂട്ടായ്മ ഭാരവാഹികളായ നാം ഓരോരുത്തരും തന്നെയാണ്. ഈ സദുദ്യമത്തിന് നാം ഓരോരുത്തരും നൽകുന്ന (നിർബന്ധപൂർവ്വമല്ലാത്ത) സാധിക്കുന്ന ഉദാരമായ സംഭാവനകൾ നിങ്ങൾക്കു നൽകുന്ന കവറിൽ നിക്ഷേപിച്ച് ഇടവക കൺവീനറെ ഏൽപിക്കുവാൻ പ്രത്യേകം താൽപര്യപ്പെടുന്നു. ഇനിയും തരാത്ത

ഇടവകകകൾ എത്രയും വേഗം കുടുംബകൂട്ടായ്മ ഓഫീസിൽ ഏൽപി ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഗോൾഡൻ ജൂബിലി സ്മാരക ഭവനങ്ങൾ**

കുടുംബകൂട്ടായ്മ സുവർണ്ണ ജൂബിലിയുടെ ഭാഗമായി അതിരൂപതയിൽ കുടുംബകൂട്ടായ്മ ഭാരവാഹികളിൽ ഭവനമില്ലാത്ത കുടുംബങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന അഞ്ച് ഭാരവാഹികൾക്ക് ഭവനം നിർമ്മിച്ച് കൊടുക്കുന്നു. മാർ ജോർജ്ജ് ആലഞ്ചേരി പിതാവ് ഭവന നിർമ്മാണ കൺവീനറും ട്രഷററുമായ ശ്രീ. ജിനീഷ് വടക്കുംഞ്ചേരിക്ക് നൽകി കൊണ്ട് ഉദ്ഘാടനം ചെയ്തു.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. ഷാന്റോ തലക്കോട്ടൂർ**
അസി. ഡയറക്ടർ

**പോൾ പാറക്കൽ**
ജനറൽ കൺവീനർ

**ഷിന്റോ മാത്യു**
ജനറൽ സെക്രട്ടറി

## മാതൃവേദി

**ലെഗാരെ – 2022**

ഈ വർഷം ഏപ്രിൽ 1 മുതൽ നവംബർ 31 വരെയുള്ള മാസങ്ങളിൽ ഒരു പ്രാവശ്യം സമ്പൂർണ്ണ ബൈബിൾ വായിക്കുക എന്ന ലക്ഷ്യത്തോടെ ലെഗാരെ – 2022 ആരംഭിച്ചുകഴിഞ്ഞു. ഈ സദുദ്യമത്തിൽ പങ്കുചേരാൻ എല്ലാ അമ്മമാരെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു. ഡിസംബർ മാസത്തിൽ അതിരൂപത തലത്തിൽ നടക്കുന്ന മാതൃവേദിയുടെ മഹാസംഗമത്തിൽ വച്ച് ഈ മാസങ്ങളിൽ സമ്പൂർണ്ണ ബൈബിൾ പാരായണം നടത്തുന്ന അമ്മമാർക്കുള്ള സമ്മാനം നൽകുന്നതായിരിക്കും. ജൂലായ് മാസത്തിൽ വായിക്കേണ്ട ബൈബിൾ ഭാഗങ്ങൾ ജ്ഞാനം, പ്രഭാഷകൻ, ഏശയ്യ, ജെറമിയ, വിലാപങ്ങൾ, ബാറൂക്ക്, എസെക്കിയേൽ, ദാനിയേൽ, ഓസിയ എന്നീ പുസ്തകങ്ങളാണ്.

**റമ്പാൻ പാട്ട് മത്സരം**

മാതൃവേദി അംഗങ്ങൾക്കായുള്ള റമ്പാൻ പാട്ട് മത്സരം തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് ജൂലായ് 4 തിങ്കളാഴ്ച്ച 2.30 മുതൽ 4 വരെ നടത്തുന്നതാണ്. ഇടവക, ഫൊറോന മത്സരങ്ങൾ കഴിഞ്ഞ് ഫൊറോനകളിൽ ഒന്നാം സമ്മാനം കരസ്ഥമാക്കിയ ടീം ആണ് മത്സരത്തിന് വരേണ്ടത്. മത്സരത്തിന് വരുമ്പോൾ ഫൊറോന വികാരിയുടെയോ ഫൊറോന ആനിമേറ്റർ അച്ചന്റെയോ സാക്ഷ്യപത്രത്തോടുകൂടെയാണ് വരേണ്ടത്. മത്സരാർത്ഥികൾ ജൂലായ് 4 തിങ്കളാഴ്ച്ച 2 മണിക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**മാതൃവേദി ഗ്ലോബൽ സംഗമം**

സീറോ മലബാൽ മാതൃവേദി ഗ്ലോബൽ സംഗമം തൃശ്ശൂർ അതിരൂപതയിലെ ആമ്പല്ലൂർ സ്പിരിച്ച്വൽ ആനിമേഷൻ സെന്ററിൽ വെച്ച് ജൂലായ് 18,19 തിയ്യതികളിലായി നടത്തപ്പെടുന്നു. സീറോ മലബാർ സഭയിലെ എല്ലാ രൂപതകളിൽ നിന്നുള്ള ഭാരവാഹികളാണ് പങ്കെടുക്കുന്നത്. ഉദ്ഘാടനം മാർ ആൻഡ്രൂസ് താഴത്ത് പിതാവും അദ്ധ്യക്ഷൻ സീറോ മലബാർ സഭയുടെ മാതൃവേദിയുടെ ചെയർമാനായ മാർ ജോസ് പുളിക്കൽ പിതാവും സമാപന സന്ദേശം മാർ ടോണി നീലങ്കാവിൽ പിതാവും നിർവ്വഹിക്കുന്നതായിരിക്കും.

**ഫാ. ഷാന്റോ തലക്കോട്ടൂർ**
അസി. ഡയറക്ടർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീമതി ജീന ജോസഫ്**
സെക്രട്ടറി

**ശ്രീമതി എൽസി വിൻസെന്റ്**
പ്രസിഡണ്ട്

## വനിതാ കമ്മീഷൻ

**കെ.സി.ബി.സി വിമൻസ് കമ്മീഷൻ തൃശ്ശൂർ സോണൽ സംഗമം**

കെ.സി.ബി.സി വിമൻസ് കമ്മീഷൻ സോണൽ സംഗമം മെയ് 19–ാം തിയ്യതി പാലക്കാട് വച്ച് നടന്നു. പാലക്കാട് രൂപത മെത്രാൻ മാർ പീറ്റർ കൊച്ചുപുരക്കൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. തൃശ്ശൂർ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. മേരി റെജീന ക്ലാസ്സ് നയിച്ചു. ശ്രീമതി ഓമന റാഫേൽ ആശംസകളർപ്പിച്ചു.

**പ്രൊഫ. എലിസബത്ത് മാത്യു**
പ്രസിഡന്റ്

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

## ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**തിരുമണിക്കൂർ ആരാധന, വി.കുർബാന**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും നടത്തുന്ന ഈ തിരുമണിക്കൂർ ആരാധനയിലേക്കും വിശുദ്ധ കുർബാനയിലേക്കും എല്ലാ അംഗങ്ങളെയും ജൂലായ് 4 തിങ്കൾ (വൈകീട്ട് 6.30 മുതൽ 7.30 വരെ) സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**കാരുണ്യ പ്രവർത്തക സംഗമം**

ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ് നേതൃത്വത്തിൽ നമ്മുടെ തൃശ്ശൂർ അതിരൂപതയിൽ ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്ന അംഗങ്ങളുടെ സംഗമം ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് ജൂലായ് 24–ാം

തിയ്യതി ഞായറാഴ്ച്ച വൈകീട്ട് 2.00 മുതൽ 4.00 വരെ കാരുണ്യ പ്രവർത്തക സംഗമം എന്ന പേരിൽ സംഘടിപ്പിച്ചിരിക്കുന്നു. ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്ന, സഹകരിക്കുന്ന എല്ലാവരേയും ഈ സംഗമത്തിലേക്ക് ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ശ്രീ. രാജൻ ആന്റണി**
പ്രസിഡന്റ്

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

# സി. സി. ഡബ്ല്യയു. ഐ.

**സിൽവർ ജൂബിലി**

CCWI (കൗൺസിൽ ഓഫ് കാത്തലിക് വുമൺ ഓഫ് ഇന്ത്യ) എന്ന സംഘടനയുടെ രജത ജൂബിലി സമാപന സമ്മേളനം 2022 മേയ് 23-ാം തിയ്യതി 10.30 ന് മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ അദ്ധ്യക്ഷതയിൽ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തപ്പെട്ടു. ജൂബിലിയോടനുബന്ധിച്ച് പുറത്തിറക്കിയ സോവനിയർ മാർ ടോണി നീലങ്കാവിൽ പിതാവ് പ്രകാശനം ചെയ്തു. CCWI യുടെ മുൻ ഡയറക്ടർമാരായ ഫാ. റാഫേൽ വടക്കൻ, ഫാ. ഡേവീസ് ചിറമ്മൽ, ഫാ. വർഗ്ഗീസ് കൂത്തൂർ, ഫാ. ലോറൻസ് തെക്കാട്ടിൽ, ശ്രീമതി മേരി റെജീന, റീജിയണൽ പ്രസിഡന്റ് ആഗ്നസ് ഷാജു എന്നിവർ ആശംസകൾ അർപ്പിച്ചു. ഫാ. ഡേവീസ് ചിറമ്മൽ വിശുദ്ധ കുർബ്ബാനയും അർപ്പിച്ചു. മുൻ CCWI പ്രസിഡണ്ട് നിർമ്മല ആന്റോ പ്രാർത്ഥനയും പ്രസിഡണ്ട് ടെസ്സി ജോസഫ് സ്വാഗതവും ആശംസിച്ചു. ശ്രീമതി ആലീസ് പോൾ, ടെസ്ലിൻ, നിത, റൂണ, സീന സണ്ണി, റോസ് പോൾ, രേണു എന്നിവരുടെ രംഗപൂജ ഡാൻസ് ഉണ്ടായിരുന്നു. CCWI യുടെ 25 വർഷത്തെ പ്രവർത്തനങ്ങളെ കുറിച്ചുള്ള ഒരു അവലോകനം ശ്രീമതി റോസ്മേരി കള്ളിയത്ത് അവതരിപ്പിച്ചു. മിയ, അനീന എന്നിവരുടെ തീം സോങ്ങും ഉണ്ടായിരുന്നു. സീനിയർ മെമ്പേഴ്സ് ആയ ലില്ലിക്കുട്ടി ജോസഫ്, റോസി ചാക്കുണ്ണി, റോസ് മേരി കള്ളിയത്ത് എന്നിവരെ ആദരിച്ചു. ശ്രീമതി ജെസ്സി ജോർജിന്റെ ഗാനവും, ഷെർലി ചാക്കോയുടെ നന്ദി പ്രകടനത്തിനുശേ

ഷം ഉച്ചഭക്ഷണത്തോടുകൂടെ മീറ്റിംഗ് സമാപിച്ചു. ഡയറക്ടർ ഫാ. ഡെന്നി താണിക്കലിന്റെ സജീവസാന്നിദ്ധ്യം എല്ലായിടത്തും നിറഞ്ഞു നിന്നിരുന്നു.

**ശ്രീമതി ടെസ്സി ജോസഫ്**
പ്രസിഡന്റ്

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

# അതിരൂപത ഫെസിലിറ്റേഷൻ സെന്റർ (AFC)

**ഇഡബ്ല്യുഎസ് സെമിനാറുകൾ**

അധ്യയന വർഷത്തിലേക്ക് പ്ലസ് വൺ മുതലുള്ള ക്ലാസ്സുകളിലേക്കു അഡ്മിഷൻ ലഭിക്കുന്നതിനും സർക്കാർ ജോലി ലഭിക്കുന്നതിനുള്ള സംവരണ സർട്ടിഫിക്കറ്റായ ഇഡബ്ല്യുഎസ് റിസേർവഷനെ (ഇഡബ്ല്യുഎസ് സർട്ടിഫിക്കറ്റിന്റെ കാലാവധി ഓരോ വർഷവും ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെ) കുറിച്ചുള്ള സെമിനാറുകൾ തൃശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ ഇടവകകളുടെ ആവശ്യാനുസരണം സംഘടിപ്പിക്കുന്നു. ഇടവകയിൽ വിശ്വാസ പരിശീലന പി റ്റി എ ജനറൽ ബോഡി കൂടുന്ന അവസരത്തിൽ 1/2 മണിക്കൂർ കിട്ടിയാൽ ഇത് കൃത്യമായി പറഞ്ഞ് നൽകാവുന്നതാണ്.

**ന്യൂനപക്ഷ വിഷയങ്ങളിലെ ആശങ്കകളും ആവശ്യങ്ങളും ഉന്നയിച്ചു**

01.06.2022 ബുധനാഴ്ച കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ നടത്തിയ സിറ്റിംഗിൽ തൃശ്ശൂർ അതിരൂപതയെ പ്രതിനിധീകരിച്ച് ഫാ. പോൾ പുളിക്കൻ അതിരൂപതാ ഫെസിലിറ്റേഷൻ സെൻറർ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ, ശ്രീ. റോണി അഗസ്റ്റ്യൻ എന്നിവർ പങ്കെടുക്കുകയും വിവിധ വിഷയങ്ങളിലെ ആശങ്കകളും ആവശ്യങ്ങളും ഉന്നയിക്കുകയും ആവശ്യങ്ങളടങ്ങുന്ന അപേക്ഷ സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ അംഗം അഡ്വ. മുഹമ്മദ് ഫൈസലിനു കൈമാറുകയും ചെയ്തു.

**ഇടവകകളിൽ പാരീഷ് ഫെസിലിറ്റേഷൻ സെന്റർ ( PFC ) ഉദ്ഘാടനം**

നെല്ലിക്കുന്ന്, വടൂക്കര, ചോറ്റുപാറ ഇടവകകളിൽ അതിരൂപത

ഫെസിലിറ്റേഷൻ സെന്ററിന്റെ (AFC) നേതൃത്വത്തിൽ പാരീഷ് ഫെസിലിറ്റേഷൻ സെന്റർ ( PFC ) ആരംഭിച്ചു. അതിരൂപത ഫെസിലിറ്റേഷൻ സെന്റർ ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ, കൺവീനർ ജോമി ജോൺസൺ, ജോ. കൺവീനർ ജെയിംസ് ആഴ്ച്ചങ്ങാടൻ, അഡ്വൈസറി ബോർഡ് മെമ്പർ റോണി അഗസ്റ്റിൻ എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസുകൾക്ക് നേതൃത്വം നൽകി.

**ഇടവകകളിൽ EWS Reservation സെമിനാറുകൾ സംഘടിപ്പിച്ചു**

പേരാമംഗലം, നെല്ലിക്കുന്ന്, വടൂക്കര ഇടവകകളിൽ അതിരൂപത ഫെസിലിറ്റേഷൻ സെന്ററിന്റെ (AFC) നേതൃത്വത്തിൽ EWS Reservation നെ സംബന്ധിച്ച് സെമിനാറുകൾ സംഘടിപ്പിച്ചു. അതിരൂപത ഫെസിലിറ്റേഷൻ സെന്റർ ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ, അതിരൂപത ഫെസിലിറ്റേഷൻ സെന്റർ കൺവീനർ ജോമി ജോൺസൺ, ജോ. കൺവീനർ ജെയിംസ് ആഴ്ച്ചങ്ങാടൻ, അഡ്വൈസറി ബോർഡ് മെമ്പർ റോണി അഗസ്റ്റിൻ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

**ഭിന്നശേഷിക്കാരുടെ മക്കൾക്ക് വിദ്യാകിരണം സ്കോളർഷിപ്പ്**

സാമ്പത്തിക പരാധീനതയുള്ള ഭിന്നശേഷിക്കാരായ മാതാപിതാക്കളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന 'വിദ്യാകിരണം' പദ്ധതിക്ക് അപേക്ഷ ക്ഷണിച്ചു. മാതാപിതാക്കൾ രണ്ടു പേരുമോ ആരെങ്കിലും ഒരാളോ ഭിന്നശേഷിയുള്ളവരെങ്കിൽ സ്കോളർഷിപ്പ് ലഭിക്കും. ഒരു ജില്ലയിൽ നിന്ന് 25 പേർക്കാണ് സ്കോളർഷിപ്പ് ലഭിക്കുക.

**അപേക്ഷ സമർപ്പിക്കേണ്ട അവസാന തിയതി : 2022 ജൂലൈ 30**

കൂടുതൽ വിവരങ്ങൾക്ക്

9605043327, 9447769815, 9946221499

തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ (AFC)
ഫാമിലി അപ്പോസ്റ്റോലേറ്റ്, കിഴക്കുംപാട്ടുകര, തൃശൂർ 680005
ഫോൺ : 7902713325, 7909293325 ഇമെയിൽ : info@afctcr.com
വെബ്സൈറ്റ് : www.afctcr.com

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീ. ജോയിംസ് ആഴ്ചങ്ങാടൻ**
ജോ. കൺവീനർ

**ശ്രീ. ജോമി ജോൺസൻ**
കൺവീനർ

# ചിൽഡ്രൻസ് മിനിസ്ട്രി



**ഏഞ്ചലോസ് 2022**

തൃശ്ശൂർ അതിരൂപതയിൽ ഈ വർഷം ആഘോഷപൂർവ്വമായ ദിവ്യകാരുണ്യസ്വീകരണം നടത്തിയ കുട്ടികൾക്ക് തൃശ്ശൂർ ലൂർദ്ദ് മെട്രോ പോളിറ്റൻ കത്തീഡ്രലിൽ വച്ച് പ്രൗഢഗംഭീരമായ സ്വീകരണം നൽകി. തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്തിന്റെ മുഖ്യകാർമ്മികത്വത്തിലുള്ള ദിവ്യബലിക്കുശേഷം അദ്ദേഹത്തോടൊപ്പം മാർ ടോണി നീലങ്കാവിൽ, മാർ ജെയ്ക്കബ് തൂങ്കുഴി എന്നിവർ കുട്ടികൾക്ക് ശ്ലൈഹികാശീർവ്വാദം നൽകി. സംഗമത്തിൽ അതിരൂപതയുടെ വിവിധ ഇടവകകളിൽ നിന്ന് ആയിരത്തിലധികം കുട്ടികൾ പങ്കെടുത്തു. മെമന്റോയും സമ്മാനങ്ങളും നൽകി. അഭിവന്ദ്യ പിതാക്കന്മാരോടൊപ്പമുള്ള ഫോട്ടോസെഷനും ഉണ്ടായിരുന്നു. ഈ വർഷം വൈദികവസ്ത്രം സ്വീകരിച്ച ബഹു. ബ്രദേഴ്സിനും, ചിൽഡ്രൻസ് മിനിസ്ട്രി ആനിമേറ്റേഴ്സിനും, ലൂർദ്ദ് ഇടവകയിലെ യുവജനങ്ങൾക്കും അവരുടെ സ്നേഹ സഹകരണത്തിന് നന്ദിയർപ്പിക്കുന്നതോടൊപ്പം ഏഞ്ചലോസ് വിജയകരമാക്കുവാൻ സഹായിച്ച എല്ലാവർക്കും ഒത്തിരി നന്ദി.

**തിരുബാലസഖ്യം**

ഭാരതത്തിന്റെ അപ്പസ്തോലനായ വി. തോമാശ്ലീഹായുടെ തിരുനാൾ ദിനമായ ജൂലൈ 3–ാം തിയതി ഇടവകതലത്തിൽ തിരുബാല സഖ്യ പ്രാർത്ഥനാദിനമായി ആചരിക്കേണ്ടതാണ്.

**ജൂനിയർ സി. എൽ. സി.**

ആഗോളസഭ ജൂലൈ 31 ന് വി. ഇഗ്നേഷ്യസ് ലെയോളയുടെ തിരുനാൾ ആഘോഷിക്കുന്ന സുദിനത്തിൽ ജൂനിയർ സി.എൽ.സി. അംഗങ്ങൾ ഇടവകതലത്തിൽ പ്രാർത്ഥനാദിനമായി ആചരിക്കേണ്ടതാണ്.

**അൾത്താരസംഘം**

ആഗോളസഭ ജൂലൈ 26 ന് വി. അന്നയുടെയും ജൊവാക്കീമിന്റെയും തിരുനാൾ ആഘോഷിക്കുന്ന സുദിനത്തിൽ ഇടവകതലത്തിൽ എല്ലാ അൾത്താരസംഘാംഗങ്ങളും പ്രാർത്ഥനാദിമായി ആചരിക്കേണ്ടതാണ്.

**സാഹിത്യ മത്സരം**

ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ തിരുബാലസഖ്യം,

ജൂനിയർ സി.എൽ.സി., അൾത്താര സംഘം എന്നീ സംഘടനകളിലെ കുട്ടികൾക്കായി 2022 ആഗസ്റ്റ് 13–ാം തിയ്യതി ഉച്ചയ്ക്ക് 1.30 ന് സാഹിത്യ മത്സരം സെന്റ് ക്ലെയേഴ്സ് ഗേൾസ് ഹൈസ്കൂളിൽ വെച്ച് സംഘടിപ്പിക്കുന്നു. ചെറുകഥ, ഉപന്യാസം, കവിത, കുഞ്ഞികവിത തുടങ്ങിയ ഇനങ്ങളിലാണ് മത്സരം നടത്തപ്പെടുക. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 2022 ആഗസ്റ്റ് 6 ന് മുമ്പായി ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ രജിസ്ട്രേഷൻ നടത്തേണ്ടതാണ്. മത്സരനിബന്ധനകളും രജിസ്ട്രേഷൻ ഫോമും വാട്ട്സ് അപ്പ് വഴിയായി വികാരിയച്ചന്മാർക്കും, ചിൽഡ്രൻസ് മിനിസ്ട്രി ആനിമേറ്റർമാർക്കും, കാറ്റകിസം അദ്ധ്യാപകർക്കും അയച്ചു കൊടുക്കുന്നതാണ്.

**പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

**തിരുവചനം:** "തോമസ് പറഞ്ഞു: എന്റെ കർത്താവേ എന്റെ ദൈവമേ! യേശു അവനോട് പറഞ്ഞു: നീ എന്നെ കണ്ടതുകൊണ്ട് വിശ്വസിച്ചു. കാണാതെതന്നെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ" (യോഹന്നാൻ 20:29)

**സുകൃതജപം:** എന്റെ കർത്താവേ എന്റെ ദൈവമേ.

**പ്രാർത്ഥനാ നിയോഗം:** സമർപ്പിത ജീവിതം നയിക്കുന്നവരുടെ വിശുദ്ധീകരണത്തിനുവേണ്ടി പ്രാർത്ഥിക്കാം.

**പരിചയപ്പെടുന്ന വിശുദ്ധൻ:** "അവന് ഒരു പുണ്യവാനും അവൾക്ക് ഒരു പുണ്യവതിയും ആകാമെങ്കിൽ എനിക്ക് എന്തുകൊണ്ട് ഒരു പുണ്യവാനായികൂടാ? എല്ലാം ദൈവത്തിന്റെ കൂടുതൽ സ്തുതിക്ക്." എന്ന മുദ്രാവാക്യത്തോടെ, ഈശോയുടെ സേവനത്തിന് മറിയത്തിന്റെ സംരക്ഷണയിൽ തന്നെതന്നെ ഉഴിഞ്ഞുവെച്ച ഈശോസഭയുടെ സ്ഥാപകനായ വി. ഇഗ്നേഷ്യസ് ലെയോളയാകട്ടെ നാം ഈ മാസം പരിചയപ്പെടുന്ന വിശുദ്ധൻ. വിശുദ്ധന്റെ തിരുനാൾ ദിനം ജൂലൈ 31.

**പ്രവർത്തനം**: ഒരു നിമിഷമെങ്കിലും എടുത്തുകൊണ്ട് സ്കൂളിൽ പരിചയപ്പെടുന്ന പുതിയ കൂട്ടുകാരുമായി ഈശോയുടെ സ്നേഹത്തെകുറിച്ച് പറയുവാൻ പരിശ്രമിക്കുക.

**ഫാ. സിജോ മുരിങ്ങാത്തേരി**
ഡയറക്ടർ

**സി. ബീന റോസ് SSPC**
കോർഡിനേറ്റർ

# മദ്യവിരുദ്ധ സമിതി

**1. പുതിയ യൂണിറ്റ് രൂപീകരണം**

15.5.2022 ന് കൊട്ടേക്കാട് ഫൊറോനയിലെ അവണൂർ ഇടവകയിൽ മദ്യവിരുദ്ധ സമിതി യൂണിറ്റ് രൂപീകരിച്ചു. അതിരൂപത ഡയറക്ടറച്ചൻ കുർബാന അർപ്പിച്ച് സന്ദേശം നൽകിക്കൊണ്ടാണ് തുടങ്ങിയത്. ഇടവക വികാരി ബഹു. ഫാ. സെബി കവലക്കാട്ടിന്റെ സഹകരണത്തോടെ അതിരൂപത പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിലാണ് യോഗം ചേർന്നത്. കെ.എ. ഔസേപ്പുണ്ണിയെ പ്രസിഡന്റ് ആയി തെരഞ്ഞെടുത്തു. മറ്റ് യൂണിറ്റ് ഭാരവാഹികളെയും തെരഞ്ഞെടുക്കുകയുണ്ടായി. തദവസരത്തിൽ ഇരുപതിലധികം പേർ സമിതിയിൽ അംഗത്വമെടുക്കുകയും ചെയ്തു.

**2. മധ്യമേഖല സമ്മേളനം**

22.05.2022 ഞായറാഴ്ച ഇരിങ്ങാലക്കുട ആളൂർ നവചൈതന്യയിൽ വെച്ച് തൃശൂർ, ഇരിങ്ങാലക്കുട, പാലക്കാട്, കോട്ടപ്പുറം, രാമനാഥപുരം, സുൽത്താൻ പേട്ട് എന്നീ രൂപതകളടങ്ങിയ മദ്യവിരുദ്ധ സമിതിയുടെ മധ്യമേഖലയുടെ സമ്മേളനം അരങ്ങേറി. ഉച്ചഭക്ഷണത്തോടെ ചടങ്ങുകൾ ആരംഭിച്ചു. മേഖല പ്രസിഡന്റ് സാബു എടാട്ടുകാരന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗനടപടികളുടെ ഉദ്ഘാടനം നിർവ്വഹിച്ചത് ഇരിങ്ങാലക്കുട രൂപതയുടെ വികാരി ജനറാൾ മോൺ. ജോയ് പാല്യേക്കരയാണ്. സംസ്ഥാന തലത്തിൽ മികച്ച പ്രവർത്തനങ്ങൾക്ക് രണ്ടാം സ്ഥാനം ലഭിച്ച തൃശൂർ അതിരൂപതയെ തദവസരത്തിൽ ബഹു. മോൺസിഞ്ഞോർ മെമന്റോ നൽകി ആദരിച്ചു.

മുഖ്യപ്രഭാഷകനായിരുന്നത് മധ്യമേഖല ഡയറക്ടറായ ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരനായിരുന്നു. ഇരിങ്ങാലക്കുട മദ്യവിരുദ്ധസമിതിയുടെ ഡയറക്ടർ ഫാ. ജോൺ പോൾ ഇയ്യന്നം അനുഗ്രഹപ്രഭാഷണം നടത്തി. കേരള സർക്കാരിന്റെ ജനദ്രോഹപരമായ മദ്യനയം തിരുത്തണമെന്നുള്ള പ്രമേയം തൃശൂർ അതിരൂപത സെക്രട്ടറി ടി.എസ്. അബ്രാഹം അവതരിപ്പിച്ചു.

നമ്മുടെ അതിരൂപതയെ പ്രതിനിധീകരിച്ച് പ്രസിഡന്റ് സി.പി. ഡേവീസ് തങ്ങളുടെ പ്രവർത്തനങ്ങൾ വിശദീകരിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ ഏവരും അഭിപ്രായങ്ങൾ പങ്കുവെച്ചു. ഫാ. ജോൺ പോൾ ഇയ്യന്നത്തിന്റെ പ്രാർത്ഥനയോടും ബഹു. ദേവസ്സിയച്ചന്റെ ആശീർവാദത്തോടും കൂടി യോഗപരിപാടികൾക്ക് പര്യവസാനമായി.

**3. കോർ കമ്മിറ്റി മീറ്റിങ്ങ്**

26.05.2022 ൽ കോർ കമ്മിറ്റി മീറ്റിങ്ങ് അതിരൂപത ഓഫീസിൽ ചേർന്നു. പ്രാർത്ഥയോടെ ആരംഭിച്ച യോഗത്തിന് സ്വാഗതവും ആമുഖ പ്രഭാഷണവും ഡയറക്ടർ ഫാ. ദേവസ്സി പന്തല്ലൂക്കാരൻ നിർവ്വഹിച്ചു. പ്രസിഡന്റ് സി.പി. ഡേവീസാണ് അദ്ധ്യക്ഷപദം അലങ്കരിച്ചത്. വാർഷിക കർമ്മപദ്ധതിയനുസരിച്ച് നടന്ന പരിപാടികളേയും കഴിഞ്ഞ മാസം നടന്ന പ്രവർത്തനങ്ങളേയും അവലോകനം ചെയ്തു. ഈ മാസത്തിൽ നടക്കേണ്ട പരിപാടികളായ ലോകപുകയില വിരുദ്ധ ദിനം, വാഴ്ത്തപ്പെട്ട മാറ്റ് ടാൽബോത്ത് അനുസ്മരണം, ആഗോള ലഹരി വിരുദ്ധദിനം എന്നിവ സംഘടിപ്പിക്കുന്നതിന് കൂടിയാലോചിച്ച് കർമ്മപദ്ധതികൾക്ക് രൂപം നൽകുകയുണ്ടായി. കൊച്ചുവർക്കി തരകൻ കൃതജ്ഞതാർപ്പണത്തോടെ പരിപാടികൾ സമാപിച്ചു.

**4. എക്സിക്യൂട്ടീവ് മീറ്റിങ്ങ്**

29.05.2022 ൽ എക്സിക്യൂട്ടീവ് മീറ്റിങ്ങ് പ്രസിഡന്റ് സി.പി. ഡേവീസിന്റെ അദ്ധ്യക്ഷതയിൽ കൂടി. ആനിമേറ്റർ റവ. സി. റോസ്‌ലിന്റെ പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിന് ക്ലാര ടീച്ചർ സ്വാഗതം ആശംസിച്ചു. കഴിഞ്ഞ ഒരു മാസത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും വാർഷിക കർമ്മപദ്ധതി പ്രകാരം ഈ മാസം നടപ്പിൽ വരുത്തേണ്ട നടപടികൾക്ക് രൂപം കൊടുക്കുകയുണ്ടായി. സിജോ ഇഞ്ചോടിക്കാരനാണ് കൃതജ്ഞതയർപ്പിച്ചത്.

**5. ലോകപുകയില വിരുദ്ധ ദിനാചരണം**

ലോക പുകയിലവിരുദ്ധദിനമായ മെയ് 31 മദ്യവിരുദ്ധസമിതി പൊന്നൂക്കര ദൈവാലയത്തിലാണ് ആചരിച്ചത്. വൈകീട്ട് അഞ്ചു മണിക്ക് ഡയരക്ടറച്ചൻ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് പാരിഷ് ഹാളിൽ പൊതുയോഗം ചേർന്നു. പ്രസിഡന്റ് സി.പി. ഡേവീസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന് ഇടവക വികാരി ഫാ. ജിമ്മി കല്ലിങ്ങക്കുടിയിൽ സ്വാഗതം അരുളി. പുത്തൂർ ഫൊറോന വികാരി പെ. ബഹു. ഫാ. ചാക്കോ ചെറുവത്തൂരാണ് ഉദ്ഘാടന കർമ്മം നിർവ്വഹിച്ചത്.

ഡയറക്ടർ ഫാ. ദേവസ്സി പന്തല്ലൂക്കാരൻ ആമുഖപ്രഭാഷണം നടത്തി. ചേർപ്പ് റേയ്ഞ്ച് എക്സൈസ് പ്രിവന്റീവ് ഓഫീസർ ശ്രീ. രാമചന്ദ്രൻ പി. ലഹരിവസ്തുക്കൾ പ്രത്യേകിച്ച് പുകയില ഉൽപ്പന്നങ്ങൾ ലോകത്തിൽ വരുത്തിവയ്ക്കുന്ന വിനാശകരമായ വിപത്തുകളെക്കുറിച്ച് ബോധവൽക്കരണ ക്ലാസ് നയിച്ചു. പ്രമുഖ ലഹരി വിരുദ്ധ പ്രവർത്തകരായ റവ. സി. ലയോണി, ലോനപ്പൻ താഴേക്കാടൻ എന്നിവർ ആശംസകളർപ്പിച്ചു. അതിരൂപത സെക്രട്ടറി ടി.എസ്. അബ്രാഹം കൃതജ്ഞത

യോതി. ഇടവക ഒരുക്കിയ സ്നേഹവിരുന്നോടെയാണ് ദിനാചരണത്തിന് സമാപ്തിയായത്. ചടങ്ങിൽ 200 ലധികം പേർ പങ്കെടുത്തു.

**6. അനുസ്മരണം, ആദരാഞ്ജലികൾ**

സജീവ മദ്യവിരുദ്ധപ്രവർത്തകനായിരുന്ന വടൂക്കര ഇടവകാംഗം തൊമ്മിക്കുഞ്ഞിന്റെ 41–ാം ചരമദിനാചരണ(23.05.2022)ത്തോടനുബന്ധിച്ച് വടൂക്കര ദൈവാലയത്തിൽ ബഹു. ഡയറക്ടറച്ചൻ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി. ജോസ് ചെമ്പിശ്ശേരി, എം.കെ. ബാബു തുടങ്ങിയവർ മദ്യവിരുദ്ധസമിതിയെ പ്രതിനിധീകരിച്ച് ചടങ്ങിൽ പങ്കുകൊണ്ടു.
കുരിയച്ചിറ മദ്യവിരുദ്ധസമിതി യൂണിറ്റിന്റെ സജീവ പ്രവർത്തകനായിരുന്ന സി.സി. വർഗ്ഗീസ് (05.06.2022), വടക്കാഞ്ചേരി ഇടവക മദ്യവിരുദ്ധ സമിതിയിലെ സജീവ പ്രവർത്തകയായിരുന്ന ത്രേസ്യാമ്മചേച്ചി (08.06.2022), കരുമത്ര ഇടവക മദ്യവിരുദ്ധസമിതിയുടെ സജീവ പ്രവർത്തകനായിരുന്ന റസിൽ കുര്യാക്കോസ് (11.06.2022) എന്നിവരുടെ നിര്യാണത്തിൽ സമിതി അംഗങ്ങൾ അനുശോചിക്കുകയും ആദരാഞ്ജലികളർപ്പിക്കുകയും ചെയ്തു.

| | |
|---|---|
| **ശ്രീ. ജോസ് വടക്കേത്തല** | **ഫാ. ദേവസ്സി പന്തല്ലൂക്കാരൻ** |
| പി.ആർ.ഒ. | ഡയറക്ടർ |

# കത്തോലിക്ക കോൺഗ്രസ്സ്

**ഹെൽപ്പ്ഡെസ്ക് രൂപീകരണം തുടരുന്നു**

അതിരൂപതയിലെ എല്ലാ യൂണിറ്റുകളിലും ഹെൽപ്പ് ഡെസ്ക് ആരംഭിക്കുക എന്ന പദ്ധതി അതിരൂപത എ.എഫ്.സി യുടെ സഹകരണത്തോടെ മുന്നേറുന്നു. ചിയ്യാരം, വടൂക്കര, നെല്ലിക്കുന്ന് തുടങ്ങിയ ഇടങ്ങളിൽ ഹെൽപ്പ് ഡെസ്ക്കുകൾ പൂർണ്ണ തോതിൽ പ്രവർത്തനം ആരംഭിച്ചു.

**സംയുക്തയോഗവും പഠനവും സംഘടിപ്പിച്ചു**

ആനുകാലിക സംഭവങ്ങളെക്കുറിച്ച് വിലയിരുത്തുവാനും വരും നാളുകളിലെ പുതിയ പ്രവർത്തനപദ്ധതികൾ രൂപീകരിക്കുന്നതിനുമായി ഡിബിസിഎൽസിയിൽ വെച്ച് ഫൊറോന വികാരിമാർ ഫൊറോന പ്രൊമോട്ടർമാർ ഫൊറോന പ്രസിഡന്റ് ജനറൽ സെക്രട്ടറി ഒപ്പം അതി

രൂപത ഭാരവാഹികളുടെയും സംയുക്തയോഗം ചേർന്നു. ആനുകാലിക വിഷയത്തെ അപഗ്രഥിച്ചുകൊണ്ടുള്ള ചർച്ചകളും നടന്നു.

**ഗ്ലോബൽ സമിതി സന്ദർശനം**

ഗ്ലോബൽ സമിതിയുടെ അതിരൂപതാതല സന്ദർശനം ജൂൺ 26 ഞായർ ഫാമിലി അപ്പസ്തോലിക് സെന്ററിൽ വെച്ച് സംഘടിപ്പിച്ചു. അത്മായ നേതാക്കളോടൊപ്പം ഭാവിപ്രവർത്തനങ്ങൾ ചർച്ച ചെയ്യപ്പെടുകയും കഴിഞ്ഞ കാലപ്രവർത്തനങ്ങൾ വിലയിരുത്തപ്പെടുകയും ചെയ്തു.

**അനുശോചനം രേഖപ്പെടുത്തി**

കത്തോലിക്ക കോൺഗ്രസ്സ് വടക്കാഞ്ചേരി ഫൊറോനയുടെ മുൻ പ്രസിഡന്റ് റെസിൽ കുരിയാക്കോസിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുകയും, ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ ദുഃഖിക്കുന്ന കുടുംബാംഗങ്ങളോടൊപ്പം പ്രാർത്ഥനയോടെ പങ്കുചേരുകയും ചെയ്തു.

**ഫാ. വർഗ്ഗീസ് കൂത്തൂര്**
ഡയറക്ടർ

**ജോഷി വടക്കൻ**
പ്രസിഡന്റ്

**എൻ.പി. ജാക്സൺ**
ജനറൽ സെക്രട്ടറി

# കേരള ലേബർ മൂവ്മെന്റ് (കെ.എൽ.എം.)



**കെ.എൽ.എം. ഡയമണ്ട് ജൂബിലി (2019) മരണാനന്തര സഹായ പദ്ധതി**

കേരള ലേബർ മൂവ്മെന്റിന്റെ ഡയമണ്ട് ജൂബിലിയോട് ബന്ധപ്പെടുത്തി ആരംഭിച്ച ഒരു കുടുംബ സുരക്ഷ പദ്ധതിയാണ് കെ.എൽ.എം. ഡയമണ്ട് ജൂബിലി (2019) മരണാനന്തര സഹായ പദ്ധതി. കഴിഞ്ഞ പ്രവർത്തന വർഷം മരണമടഞ്ഞ അംഗങ്ങളുടെ നോമിനികൾക്ക് 120000.00 (ഒരു ലക്ഷത്തി ഇരുപതിനായിരം) രൂപയായിരുന്നു നല്കി വന്നിരുന്നത്. 2022 മെയ് 15 മുതൽ ആരംഭിച്ച ഈ പദ്ധതിയുടെ പ്രവർത്തന വർഷത്തിൽ മരണമടയുന്ന ഒരു വ്യക്തിയുടെ നോമിനിക്ക് 130000.00 (ഒരു ലക്ഷത്തി ഇരുപതിനായിരം) രൂപയാണ് കെ.എൽ.എം. ഡയമണ്ട് ജൂബിലി (2019) മരണാനന്തര സഹായ പദ്ധതിയിൽ നിന്നും

നല്കുന്നത്.

**ഫാ. ജെനേസിയൂസ് അനുസ്മരണ സമ്മേളനം**

കേരള ലേബർ മൂവ്മെന്റിന്റെ ആദ്യരൂപമായ കാത്തലിക് ലേബർ അസോസിയേഷന്റെ സ്ഥാപകനായി അറിയപ്പെടുന്ന കർമ ലീത്ത സന്യാസിയായ ബഹു. ജെനേസിയൂസ് അച്ചനെ അനുസ്മരിച്ചുകൊണ്ടുള്ള സമ്മേളനവും സെമിനാറും വരന്തരപ്പിള്ളി (പള്ളിക്കുന്ന്) അസംപ്ക്ഷൻ ദൈവാലയ ഹാളിൽ സംഘടിപ്പിച്ചു. കേരള ലേബർ മൂവ്മെന്റ് അതിരൂപത പ്രസിഡന്റ് ബിജു ചിറയത്ത് അദ്ധ്യക്ഷത വഹിച്ച സമ്മേളനം പുതുക്കാട് ഫൊറോന പള്ളി വികാരി ബഹു. ഫാ. ജോൺസൺ ചാലിശ്ശേരി ഉദ്ഘാടനം ചെയ്തു. ഫാ. ജോർജ് തോമസ് നിരപ്പുകാലായിൽ, ഫാ. ജിയോ കടവി, ആന്റോ പോൾ, മോളി ജോബി, ലിസി ബാബു, റോബസ് പറപ്പുള്ളി, ജോസ് മഞ്ഞളി തുടങ്ങിയവർ പ്രസംഗിച്ചു. ജെ.എൽ.ജി. ഗ്രൂപ്പുകളുടെ സാധ്യതകൾ, പ്രായോഗിക നിർദ്ദേശങ്ങൾ എന്ന വിഷയം കേന്ദ്രീകരിച്ച് നടത്തിയ സെമിനാറിൽ തൃശൂർ വിവിധോദ്ദേശ്യ സഹകരണ സൊസൈറ്റിയുടെ സെക്രട്ടറിയായ ശ്രീമതി സീജ ഹരിദാസ് വിഷയാവതരണം നടത്തി. കേരള ലേബർ മൂവ്മെന്റ് സംസ്ഥാന സെക്രട്ടറി ഷീജൻ മാത്യു മോഡറേറ്റർ ആയിരുന്നു.

**അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ഫണ്ട് (2015) അംഗത്വം**

പ്രത്യേകം നിർവചിക്കാത്തതും എന്നാൽ അസംഘടിത മേഖലയിലുള്ളതുമായ തൊഴിലാളികളെ ഉൾപെടുത്തുവാൻ കഴിയുന്ന ഒരു പദ്ധതിയാണ് അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ഫണ്ട് (2015). മക്കളുടെ വിദ്യഭ്യാസം, വിവാഹം, ചികിത്സ തുടങ്ങിയവക്ക് സാമ്പത്തിക സഹായവും, പെൻഷൻ, റിട്ടയർമെന്റ് ആനുകൂല്യം തുടങ്ങിയവയും ലഭിക്കുന്നു. തൊഴിലാളിയുടെ വിഹിതവും തൊഴിലുടമ വിഹിതവും ചേർത്ത് ഒരു വർഷം 1200 (ആയിരത്തി ഇരുന്നൂറ്) രൂപയാണ് റിട്ടയർമെന്റ് വരെ ഓരോ വർഷവും അടക്കേണ്ടത്. കെ.എൽ.എം. ഓഫീസ് വർക്കുകൾക്കായും രജിസ്ട്രേഷനുമായും അംഗത്വം എടുക്കുന്ന വ്യക്തി 125 രൂപ ആദ്യവർഷം അടക്കണം.

താഴെ സൂചിപ്പിക്കുന്ന തൊഴിൽ വിഭാഗങ്ങളിലുള്ളവർക്ക് ഈ ക്ഷേമനിധിയിൽ അംഗത്വം എടുക്കാം.

1. ഗാർഹിക തൊഴിലാളികൾ (വീട്ടുജോലിക്ക് പോകുന്നവർ, പ്രൈവറ്റ് വാഹനങ്ങൾ ഓടിക്കുന്ന തൊഴിലാളികൾ, ഗാർഡൻ തൊഴിൽ ചെയ്യുന്നവർ, അലക്ക് പാചകം എന്നീ ജോലികൾ ചെയ്യുന്നവർ)
2. സ്വയം തൊഴിലുകളിൽ ഏർപെട്ടിരിക്കുന്നവർ
3. ക്ഷേത്രജീവനക്കാർ (കപ്യാർ, ദൈവാലയങ്ങളിൽ ജോലി ചെയ്യുന്നവർ തുടങ്ങിയവരെ ഇതിൽ ഉൾകൊള്ളിക്കാം)

4. പലഹാരം, പപ്പടം തുടങ്ങിയവ ഉണ്ടാക്കുന്നവർ
5. വഴിയോര കച്ചവടക്കാർ
6. ഫോട്ടോസ്റ്റാറ്റ് മെഷീൻ, കംപ്യൂട്ടർ ഓപ്പറേറ്റർ
7. ട്യൂഷൻ ടീച്ചർമാർ
8. ചിട്സ് & ഫിനാൻസ് ജീവനക്കാർ
9. വീടുകളിലിരുന്ന് പ്രത്യേകം പരാമർശിക്കാത്ത ഉൽപന്നങ്ങൾ ഉണ്ടാക്കുന്നവർ
10. മറ്റ് ക്ഷേമനിധി ഫണ്ടുകളിൽ അംഗത്വം എടുക്കുവാൻ കഴിയാത്തവർ

ചേരുവാൻ വരുമ്പോൾ കൊണ്ടുവരേണ്ടതായ രേഖകൾ:
1. ആധാർ (കോപ്പി)
2. വയസ്സ് തെളിയിക്കുന്ന രേഖ (സ്കൂൾ സർട്ടിഫിക്കറ്റ്)
3. പാസ്പോർട്ട് സൈസ് ഫോട്ടോ 2 എണ്ണം
4. സാക്ഷ്യപത്രം (കെ.എൽ.എം. നല്കുന്നതാണ്)
5. റേഷൻ കാർഡ് (കോപ്പി)
6. ബാങ്ക് പാസ്ബുക്ക് (കോപ്പി)
7. പൂരിപ്പിച്ച അപേക്ഷ (അപേക്ഷഫോം കെ.എൽ.എം. നല്കുന്നതാണ്)

ESI, PF, EPF, സർക്കാർ ക്ഷേമനിധി ഫണ്ടുകൾ തുടങ്ങിയവയിൽ അംഗത്വം ഉള്ളവർക്ക് ഈ പദ്ധതിയിൽ ചേരുവാൻ സാധിക്കുകയില്ല. കൂടുതൽ വിവരങ്ങൾക്ക് കെ.എൽ.എം. ഓഫീസ് നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

ഫോൺ : 04872339995 മൊബീൽ : +91 8281246921

**അസംഘടിത തൊഴിലാളികളുടെ കുടുംബങ്ങളിൽ ശാരീരിക ദൗർബല്യം നേരിടുന്ന കുട്ടികൾക്കും സ്ത്രീകൾക്കും കരുതൽ പദ്ധതി**

കേരള ലേബർ മൂവ്മെന്റ് സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ഒരു പദ്ധതിയാണ് ഇത്. ശാരീരികമായ വൈകല്യങ്ങളോ, ഭിന്നശേഷിയോ ഉള്ള കുട്ടികളെ ഏകദിന പരിശീലനം, വിനോദയാത്ര, സഹായ ഉപകരണങ്ങളുടെ വിതരണം, മാതാപിതാക്കൾക്കുള്ള പരിശീലനം തുടങ്ങിയ പരിപാടികളിലൂടെ സഹായിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യുക, ശാരീരികമായ ദൗർബല്യങ്ങളോടെ ദാരിദ്ര്യാവസ്ഥയിൽ ജീവിക്കുന്ന സ്ത്രീകളെ സോപ്പു നിർമാണം, സാരി പെയിന്റിംഗ്, ഡ്രൈഫ്ളവർ നിർമാണം എന്നീ മൂന്ന് തൊഴിലുകൾ പഠിപ്പിച്ചുകൊണ്ട് സഹായിക്കുകയും ശക്തീകരിക്കുകയും ചെയ്യുക, തിരഞ്ഞെടുക്കപ്പെടുന്ന 10 പേർക്ക് പശുക്കളെ വാങ്ങി പരിചരിച്ച് അതിൽ നിന്നുള്ള വരുമാനം കൊണ്ട് ജീവിക്കുവാൻ സാഹചര്യം ഒരുക്കുക

തുടങ്ങിയ മൂന്ന് കാര്യങ്ങൾ ഉൾക്കൊള്ളുന്നതാണ് ഈ പദ്ധതി.

**ദൈവാലയ ശുശ്രൂഷികളുടെ വാർഷിക ധ്യാനം**

നമ്മുടെ ദൈവാലയങ്ങളിൽ വിവിധ ശുശ്രൂഷകൾ നിർവഹിക്കുന്ന തൊഴിലാളികളായ കപ്യാർ, സെക്രട്ടറി, കണക്കെഴുത്തുകാർ തുടങ്ങിയവർക്ക് പങ്കെടുക്കാവുന്ന ഒരു ധ്യാനം 2022 ജൂലൈ 17 (ഞായർ) വൈകീട്ട് 05 മണിക്ക് ആരംഭിച്ച് 20 (ബുധൻ) ഉച്ചക്കു ശേഷം 03 മണിക്ക് സമാപിക്കുന്ന രീതിയിൽ കുറുമാൽ ഗാഗുൽത്ത ധ്യാനകേന്ദ്രത്തിൽ സംഘടിപ്പിച്ചിരിക്കുന്നു. ബഹു. ജോസഫ് പുത്തൻപുരക്കൽ OFM Cap. അച്ചനാണ് ധ്യാനം നയിക്കുന്നത്.

**ആന്റോ പോൾ**
ജനറൽ സെക്രട്ടറി

**ഫാ. ജോർജ് തോമസ്**
**നിരപ്പുകാലായിൽ**
ഡയറക്ടർ

# KCSL

**കോവിഡ് ഭീതിക്കു മുമ്പ്**

കോവിഡ് ഭീതി പുത്തൻ വിദ്യാലയവർഷത്തെ ബാധിക്കില്ലെന്ന ശുഭാപ്തിവിശ്വാസത്തോടെ KCSL പുതിയ പ്രവർത്തനവർഷത്തേക്ക് പ്രവേശിക്കുന്നു. ക്യാമ്പുകളും സെമിനാറുകളും കലോത്സവവും ഈ വർഷം പുനരാരംഭിക്കുന്നു. മെമ്പർഷിപ്പ് ചാരിറ്റി വിതരണം എന്നിവ ഈ വർഷം നടത്താനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**മെമ്പർഷിപ്പ്**

ഒരു വിദ്യാലയത്തിലെ എല്ലാ കത്തോലിക്കാ വിദ്യാർത്ഥികളും KCSL അംഗങ്ങളാണ്. മെമ്പർഷിപ്പ് ഫീ ഒരു വിദ്യാർത്ഥിക്ക് ഒരു വർഷത്തേക്ക് 10 രൂപയാണ്. മെമ്പർഷിപ്പ് തുക പിരിച്ച് ആനിമേറ്റർമാർ അതിരൂപതയിൽ എല്പിക്കണം.

**ഈ വർഷത്തെ പഠനവിഷയങ്ങൾ**

1. അമ്മയായ ഭൂമി – റവ. ഡോ. സ്റ്റാൻലി മാതിരപ്പിള്ളി
2. കാർഡിനൽ ന്യൂമാൻ നിത്യശാന്തിയുടെ പ്രവാചകൻ – സിപ്പി പള്ളിപ്പുറം

പുസ്തകങ്ങളുടെ PDF കോപ്പി ബ്ലോഗിൽ കൊടുത്തിട്ടുണ്ട്. പുസ്തകം പ്രിന്റ് ചെയ്ത് ലഭിക്കുന്ന മുറയ്ക്ക് ആനിമേറ്റർമാർക്ക്

കൊണ്ടു പോകാവുന്നതാണ്.

**2022–2023 വർഷത്തെ കെ.സി.എസ്.എൽ അതിരൂപതാതല പ്രവർത്ത നങ്ങൾ**

1. 24–06–2022 വെള്ളി അതിരൂപതാ ആനിമേറ്റേഴ്സ് സംഗമം, വിദ്യാർത്ഥി ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്, പ്രവർത്തനോദ്ഘാടനം. തൃശൂർ അതിരൂപതാ ഫാമിലി അപ്പസ്തോലേറ്റിൽ വച്ച് ഉച്ചയ്ക്ക് 1.30 PM
2. 18–08–2022 വ്യാഴം മദർതെരേസദിനം – അതിരൂപതാ ശില്പശാല തൃശൂർ സെന്റ് തോമസ് കോളെജ് HSSൽ കാലത്ത് 9.30 AM
3. 21–9–2022 ബുധൻ അതുരാപതാ സാഹിത്യോത്സവം തൃശൂർ സെന്റ് തോമസ് കോളെജ് HSSൽ കാലത്ത് 9.30 AM
4. 8–10–2022 ശനി അതിരൂപതാ കലോത്സവം തൃശൂർ സെന്റ് തോമസ് കോളേജിൽ വച്ച് കാലത്ത് 9.30 AM
5. അതിരൂപതാ വാർഷികം 2023 ജനുവരി മാസത്തിൽ – തിയ്യതിയും സ്ഥലവും പിന്നീട് അറിയിക്കും.

**അതിരൂപതാ ശില്പശാല മദർ തെരേസാദിനം**

ഈ പ്രവർത്തനവർഷത്തെ മദർ തെരേസദിനവും ശില്പശാലയും ഓഗസ്റ്റ് 18ന് കാലത്ത് 9.30ന് തൃശൂർ സെന്റ് തോമസ് കോളെജ് HSSൽ വച്ച് നടത്തുന്നു. ചാരിറ്റി കളക്ഷനുള്ള ഫോമുകൾ അന്ന് വിതരണം ചെയ്യുന്നു. വിശദവിവരങ്ങൾ ബ്ലോഗിൽ നൽകുന്നതാണ്.

കലാസാഹിത്യോത്സവ ഫോമുകൾ പൂരിപ്പിച്ച് നൽകേണ്ട അവസാന ദിവസവും അന്നുതന്നെ. മറക്കരുത്.

മെമ്പർഷിപ്പ് ഫീ അടച്ചു തീർക്കാൻ ബാക്കിയുള്ളവർ അന്നു തന്നെ അത് നൽകണം.

ആശംസകളോടെ

**ഫാ. ജോയ് അടമ്പുകുളം**
*ഡയറക്ടർ*

# ഫ്രാൻസിസ്കൻ അൽമായ സഭ



ഫ്രാൻസിസ്കൻ അൽമായ സഭ അതിരൂപത എക്സിക്യൂട്ടീവ് യോഗം മെയ് 25 ബുധനാഴ്ച 4മണിക്ക് പൂത്തോൾ കാൽവരി ആശ്രമത്തിൽ നടന്ന യോഗത്തിൽ അതിരൂപത ഡയറക്ടർ റവ. ഫാ. ആന്റണി തെക്കിനിയത്ത് OFM. Cap. അദ്ധ്യക്ഷത വഹിച്ചു. അതിരൂപത പ്രസി

ഡന്റ് ജോസ് പീറ്റർ സ്വാഗതവും രൂപത ട്രഷറർ ടി. കെ. ഡേവീസ് വരവ് ചിലവ് കണക്കും സെക്രട്ടറി സണ്ണി വടക്കൻ റിപ്പോർട്ടും അവതരിപ്പിച്ചു. പി.വി. ഔസേപ്പ്, റവ. സി. ഷാരോൺ തെരേസ FCC എന്നിവർ പ്രസംഗിച്ചു.

ജൂലായ് 2 ശനിയാഴ്ച കുറുമാൽ ധ്യാനകേന്ദ്രത്തിൽ വെച്ച് SFO യുടെ അതിരൂപതാ ദിനം രാവിലെ 9 മുതൽ 4 മണി വരെ ആചരിയ്ക്കുവാൻ തീരുമാനിച്ചു. പ്രസ്തുത യോഗം അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവ് ഉദ്ഘാടനം ചെയ്യും. കപ്പൂച്ചിൻ സഭ പ്രൊവിൻഷ്യൽ ഫാ. പോളി മാടശ്ശേരി, FCC പ്രൊവിൻഷ്യൽ സി. ലിറ്റി മരിയ MMB പ്രൊവിൻഷ്യൽ ബ്രദർ ജോസ് ചുങ്കത്ത്, ഡോ. ജെറി ജോസഫ് എന്നിവർ ആശംസകൾ നേരും. വിവിധ റീജിയനിലെ കലാപരിപാടികൾ , 50 വർഷമായ SFO അംഗങ്ങളെ ആദരിയ്ക്കൽ, വി. കുര്ബാന എന്നിവ ഉണ്ടായിരിക്കും.

രൂപതയിലെ 90 പള്ളികളിൽ സ്ഥാപിതമായ SFO യൂണിറ്റുകളിലെ പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് കാനോനിക സന്ദർശനങ്ങൾ, വ്രതവാഗ്ദാനം, അർത്ഥി സ്വീകരണം സഭാവസ്ത്ര സ്വീകരണം എന്നിവ സെപ്തംബർ മാസത്തോടെ തീർക്കാൻ തീരുമാനിച്ചു.
യോഗത്തിന് തൃശൂർ റീജിയൻ പ്രസിഡന്റ് ഷാജു കോട്ടപറമ്പിൽ നന്ദി രേഖപ്പെടുത്തി.

**റവ. ഫാ. ആന്റണി തെക്കിനിയത്ത്** — **ജോസ് പീറ്റർ**
ഡയറക്ടർ — പ്രസിഡന്റ്

# സി.എൽ.സി.

**ദിശ 2022**

തൃശ്ശൂർ അതിരൂപത സി. എൽ. സിയും ദീപിക ദിനപത്രവും സംയുക്തമായി ഒരുക്കിയ 'ദിശ 2022' മെഗാ കരിയർ ഗൈഡൻസ് എക്സ്പോ മെയ് 29 ഡി. ബി. സി. എൽ. സിയിൽ വച്ച് നടത്തപ്പെടുകയുണ്ടായി. തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉദ്ഘാടനം നിർവഹിച്ച ചടങ്ങിൽ അഞ്ഞൂറിലേറെ വിദ്യാർത്ഥികൾ പങ്കെടുക്കുകയുണ്ടായി. ഫാ. റാഫേൽ ആക്കാമറ്റത്തിൽ സ്വാഗത പ്രസംഗം നടത്തി.

തുടർന്ന് ജ്യോതിസ് മോഹൻ, ടോമി ചെറിയാൻ, ഫാ. റോയ് വടക്കൻ, ജ്യോതി അജീഷ്, കവിത എസ് നായർ, ദിലീപ് രാധാകൃഷ്ണൻ, ഡോ. ലക്ഷ്മി ബായ് പി. എസ് എന്നിവർ വിദ്യാർത്ഥികൾക്കായി ക്ലാസുകൾ എടുക്കുകയും പലതരത്തിലുള്ള സ്കോളർഷിപ്പുകളെ പരിചയപ്പെടുത്തുകയും പഠന സഹായത്തിന് ആവശ്യമായ വിവിധ തരം ലോണുകളെപറ്റിയും വിദേശ പഠന സാധ്യതകളെപറ്റിയും വിവരിക്കുകയും ചെയ്തു. നിരവധി സ്റ്റാളുകളും നറുക്കെടുപ്പ് പദ്ധതികളും അവർക്കായി ഒരുക്കിയിരുന്നു.

പ്രോഗ്രാമിന്റെ വർക്കിങ്ങ് കൺവീനറായ ജ്യോതിസ് ജെയിംസ് നന്ദി പറഞ്ഞു. പ്രോഗ്രാം കൺവീനർ ഫെസിൻ മാത്യു, പ്രമോട്ടർ ഫാ. ജിയോ തെക്കിനിയത്ത്, അസി. പ്രമോട്ടർ ഫാ. അൻവിൻ ചിറ്റിലപ്പിള്ളി, തൃശ്ശൂർ അതിരൂപത സി. എൽ. സി. പ്രസിഡന്റ് ഡോംസൺ സൈമൺ, ആനിമേറ്റർ സി. ജ്യോതിസ്, വൈസ് പ്രസിഡന്റ് അനിറ്റ ആന്റണി, ട്രഷറർ അജിത് വർഗീസ് തുടങ്ങിയവർ സന്നിഹിതരായിരുന്നു.

ഇതിനോട് അനുബന്ധിച്ച് രണ്ടാം ദിവസം യുവ നർത്തകർക്കായി നടത്തിയ 'തനക്ക് 2022' യൂത്ത് ഡാൻസ് കോംപറ്റീഷനിൽ പ്രശസ്ത നർത്തകനായ സുഹൈദ് കുക്കു മുഖ്യാതിഥിയായി. തുടർന്ന് നടന്ന സമാപന സമ്മേളനത്തിൽ തൃശ്ശൂർ അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ അധ്യക്ഷത വഹിക്കുകയും ചെയ്തു.

**അതിരൂപത സി.എൽ.സി പരിസ്ഥിതിദിനം പുത്തൂരിൽ ഹരിതാഭമായി**

തൃശ്ശൂർ അതിരൂപത സി എൽ സി പരിസ്ഥിതി ദിനാഘോഷം പുത്തൂർ സെന്റ് തോമസ് ഫൊറോന ദേവാലയത്തിൽ ഫൊറോന വികാരി ഫാ. ചാക്കോ ചെറുവത്തൂർ ഉദ്ഘാടനം നിർവഹിച്ചു. കേവലം മരം നടൽ എന്നതിനപ്പുറം അതിന്റെ പരിപാലനവും പരിസ്ഥിതി ശുചീകരണവുമായിരിക്കണം നമ്മുടെ ആപ്തവാക്യം എന്ന് അതിരൂപത പ്രൊമോട്ടർ ഫാ. ജിയോ തെക്കിനിയത്ത് ഓർമ്മപ്പെടുത്തി. പരിസ്ഥിതി സംരക്ഷണത്തിന് മതിയായ പ്രാധാന്യം അതിരൂപത സി എൽ സി പ്രവർത്തനങ്ങളിൽ നൽകാറുണ്ട് എന്ന് അതിരൂപത പ്രസിഡന്റ് ഡോംസൺ സൈമൺ അഭിപ്രായപ്പെട്ടു. പരിസ്ഥിതി ദിന സന്ദേശം കാർഷിക സർവകലാശാല റിട്ടേഡ് പ്രൊഫസർ ഡോ. എൽസി സി.ആർ നൽകി. മീറ്റിങ്ങിനു ശേഷം മരോട്ടിചാ ലിലേയ്ക്ക് പരിസ്ഥിതി ദിന യാത്ര നടത്തി. അസോസിയേറ്റ് പ്രമോട്ടർ ഫാ. ഫ്രജോ വാപ്പിള്ളി, അസിസ്റ്റന്റ് പ്രമോട്ടർ ഫാ. അനുവിൻ ചിറ്റിലപ്പിള്ളി കൺവീനർ നൈബിൻ, സെക്രട്ടറി ഫെസിൻ മാത്യൂ എം, ട്രഷറർ അജിത്ത് വർഗീസ്, അതിരൂപത വൈസ് പ്രസിഡന്റുമാരായ ജെറിൻ ജോസ്, അനിറ്റ ആന്റണി, അതിരൂപത ജോ

യിന്റ് സെക്രട്ടറി ആൻ ശ്ലെണ്ട, അതിരൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ, ഫൊറോനഇടവക സി എൽ സി ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

**ഫാ. ജിയോ തെക്കിനിയത്ത്**
പ്രൊമോട്ടർ

**ഫാ. അൻവിൻ ചിറ്റിലപ്പിള്ളി**
അസി. പ്രൊമോട്ടർ

**ഡോംസൺ സൈമൺ**
പ്രസിഡന്റ്

# ജീസസ് യൂത്ത്

### സോണൽ ഇവാലുവേഷൻ മീറ്റിംഗ്

2021–23 കാലഘട്ടത്തിലേക്കായി തിരഞ്ഞെടുക്കപ്പെട്ട എല്ലാ സബ്സോണിലേയും മിനിസ്ട്രികളിലേയും വിവിധ ടീമുകളിലേയും സർവ്വീസ് ടീം അംഗങ്ങൾക്കായി തൃശ്ശൂർ ജീസസ് യൂത്ത് സോണൽ കൗൺസിലിന്റെ നേതൃത്വത്തിൽ ZEM (സോണൽ ഇവാലുവേഷൻ മീറ്റിംഗ്) എന്ന പേരിൽ 3 ദിവസങ്ങളിലായി കുരിയച്ചിറ സെന്റ് പോൾസ് സ്കൂളിൽ വെച്ച് മെയ് 13,14,15 തിയ്യതികളിലായി ഇവാലുവേഷൻ മീറ്റിംഗ് നടത്തുകയുണ്ടായി.

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉദ്ഘാടനം നിർവ്വഹിച്ചു. 2022 മെയ് 7നു പ്രഥമ വ്രതവാഗ്ദാനം ചെയ്ത ജീസസ് യൂത്തിന്റെ ദീർഘകാല സജീവ അംഗവും ഒല്ലൂർ ഇടവകാംഗവുമായ സി.ആൽമിയ നെല്ലങ്കര ഡി.എസ്.ടി. യെ പരിപാടിക്കിടയിൽ അഭിവന്ദ്യ പിതാവ് ഉപഹാരം നൽകി അനുമോദിക്കുകയുണ്ടായി. ഒരു വർഷത്തെ തങ്ങളുടെ പ്രവർത്തനങ്ങളെ വിലയിരുത്തുവാനും സോണൽ ഫോക്കസിനോട് ചേർന്നുകൊണ്ട് കൂടുതൽ പദ്ധതികൾ ആസൂത്രണം ചെയ്യുവാനും സർവ്വീസ് ടീം അംഗങ്ങൾക്ക് സാധിച്ചു. കൂടാതെ 'ദിവ്യകാരുണ്യത്തിന്റെ വാനമ്പാടി' എന്നറിയപ്പെടുന്ന ക്യാൻസർ ബാധിച്ചു മരിച്ച അജ്ന എന്ന ജീസസ് യൂത്ത് ചെറുപ്പക്കാരിയുടെ ജീവതത്തെ ആസ്പദമാക്കി അജ്നയുടെ ആത്മസുഹൃത്ത് ജിത്ത് ജോസപ്പും ടീമും അവതരിപ്പിച്ച സ്കിറ്റ് ഏറെ ഹൃദയസ്പർശിയായിരുന്നു.

കേരള ജീസസ് യൂത്ത് കൗൺസിൽ അംഗം ഡോ. അലീന മേരി പോളും, തൃശ്ശൂർ അതിരൂപത യൂത്ത് മിനിസ്ട്രി ഡയറക്ടർ ബഹു. ഫാ.ലിൻസൺ തട്ടിലും, തൃശ്ശൂർ ജീസസ് യൂത്ത് ഡയറക്ടർ ബഹു. ഫാ.ബാസ്റ്റ്യൻ പുന്നോലിപ്പറമ്പിലും ജീസസ് യൂത്ത് തൃശ്ശൂർ സോണൽ കോർഡിനേറ്റർ ബ്രിട്ടോ മൈക്കിളും സബ്സോൺ/മിനിസ്ട്രി ആനിമേറ്റേഴ്സും, നൂറോളം വരുന്ന ലീഡർമാരും ഈ പ്രോഗ്രാമിൽ സന്നിഹിതരായിരുന്നു. ജനറൽ കോർഡിനേറ്റർ ആഷിക് എം.എസ് സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

**റീ കമ്മിറ്റ്മെന്റ് ഡേ 2022**

ലോകമെമ്പാടുമുള്ള എല്ലാ ജീസസ് യൂത്തിനോടും ചേർന്ന്കൊണ്ട് ജൂൺ 5, പന്തക്കുസ്താദിനത്തിൽ ജീസസ് യൂത്ത് തൃശ്ശൂർ സോണൽ കൗൺസലിന്റെ ആഭിമുഖ്യത്തിൽ തൃശ്ശൂരിലെ എല്ലാ ജീസസ് യൂത്തും ചേറൂർ വിമല കോളേജിൽ ഉച്ചക്ക് 2 മുതൽ 5.30 വരെ ഒരുമിച്ചുകൂടുകയും സമർപ്പണ -പുന:സമർപ്പണം നടത്തുകയും ചെയ്തു. തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് പരിപാടി ഉദ്ഘാടനം ചെയ്യുകയും ഡിസംബറിൽ നടക്കാനിരിക്കുന്ന ജീസസ് യൂത്ത് കേരള ഫാമിലി കോൺഫറൻസ് 2022 ലോഞ്ച് ചെയ്യുകയും ലോഗോ പ്രകാശനം നിർവ്വഹിക്കുകയും ചെയ്തു.

ജീസസ് യൂത്ത് തൃശ്ശൂർ സോണൽ കൗൺസിൽ എൽഡൽ ജോബി ടി.എ പ്രെയ്സ് & വർഷിപ്പ് നടത്തുകയും മുൻ ഇന്റർനാഷ്ണൽ ജീസസ് യൂത്ത് കോർഡിനേറ്ററും ഇപ്പോഴത്തെ ഇന്റർനാഷ്ണൽ വിഷൻ ഫോറം മെമ്പറുമായ ജോർജ്ജ് ദേവസ് ക്ലാസ് നയിക്കുകയും ചെയ്തു. തൃശ്ശൂർ ജീസസ് യൂത്ത് അസി.ഡയറക്ടർ ബഹു.ഫാ.ഡെന്നി ചിറയത്ത് ദിവ്യകാരുണ്യ ആരാധനക്കു നേതൃത്വം കൊടുക്കുകയും ജീസസ് യൂത്ത് ഡയറക്ടർ ബഹു. ഫാ.ബാസ്റ്റ്യൻ പുന്നോലിപറമ്പിൽ സമർപ്പണ-പുന: സമർപ്പണ പ്രാർത്ഥനകൾക്ക് നേതൃത്വം നൽകുകയും ചെയ്തു. ആയിരത്തോളം പേർ അണിനിരന്ന ചടങ്ങിൽ 800 പേരോളം സമർപ്പണ-പുന:സമർപ്പണം നടത്തുകയുണ്ടായി.

തൃശ്ശൂർ ജീസസ് യൂത്ത് സോണൽ കോർഡിനേറ്റർ ബ്രിട്ടോ മൈക്കിളും വിവിധ കോൺഗ്രിഗേഷനിൽ നിന്നുമായി ഇരുപതോളം സിസ്റ്റേഴ്സും സന്നിഹിതരായിരുന്നു. ജനറൽ കോർഡിനേറ്റർ ഗ്ലോറി ടി.പോൾസൺ സഹകരിച്ച് എല്ലാവർക്കും നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

മധ്യസ്ഥപ്രാർത്ഥനയുടെ ഭാഗമായി പ്രോഗ്രാമിന് മുന്നോടിയായി സബ്സോൺ തലത്തിൽ 9 ദിവസത്തെ പരിശുദ്ധാത്മാവിന്റെ നൊവേന,

എല്ലാ ആഴ്ചയിലും ചൊവ്വാഴ്ച കൂട്ടായ്മയോട് ചേർന്ന് ആരാധന, ചെയിൻ ഫാസ്റ്റിംഗ്, ജെറിക്കോ പ്രാർത്ഥന, അഖണ്ഡ ജപമാല തുടങ്ങിയവയും കൂടാതെ അന്നേദിവസം മുഴുവൻ സമയവും ആരാധനയും നടത്തി ഒരുങ്ങിയത് വേറിട്ട ഒരനുഭവം തന്നെ സമ്മാനിച്ചു.

**ബ്രിട്ടോ മൈക്കിൾ**
കോർഡിനേറ്റർ

**ഫാ. ബാസ്റ്റ്യൻ പുന്നോലിപ്പറമ്പിൽ**
ഡയറക്ടർ

**സുവർണ്ണ ജൂബിലി സ്വാഗതസംഘം രൂപീകരിച്ചു**

തൃശ്ശൂർ കലാസദൻ സുവർണ്ണ ജൂബിലിയുടെ പരിപാടികൾക്കായി സുവർണ്ണ ജൂബിലി സ്വാഗതസംഘം സംഘം രൂപീകരിച്ചു. 2022 മെയ് 21 ന് തൃശൂർ പാസ്റ്റർ സെന്റർ ഹാളിൽ കലാസദൻ പ്രസിഡണ്ട് ഡോക്ടർ ഇഗ്നേഷ്യസ് ആന്റണിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കലാസദൻ അംഗങ്ങളും മുൻ ഭാരവാഹികളും പ്രവർത്തകരും അഭ്യുദയകാംക്ഷികളും സ്ഥാപന സംഘടന ഭാരവാഹികളും കലാകാരൻമാരും തൃശ്ശൂരിലെ കലാ സാംസ്കാരിക പ്രവർത്തകരും പങ്കെടുത്തു.

**ലഘുനാടകം അരങ്ങേറി**

ഒല്ലൂർ സെന്റ് വിൻസെന്റ് ഡി പോൾ സംഘടനയുടെ വാർഷിക ജനറൽബോഡിയോടനുബന്ധിച്ച് തൃശ്ശൂർ കലാസദന്റെ ലഘുനാടകം അരങ്ങേറി. 2022 ജൂൺ 5 ന് ലൊങ്കിനോസ് ദൈവത്തിന്റെ പടയാളി എന്ന ലഘുനാടകം ആണ് അരങ്ങേറിയത്. കലാസദൻ സെക്രട്ടറി ഫാദർ ഫിജോ ആലപ്പാടനാണ് നാടകത്തിന്റെ രചനയും സംവിധാനവും നിർവഹിച്ചത്.

**ഡോ. ഇഗ്നേഷ്യസ് ആന്റണി**
പ്രസിഡണ്ട്

**ഫാ. ഫിജോ ആലപ്പാടൻ**
സെക്രട്ടറി

# അതിരൂപതാ ഏകോപനസമിതി

തൃശൂർ അതിരൂപത ഭക്തസംഘടനകളുടെയും പ്രസ്ഥാനങ്ങളുടെയും ഏകോപനസമിതി സെക്രട്ടറിയായി ഡോ. ടോണി ജോസഫ്, ജോ. സെക്രട്ടറിമാരായി എൽസി വിൻസന്റ്, ജോർജ്ജ് ചിറമ്മൽ എന്നിവരെയും തെരഞ്ഞെടുത്തു.

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് അധ്യക്ഷനായിരുന്നു. സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ മുഖ്യപ്രഭാഷണം നടത്തി. വികാരി ജനറാൾമാരായ മോൺ. ജോസ് വല്ലൂരാൻ, മോൺ.ജോസ് കോനിക്കര, ചാൻസലർ ഫാ. ഡൊമിനിക് തലക്കോടൻ, വൈസ് ചാൻസലർ ഫാ. ഡൈജോ പൊറുത്തൂർ, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. മേരി റെജീന, ഏകോപന സമിതി മുൻ സെക്രട്ടറി എ. എ. ആന്റണി, മുൻജോയിന്റ് സെക്രട്ടറിമാരായ കരോലിൻ ജോഷ്വ, ജോമി ജോസഫ്, സെക്രട്ടറി ഡോ. ടോണി ജോസഫ് തുടങ്ങിയവർ പ്രസംഗിച്ചു.

**ഡോ. ടോണി ജോസഫ്**
ഏകോപനസമിതി സെക്രട്ടറി

**നിന്നെ ഏൽപ്പിച്ചിരിക്കുന്ന നല്ല നിക്ഷേപങ്ങൾ നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവിന്റെ ശക്തിയാൽ കാത്തുസൂക്ഷിക്കുക.**

***(2 തിമോ. 1:14)***

# പാസ്റ്ററൽ കൗൺസിൽ യോഗം

**പതിനെട്ടാം പാസ്റ്ററൽ കൗൺസിൽ മൂന്നാം യോഗ റിപ്പോർട്ട്**

തൃശ്ശൂർ അതിരൂപതയിലെ 18-ാം പാസ്റ്റൽ കൗൺസിൽ മൂണ്ടാം യോഗം 2022 ജൂൺ 4 ശനി രാവിലെ 9:30 മുതൽ ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ നടന്നു. 9:30ന് രജിസ്ട്രേഷൻ ആരംഭിച്ചു. സി. ജിയോ മരിയ സി. എസ്. എം. നയിച്ച പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. വികാരി ജനറാൾ ഫാ. ജോസ് കോനിക്കര ജൂനിയർ ഏവരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു. രണ്ടാം യോഗറിപ്പോർട്ട് ജോ. സെക്രട്ടറി എൻ. പി. ജാക്സൺ അവതരിപ്പിച്ചു. യോഗം റിപ്പോർട്ട് പാസ്സാക്കി. തുടർന്ന് 'സമകാലികസഭ ചില പ്രതികരണങ്ങൾ' എന്ന വിഷയത്തെ ആസ്പദമാക്കി ജാക്സൺ മാസ്റ്റർ വിഷയാവതരണം നടത്തി. ശേഷം സമകാലികസഭയിലെ വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും പ്രതികരണങ്ങൾ അതിരൂപത മതബോധന ഡയറക്ടർ ഡോ. ഫ്രാൻസിസ് ആളൂർ അവതരിപ്പിച്ചു. സാമൂഹിക-രാഷ്ട്രീയ മേഖലകളിലെ പ്രതികരണങ്ങൾ അഡ്വ. ബിജു കുണ്ടുകുളം അവതരിപ്പിച്ചു. തുടർന്ന് ഈ വിഷയങ്ങളിന്മേലുള്ള പൊതു ചർച്ചയായിരുന്നു. ചർച്ചകൾക്ക് മാർ ടോണി നീലങ്കാവിൽ മോഡറേറ്ററായിരുന്നു. ചർച്ചകൾക്കു ശേഷം വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാൻ അറിയിപ്പുകൾ നൽകി.

അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് കത്തോലിക്ക കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ പുറത്തിറങ്ങുന്ന EWS പോസ്റ്ററിന്റെ പ്രകാശനകർമ്മം നിർവഹിച്ചു. തുടർന്ന് ശൂന്യവേളയായിരുന്നു. ശൂന്യവേളയിൽ ഉയർന്നുവന്ന ചോദ്യങ്ങൾക്ക് മാർ ആൻഡ്രൂസ് താഴത്ത് അധ്യക്ഷപ്രസംഗത്തിലൂടെ മറുപടി നൽകി. സ്വത്വബോധത്തോടെ നീങ്ങണമെന്നും അത് ഇല്ലാത്തവരാണ് മറ്റ് വിധ്വംസക മേഖലകളിലേക്ക് ചേക്കേറുന്നത് എന്നും അതിനാൽ ജാഗ്രതയോടെ മുന്നോട്ടു പോകണമെന്നും അഭിവന്ദ്യപിതാവ് യോഗത്തെ ഓർമ്മപ്പെടുത്തി. തുടർന്ന് അജണ്ടകമ്മറ്റിയംഗം ഡോ. ടോണി ജോസഫ് യോഗത്തിന് നന്ദി രേഖപ്പെടുത്തി. സമാപനപ്രാർത്ഥനയോടെ ഉച്ചക്ക് 1:30ന് യോഗം സമാപിച്ചു.



**ഫാ. ഡൊമിനിക് തലക്കോടൻ**
ചാൻസലർ & ജനറൽ സെക്രട്ടറി

# കരുണട്രസ്റ്റ് വിദ്യാഭ്യാസ സഹായത്തിന് അപേക്ഷ ക്ഷണിച്ചു.

അതിരൂപത കരുണട്രസ്റ്റ് വിവിധ തൊഴിലധഷ്ഠിത കോഴ്സുകൾ പഠിക്കുന്നതിന് വർഷംതോറും നല്കി വരുന്ന സഹായത്തിനു അപേക്ഷകൾ ക്ഷണിച്ചു. ജനറൽ നഴ്സിങ്ങ്, എം.ടി.ഐ., പോളിടെക്നിക്ക്, ഐ. ടി.സി., പരാമെഡിക്കൽ, ലാബ് ടെക്നീഷ്യൻ, ടി.ടി.ഐ., ബി.എഡ് തുടങ്ങിയ കോഴ്സുകളാണ് ഉദ്ദേശിക്കുന്നത്. ജാതിഭേദമന്യേ നല്കുന്ന സഹായത്തിന് തൃശ്ശൂർ അതിരൂപതയിലെ ഇടവക പള്ളി വികാരിയുടെ ശുപാർശയോടെ അതിരൂപത സാമ്പത്തിക കാര്യലയത്തിൽ 2022 ആഗസ്റ്റ് 20ന് മുമ്പ് അപേക്ഷിക്കേണ്ടതാണ്. അപേക്ഷ ഫോം 2022 ജൂലായ് 4 മുതൽ അതിരൂപത സാമ്പത്തിക കാര്യലയത്തിൽ നിന്നും, online ആയി അതിരൂപത വൈബ് സൈറ്റിൽ (www.trichurarchiocese.org/download) നിന്നും ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫാ. ഡൈജോ പൊറുത്തൂർ, സെക്രട്ടറി, കരുണാട്രസ്റ്റ്, ആർച്ച്ബിഷപ്പ്സ് ഹൗസ്, തൃശ്ശൂർ 680 005, (ഫോൺ: 0487 2333325) എന്ന വിലാസത്തിൽ ബന്ധപ്പെടേണ്ടതാണ്.

ഫാ. ഡൈജോ പൊറുത്തൂർ
സെക്രട്ടറി

**ദൈവത്തിന്റെ പ്രവർത്തികളെല്ലാം ശാശ്വതമാണെന്നു ഞാൻ അറിയുന്നു. അതിനോടു എന്തെങ്കിലും കൂട്ടാനോ അതിൽനിന്ന് എന്തെങ്കിലും കുറയ്ക്കാനോ സാധ്യമല്ല.**
*(സഭാ. 3:14)*



ജൂലൈ 23ന്

ജന്മദിനം ആഘോഷിക്കുന്ന അഭിവന്ദ്യ

**മാർ ടോണി നീലങ്കാവിൽ പിതാവിന്**

തൃശൂർ അതിരൂപതയുടെ പ്രാർഥനാശംസകൾ

Registered R.N.I. No. 27348/1975
KL/TCR/275/2021-2023
KL/CR/TCR/WPP-11/2021-23
Licensed to Post Without Prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.06.2022
**July- 2022**

## തൃശ്ശൂർ അതിരൂപതാദിനം (1887-2022)
### അർണ്ണോസ് നഗർ, വേലൂർ








ഡോ. ഫാ. ഫ്രാൻസിസ് ആലപ്പാട്ട്


സി. അൽഫോൻസ് ജയ എഫ്. സി. സി.


അഡ്വ. ബിജു കുണ്ടുകുളം


കരുണയുടെ ദൂതന്മാർ


ശ്രീ. പി. ഡി. ഫ്രാൻസിസ്

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor